# കേരള സർക്കാർ
# രജിസ്ട്രേഷൻ വകുപ്പ്



# വിഷൻ 2031

## സ്മാർട്ട് പേപ്പർലെസ് ഇൻക്ലൂസീവ് രജിസ്ട്രേഷൻ










സബ് രജിസ്ട്രാരുടെ കാര്യാലയം
കൊട്ടായി
OFFICE OF THE SUB REGISTRAR
KOTTAYI

# ഉള്ളടക്കം

## ഭാഗം -1 ചരിത്രവും വർത്തമാനവും


ആമുഖം: 01

രജിസ്ട്രേഷൻ വകുപ്പിന്റെ ചരിത്രം. 02

രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം. 05

സമീപകാലത്തെ നേട്ടങ്ങൾ. 07

പുതിയ കാലത്തിലേക്ക് ചുവടു വയ്ക്കുമ്പോൾ. 12


## ഭാഗം 2- വിഷൻ 2031 വികസന സെമിനാർ.


സെമിനാർ -1 , രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവത്കരണം 18

രജിസ്ട്രേഷൻ പ്രക്രിയകളുടെ ഡിജിറ്റലൈസേഷൻ 19

ഡിജിറ്റൽ ഡാറ്റാ സുരക്ഷയും ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യയും രജിസ്ട്രേഷൻ രംഗത്ത്. 22

രജിസ്ട്രേഷൻ നടപടികളിൽ നിർമ്മിത ബുദ്ധിയുടെ സാദ്ധ്യതകൾ 27

ഡിജിറ്റൽ പ്രക്രിയകളുടെ നിയമ സാധുത. രജിസ്ട്രേഷൻ നിയമവും ഐടി ആക്റ്റും 32

സെമിനാർ -2, പൗരകേന്ദ്രീകൃത രജിസ്ട്രേഷൻ 36

ഭിന്നശേഷി സൗഹൃദ രജിസ്ട്രേഷൻ നിയമവും സമീപനവും 37

പൗര കേന്ദ്രീകൃത രജിസ്ട്രേഷൻ - ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ പ്രസക്തി. 41

കേരള സമ്പദ്ഘടനയിൽ രജിസ്ട്രേഷൻ വകുപ്പിന്റെ പങ്ക് 46

ഡ്രാഫ്റ്റ് രജിസ്ട്രേഷൻ ബിൽ, 2025 — ഒരു അവലോകനം 49


## ഭാഗം -3 രജിസ്ട്രേഷൻ വകുപ്പിന്റെ വികസന പരിപ്രേക്ഷ്യം - സ്മാർട്ട്- പേപ്പർലെസ്- ഇൻക്ലൂസീവ് രജിസ്ട്രേഷൻ.


ആമുഖം 55

ലക്ഷ്യം 56

സാങ്കേതികവിദ്യയും അടിസ്ഥാന സൗകര്യങ്ങളും 57

രജിസ്ട്രേഷൻ നടപടികളുടെ ഡിജിറ്റലൈസേഷൻ 58

ചിട്ടി രജിസ്ട്രേഷൻ 61

ഫേംസ്/ ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ 61

പൊതു വിഷയങ്ങൾ 62

ആധാരമെഴുത്തുകാരുടെ ലൈസൻസ് 62

ജീവനക്കാരുമായി ബന്ധപ്പെട്ട ശിപാർശകൾ 63

ഓഫീസ് കെട്ടിടങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ 63

## രജിസ്ട്രേഷൻ വകുപ്പ്

# വിഷൻ 2031



## സ്മാർട്ട് പേപ്പർലെസ് ഇൻക്ലൂസീവ് രജിസ്ട്രേഷൻ

സർക്കാർ വകുപ്പുകളിൽ ഏറ്റവും പഴക്കവും പാരമ്പര്യവുമുള്ളതാണ് രജിസ്ട്രേഷൻ. 1865 ൽ ബ്രിട്ടീഷ് ഇന്ത്യയിൽ ആദ്യമായി കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടിയിലാരംഭിച്ച രജിസ്ട്രേഷൻ സംവിധാനം ഇന്ന് സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സുകളിൽ പ്രമുഖവും പ്രധാനപ്പെട്ടതുമായി മാറിക്കഴിഞ്ഞിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പും കാലത്തിനൊപ്പം എന്ന മുഖ സന്ദേശവുമായി ആധുനിക സാങ്കേതിക വിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വകുപ്പിനെയാകെ ആധുനികവൽക്കരിച്ചു വരികയാണ്. സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണം, ഓൺലൈൻ ടോക്കൺ സമ്പ്രദായം, ആധാരപകർപ്പുകൾ, ബാധ്യതാ സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ ഓൺലൈൻ ആയി ലഭ്യമാക്കൽ, ഓൺലൈൻ ഗഹാൻ രജിസ്ട്രേഷൻ പോക്കുവരവ് വിവരങ്ങൾ ഓൺലൈനായി റവന്യൂവകുപ്പിന് കൈമാറൽ, മുദ്രപത്രങ്ങൾക്ക് ഇസ്റ്റാമ്പിംഗ്, ക്യാഷ് ലെസ് ഓഫീസുകൾ എന്നിവ ഇതിനകം നടപ്പിലാക്കി കഴിഞ്ഞു. അതോടൊപ്പം തന്നെ അടിസ്ഥാന സൗകര്യവികസനത്തിലും വലിയ രീതിയിലുള്ള മാറ്റങ്ങളുണ്ടായി.

പ്രത്യേകിച്ച്, കഴിഞ്ഞ ഒമ്പതര വർഷക്കാലത്തിനിടയിലുണ്ടായ അഭൂതപൂർവ്വമായ മാറ്റങ്ങൾ കേരളത്തിന്റെ ശക്തി ചൈതന്യമായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ വിഭാവനം ചെയ്ത നവകേരള സൃഷ്ടിക്കായുള്ള നിരവധി കർമ്മ പദ്ധതികളാണ് നാം ആവിഷ്ക്കരിച്ചു നടപ്പിലാക്കിയത്. ഒട്ടേറെ പ്രതിസന്ധികൾക്കും പ്രയാസങ്ങൾക്കുമിടയിലും ജനങ്ങളെയാകെ ചേർത്തു പിടിച്ചു കൊണ്ടുള്ള ജനകീയ മുന്നേറ്റത്തിലൂടെയാണ് സംസ്ഥാനം പുതിയ മാതൃകകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

ഇതിന്റെ തുടർച്ചയെന്നോണമാണ് സർക്കാറിന്റെ വിഷൻ 2031 ന്റെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പ് സ്മാർട്ട് പേപ്പർലെസ് ഇൻക്ലൂസീവ് രജിസ്ട്രേഷൻ എന്ന വികസന പരിപ്രേക്ഷ്യം അവതരിപ്പിക്കുന്നത്. അടുത്ത അഞ്ചുവർഷക്കാലത്തെ വകുപ്പിന്റെ വികസന ലക്ഷ്യങ്ങൾ സംബന്ധിച്ച അഭിപ്രായ ശേഖരണത്തിനും ആശയ രൂപികരണത്തിനുമായാണ് 2025 ഒക്ടോബർ 14ന് എറണാകുളം ജില്ലയിലെ വൈപ്പിനിൽ വിഷൻ 2031 എന്ന വിപുലമായ സെമിനാർ സംഘടിപ്പിച്ചത്.

ഇതിലൂടെ ലഭ്യമായ വിലപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉൾച്ചേർത്തു തയ്യാറാക്കിയ ഈ ദർശന രേഖ വകുപ്പിന്റെ ഭാവി വികസനത്തിനും വളർച്ചക്കും ശക്തമായ ദിശാബോധം നൽകുമെന്ന് പ്രത്യാശിക്കുന്നു. ഇത്തരത്തിൽ സമഗ്രവും സംക്ഷിപ്തവുമായ ഈ ദർശന രേഖ തയ്യാറാക്കുന്നതിൽ പങ്കാളികളായ എല്ലാവരെയും അഭിനന്ദിച്ചുകൊണ്ട് രജിസ്ട്രേഷൻ വകുപ്പിന്റെ വിഷൻ 2031 സ്മാർട്ട് പേപ്പർലെസ് ഇൻക്ലൂസീവ് രജിസ്ട്രേഷൻ സർക്കാരിലേക്കും പൊതുജന സമക്ഷവും സമർപ്പിക്കുന്നതിൽ നിറഞ്ഞ ചാരിതാർത്ഥ്യവും സന്തോഷവുമുണ്ട്.

**രാമചന്ദ്രൻ കടന്നപ്പള്ളി**

രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി

# ചരിത്രവും വർത്തമാനവും



# ആമുഖം

2031ൽ കേരള സംസ്ഥാനം രൂപീകരിച്ചിട്ട് 75 വർഷം പൂർത്തിയാകുകയാണ്. ഈ സാഹചര്യത്തിൽ കേരളത്തിന്റെ കഴിഞ്ഞകാല വളർച്ചയെ വിലയിരുത്തുന്നതിനും, ഭാവിവികസന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനും, 2031ൽ കേരളം എങ്ങനെയായിരിക്കണം എന്ന വിപുലമായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും വേണ്ടിയുള്ള ആശയങ്ങൾ ക്ഷണിക്കുന്നതിനായി 2025 ഒക്ടോബർ മാസത്തിൽ സംസ്ഥാനത്ത് 33 സെമിനാറുകൾ സംഘടിപ്പിക്കുന്നതിനായി മന്ത്രിസഭാ യോഗം തീരുമാനിക്കുകയുണ്ടായി. സർക്കാരിന്റെ വികസന കാഴ്ചപ്പാട് പൊതു ജന സമക്ഷം സമർപ്പിച്ച് അതാതു രംഗത്തെ വിദഗ്ധരിൽ നിന്നും ഉപയോക്താക്കളിൽ നിന്നും സാമാന്യ ജനങ്ങളിൽ നിന്നും ഓരോ വിഷയങ്ങളിന്മേലുള്ള അഭിപ്രായ നിർദ്ദേശങ്ങൾ സ്വീകരിച്ച് അത് ക്രോഡീകരിച്ച് വികസന കേരളത്തിന്റെ ഭാവിയെ സംബന്ധിച്ച പരിപ്രേക്ഷ്യം രൂപപ്പെടുത്തുക എന്നതായിരുന്നു ലക്ഷ്യം. ഇതിന്റെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പിന്റെ വിഷൻ 2031 സെമിനാർ എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജകമണ്ഡലത്തിന്റെ ഭാഗമായ കുഴുപ്പള്ളി സഹകരണ നിലയം ഓഡിറ്റോറിയത്തിൽ 14/10/2025ൽ നടക്കുകയുണ്ടായി.

കഴിഞ്ഞ ഒന്നര നൂറ്റാണ്ടിലേറെയായി കേരള ജനതയുടെ സാമൂഹ്യ ജീവിതത്തിലെ നിർണ്ണായക സാന്നിദ്ധ്യമാണ് രജിസ്ട്രേഷൻ വകുപ്പ്. സാധാരണ ജനങ്ങളെ സംബന്ധിച്ച് അവരുടെ വസ്തു ഇടപാടുകളുടെ രേഖകൾ രജിസ്റ്റർ ചെയ്തു സൂക്ഷിക്കുകയും ആവശ്യമുള്ളപ്പോൾ അതു സംബന്ധിച്ച വിവരം ആധികാരികമായി നൽകുകയും ചെയ്യുന്ന, അവർക്കായി വിവാഹങ്ങൾ, ചാരിറ്റബിൾ സംഘങ്ങൾ, ചിട്ടികൾ, പങ്കാളിത്ത സ്ഥാപനങ്ങൾ എന്നിവയെല്ലാം രജിസ്റ്റർ ചെയ്യുന്നതിനുള്ള സേവനം നൽകുന്ന സ്ഥാപനങ്ങളാണ് രജിസ്ട്രേഷൻ ഓഫീസുകൾ. രാജ്യം സ്വാതന്ത്ര്യം നേടുന്നതിനു മുമ്പേ തന്നെ ജനജീവിതത്തിന്റെ ഭാഗമായി കഴിഞ്ഞിരുന്ന ഈ സ്ഥാപനങ്ങൾ കേരള സംസ്ഥാനത്തിന്റെ രൂപീകരണത്തിനു ശേഷം പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾക്കുപരിയായി സർക്കാർ വരുമാനത്തിന്റെ ഒരു പ്രധാന സ്രോതസ്സായും പ്രവർത്തിക്കുന്നുണ്ട്. 2024-25 സാമ്പത്തിക വർഷം സംസ്ഥാന ഖജനാവിലേക്ക് 5,579 കോടി രൂപയാണ് രജിസ്ട്രേഷൻ വകുപ്പ് സംഭാവന ചെയ്തത്. ഈ വർഷം, അതായത് 2025-26ൽ, സെപ്റ്റംബർ മാസം വരെ ഏതാണ്ട് മുപ്പത്തിയൊമ്പതു ലക്ഷത്തോളം ഇടപാടുകളാണ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ പേൾ മുഖാന്തരം  നടന്നത് എന്നതിൽ നിന്നും പൊതുജനങ്ങളും വകുപ്പുമായുള്ള പാരസ്പര്യത്തിന്റെ തോത് വ്യക്തമാകുന്നു.

കേരളത്തിലെ ആദ്യത്തെ
സബ് രജിസ്ട്രാർ ഓഫീസ്
അഞ്ചരക്കണ്ടി കണ്ണൂർ



# രജിസ്ട്രേഷൻ വകുപ്പിന്റെ ചരിത്രം.

## കൊല്ലവർഷം 992ലെ വിളംബരം

പ്രധാനമായും വസ്തു സംബന്ധമായ കൈമാറ്റ രേഖകളുടെ ആധികാരികതയുമായി ബന്ധപ്പെട്ടാണ് മലയാള ഭൂമിയിൽ രജിസ്ട്രേഷൻ നടപടികളുടെ തുടക്കം. ആദ്യകാലത്ത്  സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ വാമൊഴി യായി നടന്നിരുന്ന വസ്തുകൈമാറ്റങ്ങൾ കാലക്രമേണ വെള്ളോലയിൽ എഴുതി സൂക്ഷിക്കുന്ന രീതിയിലേക്ക് പൊതുവേ മാറിയതായി കാണാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ എഴുതി സൂക്ഷിച്ചിരുന്ന വെള്ളോല കളിൽ വ്യാപകമായി കൃത്രിമം നടത്തിയിരുന്നതിനാൽ അത് തടയുന്നതു സംബന്ധിച്ച് കൊല്ലവർഷം 992 കുംഭം 5ാം തീയതി (എ. ഡി 1817 ഫെബ്രുവരി മാസം) അന്നു തിരുവിതാംകൂർ രാജ്യം ഭരിച്ചിരുന്ന റാണിപാർവ തിഭായി ഒരു വിളംബരം നടത്തിയിട്ടുള്ളതാണ്. "നിലം പുരയിടം ഉൾപ്പെട്ട ഭൂമി സംബന്ധമായ ഒറ്റിഓല, വിലയോല, ദാനഓല മുതലായ പ്രമാണങ്ങൾ കോർട്ടിൽ കൊണ്ടുവരുന്നതിൽ ചില ആധാരങ്ങൾ കള്ള ആധാരമായിട്ടു തെളിഞ്ഞു വരുന്നതു കൊണ്ടും മറ്റും മേലാൽ തർക്കവും വ്യാജവും നടക്കാതെ ഇരിക്കുന്ന തിനു വേണ്ടി മുദ്ര അടിച്ച ഓല എല്ലാ കോർട്ടുകളിലും കൊടുത്തയച്ചു കോർട്ടുകളിൽനിന്നും മണ്ടപത്തും വാതുക്കലേക്കു ഒന്നും രണ്ടും പിള്ളമാരേയും ആക്കി അച്ചടി ഓലയും കൊടുത്തയച്ചു ചട്ടം കെട്ടുന്നതാ ക കൊണ്ടു ആധാരം എഴുതിപ്പാൻ ആവശ്യമുള്ള ആളുകൾ മേലെഴുതിയ പിള്ളമാരുടെ അടുക്കൽ ചെന്നു അച്ചടിഓലയും വാങ്ങി പിള്ളമാരുടെ കയ്പട ആധാരങ്ങളും എഴുതിച്ചു മാസം തോറും എഴുതുന്ന ആധാരങ്ങൾക്കു കക്ഷികളുടെ ഊരും പേരും മാസം തീയതിയും വസ്തുവിൻറെ പേരും ദ്രവ്യസംഖ്യയും വച്ചു രജിസ്റ്റർ കണക്കിൽ പതിപ്പിച്ചു ആയതു കോടതികളിൽ കൊടുത്തയച്ചുകൊള്ളത്തക്കവണ്ണവും കോർട്ടുകാരു വാങ്ങിച്ചു സൂക്ഷിച്ചു കൊള്ളത്തക്കവണ്ണവും അതിന്മണ്ണമായാൽ അഗ്നിബാധകൊണ്ടും മറ്റും ഓരോ ഹേതുക്കൾകൊണ്ടും ആധാരം ചേതംവന്നുപോയാൽ പിന്നത്തതിൽ രജിസ്റ്റർകണക്കിൽ കണ്ടു ആ തീയതിക്കു ആധാരം എഴുതിച്ചുകൊള്ളുവാനും തർക്കം ശഠതകൾ വരാതെ ഇരിപ്പാനും എളുപ്പമായട്ടു ള്ളതാകകൊണ്ടും അപ്രകാരം അച്ചടിഓല വാങ്ങിച്ചു എഴുതിക്കുന്നതിനു പാട്ട ഓലക്കു അരകലിയനും ഒറ്റി ഓലക്ക് മുക്കാൽ കലിയനും വിലയോലയും ദാനപ്രമാണങ്ങൾക്കും ഒരു കലിയനും വീതം മേലെഴുതിയ പിള്ളമാർ വാങ്ങിച്ചു മാസംതോറും രജിസ്റ്റർ കണക്കു കൊടുത്തയക്കുമ്പോൾ കൂടെ അതു കോർട്ടിൽ കൊടുത്തയച്ചു കോർട്ടുമുതൽ പിടിയിൽ ഒടുക്കികൊള്ളത്തക്കവണ്ണവും ചട്ടം കെട്ടിവച്ചിരിക്കകൊണ്ടു അതിന്മണ്ണം നടന്നുകൊള്ളുകയുംവേണം. നമ്മുടെ രാജ്യത്തു പ്രജകൾക്കു യാതൊരു നഷ്ടവും സങ്കടവും കൂടാതെ രക്ഷിക്കണമെന്നു നമുക്കു പ്രധാനമായിട്ടു അപേക്ഷ ഇരിക്കുന്നതിനാൽ ഇപ്രകാരം വിളംബരം പ്രസിദ്ധപ്പെടുത്തുന്നതാക കൊണ്ടു ഉദ്യോഗസ്ഥന്മാർ, കുടിയാനവന്മാർ ഉൾപ്പെട്ട സകലമാന ജനങ്ങളും ആയത് അറിഞ്ഞു നടന്നു കൊള്ളുകയും വേണം". ഇടപാടുകളിലെ കൃത്രിമം തടയുക എന്ന ഉദ്ദേശത്തോടെ ഓരോ ഇടപാടിനും വ്യത്യസ്തമായ ഫീസ് നിശ്ചയിച്ച് ആധാരങ്ങൾ എഴുതിക്കൊടുക്കുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിച്ചും ഉള്ള ഈ വിളംബരത്തെ തിരുവിതാംകൂറിലെ ഓദ്യോഗിക രജിസ്ട്രേഷൻ സംവിധാനത്തിന്റെ ആരംഭമായി കാണാവുന്നതാണ്.



## ബ്രൗൺസ് പ്ലാന്റേഷൻ, അഞ്ചരക്കണ്ടി

1767 മുതൽ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി തലശ്ശേരി മേഖലയിൽ കുരുമുളക്, ജാതിക്ക, ഗ്രാമ്പു, കറുവപ്പട്ട തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങൾ കൃഷി ചെയ്തിരുന്നു. ഏഷ്യയിലെ ഏറ്റവും വലിയ കറുവപ്പട്ട തോട്ടമായി പ്രശസ്തിയാർജ്ജിച്ച 'ബ്രൗൺസ് പ്ലാന്റേഷൻ' സ്ഥിതി ചെയ്യുന്നത് തലശ്ശേരിയുടെ സമീപ പ്രദേശമായ അഞ്ചരക്കണ്ടിയിലാണ്. ഏകദേശം 506 ഏക്കർ വിസ്തൃതിയുണ്ട് ഈ തോട്ടത്തിന്. മർഡോക്ക് ബ്രൗൺ പ്രഭു, 1850ൽ ഈസ്റ്റ് ഇന്ത്യാ കമ്പനിവഴി അഞ്ചരക്കണ്ടിയിലെത്തി രണ്ടുതറയിൽ താമസമാക്കുകയുണ്ടായി. ക്രമേണ, സൈന്യത്തിന്റെ സഹായത്തോടെ അദ്ദേഹം സമീപപ്രദേശങ്ങൾ തന്റെ നിയന്ത്രണത്തിലാക്കുകയും പ്രദേശത്തിന്റെ ഭരണം സ്വയം നിർവഹിക്കുകയും ചെയ്തു. കഴിയുന്നത്ര ഭൂസ്വത്ത് സമ്പാദിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ലക്ഷ്യവും ദൗത്യവും. അതിലേക്കായി അദ്ദേഹം താൻ സമ്പാദിച്ച ഭൂസ്വത്തിന്റെ വിസ്തീർണ്ണം അളക്കാനും അതിന്റെ രേഖകൾ സൂക്ഷിക്കാനും തുടങ്ങി. അതോടൊപ്പം, ഇത്തരം രേഖകൾ അവർക്കും ആവശ്യമാണെന്നും ഉപകാരപ്രദമാണെന്നും അദ്ദേഹം നാട്ടുകാർക്കിടയിൽ പ്രചരിപ്പിക്കുകയും ചെയ്തു. അദ്ദേഹം തന്റെ ബംഗ്ലാവിൽ ഒരു ഓഫീസ് തുറക്കുകയും പ്രദേശവാസികൾക്കായി അതിർത്തി നിർണ്ണയിക്കാനും രേഖകൾ തയ്യാറാക്കാനും ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തു. ഒപ്പം സ്വത്തുക്കളുടെ രേഖകൾ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തി ഉടമസ്ഥർക്ക് കൈമാറുന്ന രീതി ആരംഭിച്ചു. എന്നാൽ തന്റെ അറിവില്ലാതെ ഈ രേഖകളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് രേഖകളിലെ കൃത്രിമം തടയുന്നതിനായി അദ്ദേഹം പിന്നീട് അസ്സൽ രേഖയുടെ ഒരു പകർപ്പ് തന്റെ ഓഫീസിൽ സൂക്ഷിക്കാനും പരിപാലിക്കാനും തുടങ്ങി. ഈ സമയമാണ് 1864ൽ ഗവർണർ ജനറൽ ഓഫ് ഇന്ത്യ Registration of Assurance Act, Act No. XVI of 1864 എന്ന രജിസ്ട്രേഷൻ നിയമം പാസ്സാക്കുന്നതും അതേ തുടർന്ന് മദ്രാസ് ആസ്ഥാനമാക്കി തലശ്ശേരി ജില്ലാ ഓഫീസ് തുറന്ന് പ്രവർത്തനം ആരംഭിക്കുന്നതും. ഇതോടൊപ്പം രാജ്യത്തിന് ഒരു പൊതു സ്റ്റാമ്പ് നിയമം 1899ൽ നിലവിൽ വരികയും രജിസ്ട്രേഷൻ ഭരണം ഏകീകരിക്കുകയും ചെയ്തു.

## അഞ്ചരക്കണ്ടി ആദ്യ സബ് രജിസ്ട്രി ഓഫീസ്

1865ൽ സർക്കാർ അംഗീകാരത്തോടെ സബ് രജിസ്ട്രി ഓഫീസ് മർഡോക്ക് ബ്രൗൺ പ്രഭുവിന്റെ ബംഗ്ലാവിൽ നിന്ന് പ്രവർത്തനം ആരംഭിച്ചു. ഈ ആഫീസിൽ നിന്നും ആദ്യ ആധാരം രജിസ്റ്റർ ചെയ്തത് 1867 ജനുവരി 4ന് ആണ്. ആദ്യ ഡെപ്യൂട്ടി രജിസ്ട്രാറായി മർഡോക്ക് ബ്രൗൺ പ്രഭു ചുമതലയേറ്റ് രേഖകൾ രജിസ്റ്റർ ചെയ്യുവാൻ ആരംഭിച്ചു. അക്കാലത്ത് ഉപയോഗിച്ചിരുന്ന മഷി, കടുക്കയിൽ നിന്നുള്ള കഷായത്തിൽ നിന്ന് തയ്യാറാക്കിയ ലായനി ഉപയോഗിച്ചാണ് (എൻട്രിക് മൈറോബെലൻ) നിർമ്മിച്ചിരുന്നത്. എന്നാൽ അക്കാലത്ത് സ്റ്റാമ്പ് പേപ്പറുകളും സ്റ്റാമ്പ് നിയമങ്ങളും പ്രചാരത്തിലില്ലായിരുന്നു. അതിനായി പ്രത്യേകം തയ്യാറാക്കിയ സ്റ്റാമ്പ് പേപ്പറുകൾ മദ്രാസിൽ നിന്ന് കൊണ്ടുവന്ന് മർഡോക്ക് ബ്രൗൺ പ്രഭു സ്വയം സ്റ്റാമ്പ് വെണ്ടറുടെ ചുമതലയേറ്റ് സ്റ്റാമ്പ് പേപ്പറുകളിൽ ഒപ്പ് വച്ച് ആവശ്യക്കാർക്ക് വിൽപ്പന നടത്തുകയാണ് ചെയ്തുവന്നിരുന്നത്. കാലക്രമേണ, മർഡോക്ക് ബ്രൗൺ പ്രഭു നയിച്ചവഴിയിലൂടെ പ്രദേശവാസികളും സഞ്ചരിച്ചു. തന്റെ ബംഗ്ലാവിൽ പ്രവർത്തിക്കുന്ന ഓഫീസിൽ രജിസ്ട്രേഷനു വേണ്ടി വന്നവരുടെ തിരക്ക് കാരണം അദ്ദേഹം ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും തന്റെ കൈവശമുണ്ടായിരുന്ന സ്ഥലം സർക്കാരിന് ദാനം ചെയ്ത് 1876 ൽ ഒരു പുതിയ കെട്ടിടം പണിയുകയും ചെയ്തു. ഇതാണ് കേരള സംസ്ഥാനത്തെ ആദ്യത്തെ സബ് രജിസ്ട്രി ഓഫീസായ അഞ്ചരക്കണ്ടി സബ് രജിസ്ട്രി ഓഫീസ്.

ഇപ്രകാരം മലബാർ പ്രദേശത്ത് കൊല്ലവർഷം 1040 (എ.ഡി. 1865) മുതൽ രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം തുടങ്ങിയപ്പോൾ, തിരുവിതാംകൂർ പ്രദേശത്ത് കൊല്ലവർഷം 1043 (എ.ഡി. 1868) മുതലും, കൊച്ചി പ്രദേശത്ത് കൊല്ലവർഷം 1050 (എ.ഡി. 1875) മുതലുമാണ് ഇപ്പോൾ കാണുന്ന രീതിയുടെ ആദ്യകാല രൂപം പ്രവർത്തനം ആരംഭിച്ചത്. 1956 നവംബർ 1 മുതൽ കേരളസംസ്ഥാന രൂപീകരണത്തോടെ ഇവ മൂന്നും സംയോജിപ്പിച്ച് ഇന്നത്തെ രജിസ്ട്രേഷൻ വകുപ്പ് രൂപീകരിക്കുകയും രജിസ്ട്രേഷൻ ആക്ട്, 1908 സംസ്ഥാനത്തുടനീളം പ്രാബല്യത്തിൽ വരികയും ചെയ്തു.

## 1908ലെ രജിസ്ട്രേഷൻ ആക്ട്

1793ലെ. XXXVI ാം നമ്പർ ബംഗാൾ റഗുലേഷനിലൂടെയാണ് നിലവിലെ രജിസ്ട്രേഷൻ സമ്പ്രദായത്തിന്റെ തുടക്കം എന്നു പറയാം. ഇതേ തുടർന്ന് മദ്രാസ്, ബോംബേ പ്രവിശ്യകളിലും സമാനമായ റഗുലേഷനുകൾ നടപ്പിൽ വരുത്തി. പ്രസ്തുത റഗുലേഷനുകൾ രജിസ്ട്രേഷൻ നിർബന്ധമാക്കിയിരുന്നില്ല എന്നിരിക്കിൽ കൂടി ഈ റഗുലേഷനുകളും ഇതിന്മേൽ തുടർന്നു നടത്തിയ പരിഷ്കാരങ്ങളും രാജ്യത്ത് ഔപചാരികവും വ്യവസ്ഥാപിതവുമായ രജിസ്ട്രേഷൻ പ്രക്രിയ രൂപപ്പെടുത്തുന്നതിലും കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപിക്കുന്നതിലും സഹായകമായി. പിന്നീട് 1864ൽ ബ്രിട്ടീഷ് ഇന്ത്യ മുഴുവൻ പ്രാബല്യമുള്ള ഒരു ഏകീകൃത രജിസ്ട്രേഷൻ നിയമം, 1864ലെ രജിസ്ട്രേഷൻ ആക്ട് നിലവിൽ വന്നു. ചില ആധാരങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയത് ഈ നിയമത്തിലൂടെയാണ്. ഇതേ തുടർന്ന് 1866ലും 1871ലും 1877ലും രജിസ്ട്രേഷൻ നടപടിക്രമങ്ങൾ, ഉദ്യോഗസ്ഥരുടെ നിയമനം, റെക്കോഡുകളുടെ പരിപാലനം തുടങ്ങിയവ സംബന്ധിച്ച് നിലവിലിരുന്ന വ്യവസ്ഥകളെ പരിഷ്ക്കരിച്ച് പുതിയ ആക്ടുകൾ അന്നത്തെ ഗവൺമെന്റ് കൊണ്ടുവരികയുണ്ടായി.

ഇത്തരം പരിഷ്കാരങ്ങളുടെയെല്ലാം പര്യവസാനമായാണ് നിലവിലെ രജിസ്ട്രേഷൻ സംബന്ധിച്ച എല്ലാ നിയമങ്ങളും വ്യവസ്ഥകളും ക്രോഡീകരിച്ചു കൊണ്ട് സമഗ്രമായ ഒരു നിയമമായി 1908ലെ രജിസ്ട്രേഷൻ ആക്ട് നിലവിൽ വരുന്നത്. ഈ നിയമത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

- ആധാരങ്ങളുടെ ആധികാരികതയ്ക്ക് തെളിവുകളുണ്ടാക്കുക.
- ഇടപാടുകൾക്ക് നിയമ സാധുത ഉറപ്പുവരുത്തുക.
- വഞ്ചന (കൃത്രിമം) തടയുക.
- ഒരു വസ്തു (ഭൂമി) കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താൻ സൗകര്യം നൽകുക.
- അവകാശപത്രങ്ങൾക്ക് സുരക്ഷിതത്വം നൽകുക, അസ്സലാധാരങ്ങൾ നഷ്ടപ്പെടുകയോ നശിച്ചുപോകുകയോ ചെയ്താൽ അവകാശങ്ങൾ സ്ഥാപിക്കുന്നതിനു സൗകര്യം നൽകുക.

ഭരണഘടനയിൽ ആധാരങ്ങളുടേയും കരണങ്ങളുടേയും രജിസ്ട്രേഷൻ കൺകറണ്ട് ലിസ്റ്റിലെ ആറാം ഇനമായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാന നിയമസഭ കാലാകാലങ്ങളിൽ വരുത്തിയ ഭേദഗതികളോടെ 1908ലെ അതേ നിയമമാണ് ഇപ്പോഴും കേരളത്തിൽ പ്രാബല്യത്തിലിരിക്കുന്നത്.






# രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം.

## ഘടന

സംസ്ഥാനത്ത് 315 സബ് രജിസ്ട്രാർ ഓഫീസുകളാണ് ഉള്ളത്. 14 ചിട്ടി ഓഡിറ്റർ ആഫീസുകളും. ഇതിനു പുറമേ 14 ജില്ലാ രജിസ്ട്രാർ ഓഫീസുകളും നാലു സോണൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ആഫീസുകളും ആസ്ഥാന ആഫീസായ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ആഫീസും കൂടി ചേരുന്നതാണ് രജിസ്ട്രേഷൻ വകുപ്പിന്റെ പൊതു സംവിധാനം. ആസ്ഥാന ആഫീസിൽ രജിസ്ട്രേഷൻ ഐ.ജിയ്ക്കു പുറമേ ജോയിന്റ് ഐ.ജി, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ലൈസൻസിംഗ്) അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ എന്നിവരും പ്രവർത്തിക്കുന്നു.

രജിസ്ട്രേഷൻ ആക്ടിനു പുറമേ 1982ലെ ചിറ്റ് ഫണ്ട്സ് ആക്ട്, ഇൻഡ്യൻ പാർട്ണർഷിപ്പ് ആക്റ്റ് (1932ലെ IXാം കേന്ദ്ര ആക്റ്റ്), 1955ലെ തിരുവിതാംകൂർകൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് (1955ലെ XIIാം ആക്റ്റ്), 1860ലെ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ് (1860ലെ XXIാം കേന്ദ്ര ആക്റ്റ്), 1961ലെ കേരള നോൺ ട്രേഡിംഗ് കമ്പനീസ് ആക്റ്റ് (1961ലെ 42ാം ആക്റ്റ്), 1954ലെ സ്പെഷ്യൽ മാര്യേജ് ആക്റ്റ് (1954ലെ 43ാം കേന്ദ്ര ആക്റ്റ്), 2012ലെ കേരളാ ആധാരമെഴുത്തുകാരുടേയും പകർപ്പെഴുത്തുകാരുടേയും സ്റ്റാമ്പ് വെണ്ടർമാരുടേയും ക്ഷേമനിധി ആക്റ്റ് (2013ലെ VIIാം ആക്ട്), 1872ലെ ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്റ്റ് (1872ലെ 15ാം ആക്ട്), 1095ലെ കൊച്ചിൻ ക്രിസ്ത്യൻ സിവിൽ മാര്യേജ് ആക്റ്റ് (1095ലെ Vാം ആക്ട്) എന്നിവ പ്രകാരമുള്ള ധർമ്മങ്ങളും രജിസ്ട്രേഷൻ വകുപ്പ് നിർവഹിക്കുന്നു.

## നികുതി സമാഹരണം.

സംസ്ഥാനത്ത് നികുതി വരുമാന സമാഹരണത്തിൽ രണ്ടാം സ്ഥാനമാണ് രജിസ്ട്രേഷൻ വകുപ്പിനുള്ളത്. സ്റ്റാമ്പ് തീരുവ, രജിസ്ട്രേഷൻ ഫീ എന്നിവ വഴിയാണ് വകുപ്പ് പ്രധാനമായും വരുമാനം സ്വരൂപിക്കുന്നത്. കേരളത്തിന്റെ ഖജനാവിലേക്ക് രജിസ്ട്രേഷൻ വകുപ്പിന്റെ സമീപകാലത്തെ സംഭാവന സംബന്ധിച്ച കണക്കുകൾ ചുവടേ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വരുമാനം (കോടി രൂപയിൽ) |
|---|---|
| 2021 - 22 | 4431 |
| 2022 - 23 | 5662 |
| 2023 - 24 | 5219 |
| 2024 - 25 | 5579 |
| 2025 - 26 (25 നവംബർ വരെ) | 3856 |

2021 മെയ് മാസം മുതൽ 2022 മാർച്ച് മാസം വരെയുള്ള ആകെ വരുമാനം 4133 കോടി രൂപയാണ് എന്നതു പരിഗണിക്കുമ്പോൾ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് രജിസ്ട്രേഷൻ വകുപ്പിന് ഒട്ടാകെ 15,581 കോടി രൂപ വരുമാനം ലഭിച്ച സ്ഥാനത്ത് രണ്ടാം പിണറായി സർക്കാരിന്റെ കാലയളവിൽ 2025 നവംബർ മാസം വരെ 24,449 കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പ് സർക്കാർ വരുമാനത്തിന്റെ ഒരു പ്രധാന സ്രോതസ്സ് കൂടിയാണ് എന്ന് കേരള സമൂഹത്തിൽ രജിസ്ട്രേഷൻ വകുപ്പിന്റെ സ്ഥാനവും പ്രാധാന്യം വ്യക്തമാക്കുന്ന ഈ സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്.

## കർത്തവ്യവും ഉദ്ദേശ ലക്ഷ്യങ്ങളും.

ആധാരങ്ങൾ രജിസ്റ്റർ ചെയ്ത് അതു സംബന്ധിച്ച രേഖകൾ കാലാകാലങ്ങളിലേക്ക് സൂക്ഷിക്കുക, സ്ഥാവര വസ്തുക്കൾ കൈകാര്യം ചെയ്തിട്ടുണ്ടോ എന്നതു സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരം ലഭ്യമാക്കുക, വിൽപത്രങ്ങൾ അനാമത്തു വയ്ക്കാനുള്ള സൗകര്യം നൽകുക, രജിസ്ട്രേഷൻ കാര്യങ്ങൾക്കായുള്ള മുക്ത്യാറുകൾ സാക്ഷ്യപ്പെടുത്തുന്നതിനും അവ റദ്ദു ചെയ്യുന്നതിനും ഉള്ള സൗകര്യമൊരുക്കുക, കേരള മുദ്രപത്ര നിയമവും കേന്ദ്ര മുദ്രപത്ര നിയമവും അനുസരിച്ച് കാര്യക്ഷമമായി നികുതിപിരിവ് നടത്തുക, ചിട്ടി നിയമത്തിന്റെ നടത്തിപ്പ് നിർവഹിക്കുക, സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള അപേക്ഷകളിന്മേൽ തർക്കങ്ങൾക്ക് തീർപ്പുകൽപ്പിച്ച് വിവാഹങ്ങൾ ആശീർവദിക്കുന്നതിനും മുമ്പ് അന്യവിധത്തിൽ നടത്തിയ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും സംവിധാനമൊരുക്കുക, ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്റ്റ്, കൊച്ചിൻ ക്രിസ്ത്യൻ സിവിൽ മാര്യേജ് ആക്റ്റ് എന്നിവ പ്രകാരം വിവാഹം ആശീർവദിക്കുക, ചാരിറ്റബിൾ സംഘങ്ങൾ, ചിട്ടികൾ, പങ്കാളിത്ത സ്ഥാപനങ്ങൾ എന്നിവ രജിസ്റ്റർ ചെയ്യുക, ആധാരമെഴുത്തുകാർക്കും കൈപ്പട എഴുത്തുകാർക്കും ലൈസൻസുകൾ നൽകുകയും ലൈസൻസികളെ നിയന്ത്രിക്കുകയും ചെയ്യുക. കേരളാ ആധാരമെഴുത്തുകാരുടേയും പകർപ്പെഴുത്തുകാരുടേയും സ്റ്റാമ്പ് വെണ്ടർമാരുടേയും ക്ഷേമനിധിയുടെ നടത്തിപ്പ് നിർവഹിക്കുക എന്നിവയാണ് രജിസ്ട്രേഷൻ വകുപ്പിന്റെ കർത്തവ്യങ്ങൾ.

ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പൊതു ജനങ്ങൾക്ക് കുറ്റമറ്റതും സുതാര്യവും കാര്യക്ഷമവും വേഗമേറിയതുമായ സേവനം ഉറപ്പുവരുത്തുകയും അതുവഴി രജിസ്ട്രേഷൻ വകുപ്പിൽ നിക്ഷിപ്തമായ കർത്തവ്യങ്ങൾ മാതൃകാപരമായും അഭിമാനാർഹമായും നിർവഹിക്കുകയും ചെയ്യുക എന്നതാണ് രജിസ്ട്രേഷൻ വകുപ്പിന്റെ പൊതുവായ ഉദ്ദേശ്യലക്ഷ്യം.



# സമീപകാലത്തെ നേട്ടങ്ങൾ.

രജിസ്ട്രേഷൻ വകുപ്പിൽ കഴിഞ്ഞ 9 വർഷക്കാലം നടപ്പിലാക്കിയ പ്രധാനപ്പെട്ട വികസന പദ്ധതികളിലൂടെ അടിസ്ഥാന സൗകര്യ വികസനം, രജിസ്ട്രേഷൻ നടപടികളുടെ ലഘൂകരണം, ഇൻഫർമേഷൻ ടെക്നോളജി യുടെ വിപുലീകരണം മുതലായ മേഖലകളിൽ കൈവരിച്ച നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ സമയബന്ധിത മായും കൃത്യതയോടു കൂടിയും സേവനങ്ങൾ ലഭ്യമാക്കുന്നതിന് വകുപ്പ് പര്യാപ്തമായി കഴിഞ്ഞിട്ടുണ്ട് എന്നു കാണാവുന്നതാണ്. ആയത് വരും വർഷങ്ങളിലും തുടരുന്നതോടു കൂടി രജിസ്ട്രേഷൻ വകുപ്പിന്റെ സേവനം പൂർണമായും രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുവാൻ കഴിയുന്നതാണ്.

## ആഫീസ് കെട്ടിടങ്ങളുടെ നിർമ്മാണവും നവീകരണവും.

കേരളത്തിലെ ഏറ്റവും കാലപ്പഴക്കമുള്ള വകുപ്പുകളിൽ ഒന്നായ രജിസ്ട്രേഷൻ വകുപ്പിന്റെ നിരവധി ഓഫീസുകൾ വാടക കെട്ടിടങ്ങളിലും വളരെ പഴക്കമുള്ള കെട്ടിടങ്ങളിലുമാണ് പ്രവർത്തിച്ചുവന്നിരുന്നത്. അവയിൽ പലതും വകുപ്പിന്റെ വിപുലമായ റിക്കാഡു ശേഖരം സൂക്ഷിക്കുവാൻ അപര്യാപ്തവുമായിരുന്നു. രജിസ്ട്രേഷൻ വകുപ്പിലെ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾക്ക് പകരം ആധുനികരീതിയിലുള്ള പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 2016 നു ശേഷം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 100 കോടി രൂപ അനുവ ദിക്കുകയുണ്ടായി. 48 സബ് രജിസ്ട്രാർ ഓഫീസുകളുടെയും 3 രജിസ്ട്രേഷൻ കോംപ്ലക്സുകളുടെയും നിർമ്മാണവും ഒരു സബ് രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപ്പണിയുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയി രുന്നത്. അതിൽ 45 സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളുടെയും, 2 രജിസ്ട്രേഷൻ കോംപ്ലക്സുകളു ടെയും നിർമ്മാണവും, ഒരു സബ് രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപ്പണിയും പൂർത്തിയായിട്ടുണ്ട്. കൂടാതെ പൊതുമരാമത്തു വകുപ്പിന്റേതുൾപ്പെടെയുള്ള മറ്റു ഫണ്ടുകൾ ഉപയോഗിച്ച് 15 സബ് രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണവും പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം ഈ കാലയളവിൽ 60 പുതിയ ഓഫീസ് കെട്ടിടങ്ങളുടേയും രണ്ട് രജിസ്ട്രേഷൻ കോംപ്ലക്സുകളുടേയും നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. ഇതിനു പുറമേ സബ് രജിസ്ട്രാർ ഓഫീസുകളിലെ റെക്കോർഡ് റൂമുകളുടെ നവീകരണത്തിന്റെ ഭാഗമായി 80 ലേറെ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങൾ സൂക്ഷിക്കുന്നതിനായി ആധുനിക കോംപാക്ടറുകളും സ്ഥാപിക്കുവാൻ കഴിഞ്ഞു.



## രജിസ്ട്രേഷൻ നടപടികളുടെ ലഘൂകരണത്തിനായി സ്വീകരിച്ച നടപടികൾ

ജില്ലയിലെ ഏത് വസ്തുവും ഉൾപ്പെട്ടുവരുന്ന ആധാരങ്ങൾ അതേ ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം (Any where Registration) നടപ്പിലാക്കിയത് പൊതു ജനങ്ങൾക്ക്, പ്രത്യേകിച്ച് പ്രായാധിക്യമോ രോഗമോ മൂലം യാത്രാക്ലേശം അനുഭവിക്കുന്നവർ ഉൾപ്പെടെയുള്ളവർക്ക് പ്രയോജനകരമാണ്.

പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുക്കുമ്പോൾ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യേണ്ട രേഖയായ ഗഹാനും വായ്പ അവസാനിക്കുമ്പോൾ ഫയൽ ചെയ്യേണ്ട ഗഹാൻ റിലീസും ഫയൽ ചെയ്യുന്നത് പൂർണമായും ഓൺലൈൻ ആക്കിയതിലൂടെ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും നൽകേണ്ട സേവനം പരമാവധി വേഗത്തിൽ നൽകുവാൻ സാധിക്കുന്നു. ബാങ്കുകളിൽ നിന്നും ഫയലിംഗിനായി ലഭിക്കുന്ന അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് അന്ന് തന്നെ ഫയൽ ചെയ്തുവരുന്നു.

സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ക്യാഷ് ലെസ് ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട് അതുവഴി പൊതുജനങ്ങൾക്ക് സബ് രജിസ്ട്രാർ ഓഫീസുകളിൽ നേരിട്ട് ഹാജരാകാതെ തന്നെ എല്ലാ സേവനങ്ങൾക്കും ഓൺലൈനായി ഫീസടയ്ക്കുവാൻ കഴിയുന്നു.

ആധാര രജിസ്ട്രേഷൻ ലളിതവത്കരിക്കുന്നതിനായും വസ്തുകൈമാറ്റങ്ങളുടെ സുതാര്യതയും അനന്യതയും ഉറപ്പാക്കുന്നതിലേക്കുമായും ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന രീതിയിൽ ആധാര മാതൃകകൾ ലളിതവത്കരിക്കുകയും അവ കമ്പ്യൂട്ടറിലൂടെ തന്നെ തയ്യാറാക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി വെബ്ക്യാമറ, ബയോമെട്രിക് സ്കാനർ, ഇലക്ട്രോണിക് സിഗ്നേച്ചർ പാഡ്, പ്രിന്ററുകൾ എന്നിവ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ലഭ്യമാക്കുകയും അതിന്റെ പൈലറ്റ് റൺ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും നടത്തുകയും ചെയ്തു.

സംസ്ഥാനത്ത് ഭൂമിയുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന നയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കേരളം പൂർണ്ണമായും സർവ്വേ ചെയ്ത് കൃത്യമായ ലാന്റ് റിക്കാഡുകൾ തയ്യാറാക്കുന്നതിന് സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് എന്റെ ഭൂമി പദ്ധതി . ഡിജിറ്റൽ സർവ്വെ പൂർത്തിയാകുന്നതോടു കൂടി എല്ലാ ഭൂമി ഇടപാടുകളിലും ആധാരത്തോടൊപ്പം ഭൂമിയുടെ പ്രീ മ്യൂട്ടേഷൻ സ്കെച്ച് കൂടി ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം നിലവിൽ വന്നിട്ടുണ്ട് ആയതിലേക്ക് ഒരു ഏക ജാലകസംവിധാനം സാധ്യമാക്കുന്നതിനുള്ള ഒരു ഇന്റഗ്രേറ്റഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം കൂടി എന്റെ ഭൂമി യുടെ തുടർച്ചയായി ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിലൂടെ ഭൂവുടമകൾക്ക് ആധികാരികവും, കൃത്യവും തുടർച്ചയായി അപ്ഡേറ്റ് ചെയ്യപ്പെടുന്നതുമായ ഭൂരേഖാസേവനങ്ങൾ ലഭ്യമാകുന്നതാണ്. റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളുടെ സംയുക്തമായ നിർദ്ദേശങ്ങൾ സ്വീകരിച്ചു കൊണ്ട് തയ്യാറാക്കിയ എന്റെഭൂമി പോർട്ടൽ വഴി ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് മൂന്നു വകുപ്പുകളിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ (ആധാര രജിസ്ട്രേഷൻ-രജിസ്ട്രേഷൻ വകുപ്പ്, പ്രീമ്യൂട്ടേഷൻ സ്കെച്ച്-സർവ്വേ വകുപ്പ്, പോക്കുവരവ്-റവന്യൂവകുപ്പ്) ഒറ്റ പോർട്ടലിലൂടെ ലഭിക്കുന്നതാണ്. ഈ പദ്ധതിയുടെ തുടർച്ചയായി ആധാര രജിസ്ട്രേഷനുള്ള ടെംപ്ലേറ്റുകൾ തയ്യാറാക്കിയിട്ടുള്ളതും അവ വകുപ്പിന്റെ സോഫ്റ്റുവെയറിൽ ഉൾപ്പെടുത്തി ടെസ്റ്റിംഗ് നടന്നുവരുന്നതുമാണ്.

വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട സേവനങ്ങളായ ആധാര പകർപ്പുകൾ, ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ എന്നിവയ്ക്കുള്ള അപേക്ഷകൾ നൽകുന്നതും ആയതിന് ഫീസ് ഒടുക്കുന്നതും ബാദ്ധ്യതാ സർട്ടിഫിക്കറ്റുകളുടെ വിതരണവും പൂർണ്ണമായും ഓൺലൈനാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഓഫീസുകളിൽ നേരിട്ട് പോകാതെ തന്നെ ഓൺലൈനായി ബാദ്ധ്യതാ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകുന്നതിനും സർട്ടിഫിക്കറ്റ് ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനും കഴിയും. അതുപോലെ തന്നെ സ്കാൻ ചെയ്തു സൂക്ഷിച്ചിട്ടുള്ള കാലയളവിലെ ആധാര പകർപ്പുകളും അപ്രകാരം തന്നെ ഓൺലൈൻ മുഖാന്തരം ഡൗൺലോഡ് ചെയ്യാനാകുന്ന വിധത്തിൽ നൽകിവരുന്നു.

ആധാര രജിസ്ട്രേഷനായി സമയവും തീയതിയും മുൻകൂട്ടി നിശ്ചയിക്കുന്ന രീതിയിൽ ഓൺലൈൻ ടോക്കൺ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ ഒരാൾക്ക് അദ്ദേഹത്തിന്റെ ആധാരം രജിസ്റ്ററാക്കുന്നതിനുള്ള സമയം മുൻകൂട്ടി നിശ്ചയിക്കുവാനാകുന്നതും അതനുസരിച്ച് ക്രമീകരണങ്ങൾ നടത്തുവാൻ സാധിക്കുന്നതുമാണ്.

പോക്കുവരവ് നടപടികൾ ലഘൂകരിക്കുന്നതിന്റെയും സുതാര്യമാക്കുന്നതിന്റെയും ഭാഗമായി രജിസ്ട്രേഷൻ വകുപ്പിന്റെ PEARL സോഫ്റ്റുവെയർ, റവന്യൂവകുപ്പിന്റെ RELIS സോഫ്റ്റുവെയറുമായി ബന്ധിപ്പിച്ച് ഓൺലൈൻ പോക്കുവരവിനുള്ള സൗകര്യം നടപ്പിലാക്കിയിട്ടുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന വേളയിൽതന്നെ ആധാരങ്ങളുടെ ഡിജിറ്റൽ പകർപ്പ് സഹിതം പോക്കുവരവിനുള്ള ഡാറ്റ ഓൺലൈനായിത്തന്നെ ഓട്ടോമാറ്റിക് ആയി ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ ലഭ്യമാക്കി പോക്കുവരവ് വേഗത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

## ഇ-സ്റ്റാമ്പിംഗ്

07/04/2017 തീയതിയിലെ GO(P) No.23/2017/TD നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരം 1960 ലെ കേരള മുദ്രപത്ര ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി അനുസരിച്ച് ഒരുലക്ഷം രൂപക്ക് മുകളിൽ വിലയുള്ളതും 09/02/2023 തീയതിയിലെ GO(MS) 10/2023/TD സർക്കാർ ഉത്തരവ് പ്രകാരം എല്ലാ വിലയ്ക്കുള്ളതുമുള്ള നോൺജുഡീഷ്യൽ മുദ്രപത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം നടപ്പിൽ വരുത്തുകയും, അതിന്റെ ആവശ്യത്തിലേക്ക് ഇ-സ്റ്റാമ്പിംഗ് പോർട്ടൽ ഒരുക്കുകയും ചെയ്തു.

സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കിയതു വഴി ഏത് മൂല്യത്തിലുള്ള മുദ്രപത്രവും ഒറ്റ പത്രമായി ലഭിക്കുന്നതിനും അതുവഴി ഏത് മൂല്യത്തിലുള്ള സ്റ്റാമ്പും മുദ്രപത്ര ക്ഷാമം ഇല്ലാതെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനും സാധിച്ചു.

വാണിജ്യ ബാങ്കുകളിൽ നിന്നും ചെറുകിട വ്യവസായ വായ്പകളും വ്യക്തിഗത വായ്പകളും ലഭിക്കുന്നതിനാവശ്യമായ കരാറുകൾക്ക് ഇ-സ്റ്റാമ്പിംഗ് സൗകര്യം ഉപയോഗിച്ച് പൂർണ്ണമായി ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്ന ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ പ്ലാറ്റ് ഫോം (DDE Platform) നടപ്പിലാക്കി.

## ഡിജിറ്റൈസേഷൻ

ഭൂമിയുമായി ബന്ധപ്പെട്ട ഏതൊരു ഇടപാടുകൾക്കും പ്രാഥമിക തെളിവായുള്ള രേഖകൾ ശാശ്വതമായി സംരക്ഷിക്കുക എന്നതാണ് വകുപ്പിന്റെ പ്രധാന ധർമ്മം. ആധാരങ്ങളുടെ പകർപ്പുകൾ വാല്യങ്ങളാക്കി റിക്കോർഡ് റൂമുകളിലാണ് സൂക്ഷിച്ചുവരുന്നത്. ഓരോ വർഷവും റിക്കാഡുകളുടെ വ്യാപ്തി വർദ്ധിച്ചുവരിക

യാണ്. നിലവിലെ സൗകര്യങ്ങൾ ഈ രേഖകളുടെ സുരക്ഷിതമായ സൂക്ഷിപ്പു സംബന്ധിച്ച് വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ നേരിടുന്നതിന് അപര്യാപ്തമാണ്. അതുകാരണം കാലക്രമേണ അവ നഷ്ടപ്പെടുന്നതിനോ നശിക്കുന്നതിനോ ഉള്ള സാധ്യത നിലവിലുള്ളതിനാൽ ലെഗസി റിക്കാഡുകളുടെ സംരക്ഷണത്തിന് വകുപ്പ് മുൻഗണ നനൽകിവരുന്നുണ്ട്. വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ ലെഗസി റിക്കോഡുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും, അവ പൊതുജനങ്ങൾക്ക് ഡിജിറ്റൽ രൂപത്തിൽ നൽകുന്നതിനും, പഴയതും പൊടിഞ്ഞു പോയതുമായ രജിസ്റ്റർ വാല്യങ്ങൾ ഭാവിയിലെ ആവശ്യങ്ങൾക്കായി ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനും വേണ്ടി 2018-19 വർഷം മുതൽ രജിസ്ട്രേഷൻ വകുപ്പ് Preservation and Digitization of Old Registered Deeds എന്നപദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും 1998 മുതലുള്ള രജിസ്റ്റർ വാല്യങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുകയും മേൽ കാലയളവിലെ ആധാരപകർപ്പുകൾ ഓൺലൈനായി നൽകുന്നതിനുമുള്ള സംവിധാനം നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ഇത് സർക്കാരിന്റെ പ്രകടന പത്രികയിൽ ജനങ്ങൾക്ക് മുമ്പാകെ നൽകിയ വാഗ്ദാനമായിരുന്നു. നിലവിൽ തിരുവനന്തപുരം, ഇടുക്കി, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ 1968 മുതലുള്ള ആധാരങ്ങളുടെയും, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കണ്ണൂർ, എന്നീ ജില്ലകളിൽ 1988 മുതലുള്ള ആധാരങ്ങളുടെയും, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ 1998 മുതലുള്ള ആധാരങ്ങളുടെയും ഡിജിറ്റൈസേഷൻ പൂർത്തിയായിട്ടുണ്ട്. ആധാര പകർപ്പുകൾ അപേക്ഷിക്കുന്ന കക്ഷികൾക്ക് ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തിയ ആധാരപകർപ്പുകൾ നല്കുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പിലെ സബ് രജിസ്ട്രാർ ഓഫീസുകളിലെ പഴയതും പൊടിഞ്ഞുപോയതുമായ രജിസ്റ്റർ വാല്യങ്ങൾ ശാസ്ത്രീയമായി സംരക്ഷിച്ച് പൂർവ്വസ്ഥിതിയിലാക്കുന്ന Conservation പദ്ധതി 2023-24 സാമ്പത്തിക വർഷം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി ആദ്യ ഘട്ടത്തിൽ ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിനായി 23.08.2023 തീയതിയിൽ സി-ഡിറ്റിന് കരാർ നൽകുകയും പദ്ധതി പുരോഗമിച്ചുവരുകയും ചെയ്യുന്നു.

## അടിസ്ഥാന സൗകര്യവികസനം

വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകൾക്കും പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുകയും, വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർക്കായി 35 ലാപ് ടോപ്പ് കമ്പ്യൂട്ടറുകൾ അനുവദിക്കുകയും, പുതിയ കമ്പ്യൂട്ടറുകൾക്ക് സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. കൂടാതെ UPS കളുടെ സജ്ജീകരണവും പൂർത്തിയായിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റ് സി-ഡിറ്റിന്റെ സഹകരണത്തോടെ പുതിയ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് പുതിയ രൂപകല്പനയോടെ പരിഷ്കരിച്ചു.

രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലെയും ഇന്റർനെറ്റ് സൗകര്യം കാര്യക്ഷമമാക്കുന്നതിനായി ബി.എസ്.എൻ.എല്ലുമായി സഹകരിച്ചുകൊണ്ട് ഒപ്റ്റിക്കൽ ഫൈബർ സർക്യൂട്ടുകൾ സ്ഥാപിച്ചു.

വകുപ്പ് അദ്ധ്യക്ഷന്റെ കാര്യാലയത്തിലും 14 ജില്ലാ രജിസ്ട്രാർ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുക വഴി രജിസ്ട്രേഷൻ വകുപ്പ് പേപ്പർ ലെസ് അഡ്മിനിസ്ട്രേഷൻ രംഗത്ത് ഒരു സുപ്രധാന ചുവടുവയ്പ്പ് നടത്തി.

വകുപ്പ് അദ്ധ്യക്ഷന്റെ കാര്യാലയത്തിലും, വയനാട്, ഇടുക്കി ഒഴികെയുള്ള 12 ജില്ലാ രജിസ്ട്രാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുകയും, എല്ലാ ജില്ലാ ഓഫീസുകളിലും, എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ഫെയ്സ് റെക്കഗ്നിഷൻ ആപ്പ് മുഖേന പഞ്ചിംഗ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

## നിയമനിർമ്മാണം.

ധാർമ്മികമോ മതപരമോ ജീവകാരുണ്യപരമോ ആയ കാര്യങ്ങൾക്കായുള്ള സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കേരളത്തിൽ പഴയ മലബാർ പ്രദേശങ്ങളിൽ 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടും കേരളത്തിലെ ബാക്കി പ്രദേശങ്ങളിൽ 1955 ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ടുമാണ് നിലവിലുള്ളത്. സംസ്ഥാന രൂപീകരണത്തിനു ശേഷവും കേരളത്തിൽ ഒരേ കാര്യത്തിനു നിലവിലുണ്ടായിരുന്ന രണ്ട് നിയമങ്ങളും ഏകീകരിച്ച് ഒറ്റ നിയമമാക്കണം എന്ന പൊതുജനങ്ങളുടെയും, വകുപ്പിന്റെയും ദീർഘകാല ആവശ്യം, 69 വർഷത്തെ ശ്രമഫലമായി കേരള സംഘം രജിസ്ട്രേഷൻ ബിൽ 07/10/2025 ൽ നിയമസഭ പാസാക്കിയത് ശ്രദ്ധേയമായ നേട്ടമാണ്.

## ജനകീയ സമിതികൾ

സബ് രജിസ്ട്രാർ ഓഫീസുകളെ ജന സൗഹൃദമാക്കുന്നതിന്റേയും സോഷ്യൽ ഓഡിറ്റിംഗിന്റേയും ഭാഗമായി മുഴുവൻ സബ് രജിസ്ട്രാർ ആഫീസുകളിലും ജനകീയ സമിതികൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായി. സ്ഥലത്തെ എം.എൽ.എ അദ്ധ്യക്ഷനായ സമിതിയിൽ തദ്ദേശ ഭരണ സ്ഥാപന പ്രതിനിധികൾ, സഹകരണബാങ്ക് പ്രസിഡന്റുമാർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ആധാരമെഴുത്തു സംഘടനാ പ്രതിനിധികൾ എന്നിവർ അംഗങ്ങളാണ്. എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച പ്രസ്തുത സമിതി യോഗം ചേരുവാൻ നിഷ്കർഷിച്ചിരിക്കുന്നു.

## രജിസ്ട്രേഷൻ ദിനാചരണം

കേരളത്തിലെ ആദ്യ രജിസ്ട്രേഷൻ ഓഫീസായ അഞ്ചരക്കണ്ടി സബ് രജിസ്ട്രാർ ആഫീസിലെ ആദ്യത്തെ രജിസ്ട്രേഷൻ നടന്നത് 1867 ജനുവരി 4നാണ്. ഇതു പരിഗണിച്ച് എല്ലാ വർഷവും ജനുവരി 4ന് രജിസ്ട്രേഷൻ ദിനമായി ആചരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് സംസ്ഥാനത്തെ മികച്ച സബ് രജിസ്ട്രാർ ആഫീസിനും ജില്ലാ രജിസ്ട്രാർ ആഫീസിനും ഡപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ആഫീസിനും അവാർഡ് നൽകുന്നതിനും തീരുമാനമായിട്ടുണ്ട്. ഇതിൻപ്രകാരമുള്ള ആദ്യ രജിസ്ട്രേഷൻ ദിനാചരണം 2026 ജനുവരി 4ന് അഞ്ചരക്കണ്ടിയിൽ വച്ച് നടക്കുന്നതാണ്.



# പുതിയ കാലത്തേക്ക് ചുവടു വയ്ക്കുമ്പോൾ.

## രജിസ്ട്രേഷൻ നടപടികൾ രാജ്യത്തെ പുതിയ പ്രവണതകളും സാദ്ധ്യതകളും.

രാജ്യത്ത് എല്ലാ സംസ്ഥാനങ്ങളും രജിസ്ട്രേഷൻ നടപടികൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ പാതയിലാണ്. കേന്ദ്ര ഭൂവിഭവ വകുപ്പിന്റെ (Department of Land Resources) സംരംഭമായ National Generic Document Registration System (NGDRS) പതിനൊന്ന് സംസ്ഥാനങ്ങൾ സ്വീകരിച്ചിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. പരമ്പരാഗതമായ നടപടിക്രമങ്ങളിൽ നിന്നും പേപ്പർ രഹിതവും പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്തതുമായ സംവിധാനമാണ് NGDRS ഉദ്ദേശിക്കുന്നത്. Digital India Land Records Modernization Programme (DILRMP)യുടെ ഭാഗമായാണ് NDGRS രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഇത് വികസിപ്പിച്ചിട്ടുള്ളത് നാഷണൽ ഇൻഫോർമാറ്റിക് സെന്റർ (NIC) ആണ്. രാജ്യത്ത് ഒട്ടാകെ ഏകീകൃതമായതും എന്നാൽ ഓരോ സംസ്ഥാനങ്ങളുടെയും ആവശ്യങ്ങൾക്കനുസരിച്ച് കസ്റ്റമൈസ് ചെയ്യാവുന്നതുമായ സോഫ്റ്റ്‌വെയർ എന്ന ലക്ഷ്യത്തോടെയാണ് ഇതിന്റെ രൂപകൽപ്പന. ടെംപ്ലേറ്റ് അധിഷ്ഠിതമായി ആധാരങ്ങൾ തയ്യാറാക്കൽ, ഓൺലൈനായി ടോക്കൺ ബുക്ക് ചെയ്യുന്ന സംവിധാനം, eStamping, eKYC(ആധാർ അടിസ്ഥാനത്തിലുള്ള തിരിച്ചറിയൽ), eSignature എന്നിവയുമായി സംയോജനം, മുദ്രവിലയും രജിസ്ട്രേഷൻ ഫീസും സ്വയം കണക്കാക്കുന്ന സംവിധാനം എന്നിവയെല്ലാം NGDRSന്റെ സവിശേഷതകളാണ്.

മദ്ധ്യപ്രദേശിന്റെ SAMPADA 2.0, കർണാടകയുടെ KAVERI, ആന്ധ്രാപ്രദേശിലെ IGRS തെലങ്കാനയിലെ TRegistration ആപ് എന്നിവയെല്ലാം ഈ രംഗത്തെ ശ്രദ്ധേയമായ ചുവടുവയ്പുകളാണ്. ഇതിൽ മദ്ധ്യപ്രദേശ് രജിസ്ട്രേഷൻ നടപടികൾ സമ്പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്തതായി അവകാശപ്പെടുന്നുണ്ട്. പ്രാതിനിധ്യ നിലയിൽ ഈ സോഫ്റ്റ്‌വെയറിനെ പറ്റി പരാമർശിക്കുന്നത് ഈ രംഗത്തെ പുതിയ പ്രവണതകൾ അറിയുന്നതിന് സഹായകരമായിരിക്കും





## SAMPADA 2.0

2025ലെ National eGovernance Gold Award നേടിയ പ്രോജക്ട് ആണ് SAMPADA 2.0 (Simplified Application for Managing Property and Document Automation) പൂർണ്ണമായും പേപ്പർലെസ് ഓൺലൈൻ രജിസ്ട്രേഷൻ, തിരിച്ചറിയലിനായി Aadhar eKYC / PAN, eKYC, എഴുതി ഒപ്പിടുന്നതിനായി ആധാർ അധിഷ്ഠിത eSign അല്ലെങ്കിൽ Digital Signature, ചില ആധാരങ്ങൾക്ക് VideoKYC ഉപയോഗിച്ച് Faceless Registration സാധ്യമാക്കുന്നു, GIS അടിസ്ഥാനത്തിലുള്ള Automated property valuation, Auto Mutation, മറ്റു വകുപ്പുകളുമായി സംയോജിച്ചുള്ള പ്രവർത്തനം, മദ്ധ്യവർത്തികളില്ലാത്ത eStamping, Online Payment, രജിസ്റ്റർ ചെയ്ത ആധാരങ്ങൾ ഉടൻ തന്നെ Email / WhatsApp മുഖേന ലഭ്യമാക്കുന്നു എന്നിവയെല്ലാം SAMPADA 2.0 ന്റെ സവിശേഷതകളാണ്. ഫേസ് ലെസ് രജിസ്ട്രേഷനിൽ AI assisted VKYC ഉപയോഗിക്കുന്നു എന്ന പ്രത്യേകതയും ഇതിനുണ്ട്.

## നിർദ്ദിഷ്ട രജിസ്ട്രേഷൻ ബിൽ 2025

നൂറ്റാണ്ടിനു മേൽ പഴക്കമുള്ള രജിസ്ട്രേഷൻ ആക്ടിനു പകരമായി പുതിയ ആക്ട് കൊണ്ടുവരുന്നതിനുള്ള നിർദ്ദേശം കേന്ദ്രസർക്കാർ മുന്നോട്ട് വച്ചത് ഈ വർഷമാണ്. അതിലേക്കായി രജിസ്ട്രേഷൻ ബിൽ 2025 കരട് പ്രസിദ്ധികരിക്കുകയും പൊതുജനങ്ങളുടെ അഭിപ്രായത്തിനായി സമയം നൽകുകയും ചെയ്തു. അഭിപ്രായങ്ങളുടെ ക്രോഡീകരണത്തിനും പാർലമെന്റിലെ ചർച്ചകൾക്കും ശേഷം ബിൽ ഏതു രൂപത്തിൽ ഏതു കാലത്ത് നിയമമാകുമെന്ന് പ്രവചിക്കാനാവില്ലെങ്കിലും പുതിയ ബില്ലിൽ ആധാരങ്ങളുടെ ഡിജിറ്റൽ എക്സിക്യൂഷനും ഇലക്ട്രോണിക് പ്രസന്റേഷനും ഇ-വെരിഫിക്കേഷനും ഇലക്ട്രോണിക് സാന്നിദ്ധ്യവും രജിസ്റ്ററുകൾ ഡിജിറ്റലായി സൂക്ഷിക്കുന്നതും വ്യവസ്ഥ ചെയ്യുന്നുണ്ട്.

## PEARL കേരളത്തിന്റെ സോഫ്റ്റ്‌വെയർ

രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളുടെ ഇൻഡക്സിംഗ് ഡിജിറ്റലായി നടത്തി ബാദ്ധ്യതാ സർട്ടിഫിക്കറ്റ് തിരച്ചിലും വിതരണവും കമ്പ്യൂട്ടർ മുഖേനയാക്കുക എന്ന പരിമിതമായ ധർമ്മത്തോടെയാണ് രജിസ്ട്രേഷൻ വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ ആരംഭിക്കുന്നത്. അതിനായി എൻ.ഐ.സി വികസിപ്പിച്ച സോഫ്റ്റ്‌വെയറിന് PEARL (Package for Effective Administration of Registration Laws) എന്നാണ് പേരു നൽകിയത്. ഡാറ്റ അതാത് സബ്‌രജിസ്ട്രാർ ഓഫീസുകളിൽ തന്നെ സൂക്ഷിക്കുന്നതും വികേന്ദ്രീകൃതമായതുമായ MySQL ഡേറ്റാബേസ് ഉപയോഗിക്കുന്ന രീതിയാണ് അവലംബിച്ചത്.

പിന്നീട് ഉണ്ടായ ഒരു പ്രധാന മാറ്റം രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ പകർപ്പുകൾ DSLR ക്യാമറ ഉപയോഗിച്ച് തയ്യാറാക്കി നൽകുന്നതിന് C-Dit ന്റെ സഹായത്തോടെ ഇ-ആധാരം ആപ്ലിക്കേഷൻ ആവിഷ്കരിച്ചു നടപ്പാക്കിയതാണ്.

ഓഫ്‌ലൈനായി തുടങ്ങിയ പേൾ പിന്നീട് കേന്ദ്രീകൃത സർവറിൽ നിന്നും ഓൺലൈനായി പ്രവർത്തനം ആരംഭിച്ചത് 2017ലാണ്. PostgreSQL ഡേറ്റാബേസ് അടിസ്ഥാനമാക്കി ഓൺലൈനായി പ്രവർത്തിക്കുന്ന വെബ്ബേസ്ഡ് PEARL ആപ്ലിക്കേഷനിലേയ്ക്ക് മാറി. സർവ്വീസ് ഡെലിവറി ഓൺലൈൻ ആക്കുന്നതിന്റെ ആദ്യഘട്ടമായി EC, CC, LC അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ആധാരങ്ങളുടെ രജിസ്ട്രേഷന് വേണ്ടി ആധാരങ്ങളുടെ ഇൻഡക്സ് ഡേറ്റ ഓൺലൈനായി സമർപ്പിക്കുന്ന Online Token Registration നടപ്പിലാക്കി. EC കൾ ഡിജിറ്റൽ സൈൻ ചെയ്ത് ഓൺലൈനായി തന്നെ ഇഷ്യു ചെയ്ത് തുടങ്ങി.

രജിസ്ട്രേഷൻ ഫീസ് ഇപേയ്മെന്റായി അടയ്ക്കുവാൻ സൗകര്യം PEARLÂ ഉൾപ്പെടുത്തിയതാണ് അടുത്ത പരിഷ്കാരം. തുടർന്ന് ആധാരങ്ങൾക്ക് ആവശ്യമായ മുദ്രപ്പത്രങ്ങൾക്ക് ഇ–സ്റ്റാമ്പിങ്ങ് നടപ്പിലാക്കുകയുണ്ടായി. ആദ്യഘട്ടത്തിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ ഉള്ള പത്രങ്ങളും അടുത്ത ഘട്ടത്തിൽ എല്ലാ തുകയ്ക്കുള്ള പത്രങ്ങളും ഇ–സ്റ്റാമ്പിലേയ്ക്ക് മാറി.

രജിസ്റ്റർ ചെയ്ത ആധാരങ്ങൾ സ്കാൻ ചെയ്ത് സൂക്ഷിക്കുന്ന സൗകര്യം ഏർപ്പെടുത്തിയത് സമീപകാലത്താണ്. CDit ന്റെ സഹായത്തോടെ പഴയ ആധാരങ്ങളുടെ ഓഫീസ് പകർപ്പുകളായ വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്തത് വിപ്ലവകരമായ നടപടിയായിരുന്നു. ഇതേ തുടർന്ന് ആധാരങ്ങളുടെ പകർപ്പ് ഡിജിറ്റലായി നൽകുവാൻ തുടങ്ങി, ഇതോടൊപ്പം തന്നെ വിവാഹരജിസ്ട്രേഷൻ, ചിട്ടി രജിസ്ട്രേഷൻ എന്നിവയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാൻ പേൾ സോഫ്റ്റ്‌വെയറിൽ സൗകര്യമൊരുക്കി.

ചിട്ടിയുടെ സെക്യൂരിറ്റി റിലീസിന് ആവശ്യമായ പരസ്യങ്ങൾ, സർക്കാർ ഗസറ്റിന് പകരം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു തുടങ്ങുകയും ചിട്ടിയുടെ ഫീസ് അടവുകൾ പൂർണ്ണമായി ഓൺലൈനാക്കുകയും ചെയ്തു. ഏറ്റവുമൊടുവിലായി ഓഫീസുകളിൽ നേരിട്ട് അടയ്ക്കുന്ന ഫീസുകൾ ക്യാഷ്‌ലെസ്/ഡിജിറ്റൽ/ ePOS മാർഗ്ഗങ്ങൾ കൂടി ഉപയോഗിച്ചു തുടങ്ങുകയുമുണ്ടായി.

## പരിഷ്ക്കരണം–ആസൂത്രണവും അഭിപ്രായ ശേഖരണവും.

മുകളിൽ വിവരിച്ചതു പോലെ രജിസ്ട്രേഷൻ സേവനങ്ങളുടെ ആധുനികവൽക്കരണത്തിന്റെ പാതയിൽ ലെഗസി രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതുൾപ്പടെയുള്ള കാര്യങ്ങളിൽ കേരളം ഏറെ പുരോഗതി കൈവരിച്ചിട്ടുണ്ട്. ആധാരപ്പകർപ്പുകൾ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ എന്നിവയെല്ലാം ഓൺലൈനായി അപേക്ഷ സ്വീകരിച്ച് ഓൺലൈനായി ഇഷ്യൂ ചെയ്യുന്നതിലൂടെ വലിയ നേട്ടമാണ് ഉണ്ടായിരിക്കുന്നത്. രജിസ്റ്ററിംഗ് ഓഫീസുകളിൽ സമ്പൂർണ്ണമായും ഡിജിറ്റൽ പേയ്മെന്റ് നടപ്പിലാക്കിയതാണ് മറ്റൊരു പ്രധാന നാഴികക്കല്ല്. നടപടികൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ഡിജിറ്റൽ എൻഡോഴ്സ്മെന്റിന്റേയും ആധാരങ്ങളുടെ ടെംപ്ലേറ്റ് ഓൺലൈനായി ലഭ്യമാക്കുന്നതിന്റേയും നടപടികൾ അവസാന ഘട്ടത്തിലാണ്. എന്നിരിക്കിലും രജിസ്ട്രേഷൻ നടപടികളുടെ ഡിജിറ്റലൈസേഷൻ ചെയ്യുന്ന നടപടികൾ ഇപ്പോഴും പ്രാരംഭഘട്ടത്തിലാണെന്നേ പറയാൻ കഴിയൂ.

കമ്പ്യൂട്ടറൈസേഷനും ഡിജിറ്റൈസേഷനും ഉൾപ്പടെ നിരവധി പരിഷ്കാരങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്നിരുന്നാലും ജനങ്ങളുടെ വർധിച്ചുവരുന്ന ആവശ്യങ്ങളും രാജ്യത്ത് പൊതുവേ ഈ രംഗത്ത് ഉണ്ടാകുന്ന മാറ്റങ്ങളും സാങ്കേതികവിദ്യയിലുണ്ടായ അതിവേഗ പുരോഗതിയും കാര്യക്ഷമവും സുതാര്യവും ജനോന്മുഖവുമായ ഭരണത്തിനായുള്ള പൊതുസമൂഹത്തിന്റെ പ്രതീക്ഷകളും കണക്കിലെടുത്ത്, വകുപ്പ് നൽകുന്ന സേവനങ്ങൾ ആധുനികവൽക്കരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. വകുപ്പിന്റെ ആധുനികവൽക്കരണത്തിലെ ഏറ്റവും പ്രധാന ചുവടുവയ്പ്പ് രജിസ്ട്രേഷൻ നടപടികളുടെ ഡിജിറ്റലൈസേഷൻ തന്നെയാണ്. രാജ്യത്ത് രജിസ്ട്രേഷൻ നടപടികൾ പേപ്പർരഹിതമാക്കുന്നതിനും കക്ഷികളെ ആഫീസിൽ വരുത്താതെ തന്നെ വിസ്താര നടപടികൾ നടത്തുന്ന ഫേസ് ലെസ് സംവിധാനമൊരുക്കുന്നതിനും ആവശ്യമായ നടപടികൾ പല സംസ്ഥാനങ്ങളും പരീക്ഷണാടിസ്ഥാനത്തിലെങ്കിലും നടപ്പിൽ വരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നടപടികളുടെ റീഎൻജിനീയറിംഗ് ആലോചിക്കുമ്പോൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലെയുള്ള പുതിയ സങ്കേതങ്ങളെ കൂടി ഉപയോഗപ്പെടുത്തി രജിസ്ട്രേഷൻ നടപടികൾ സ്മാർട്ട്, പേപ്പർലെസ് ആക്കുക എന്നതാവണം ലക്ഷ്യം വയ്ക്കേണ്ടത്.

സാമ്രാജ്യത്ത ഭരണം നിലവിലിരുന്ന കാലത്ത് നടപ്പിൽ വന്ന രജിസ്ട്രേഷൻ നിയമവും നടപടികളും തന്നെയാണ് സ്വതന്ത്ര ഇന്ത്യയിലും തുടരുന്നത്. അങ്ങനെയുള്ളപ്പോൾ തന്നെ ഒന്നര നൂറ്റാണ്ടിനുമേൽ ചരിത്രമുള്ള ഈ വകുപ്പിന്റെ സേവനങ്ങൾ കാലഘട്ടത്തിനനുസരിച്ച് ഏറെ മാറിയിട്ടുണ്ട് എന്നതും യാഥാർത്ഥ്യമാണ്. എങ്കിലും പുതിയ കാലത്തിന്റെ ചലനങ്ങൾക്കനുസരിച്ച് വൃത്തിയും വെടിപ്പുമുള്ളതും, പൗരന്മാരെ മുഷിപ്പിക്കാതെ കാര്യക്ഷമമായ സേവനം വേഗത്തിൽ നൽകുന്നതുമായ ഇടങ്ങളായി സർക്കാർ സ്ഥാപനങ്ങൾ മാറേണ്ടതുണ്ട്. സർക്കാർ സേവനങ്ങൾ പൗരോന്മുഖമാകേണ്ടത് പൊതു ജനത്തിന്റെ അവകാശമാണ്.

ഓഫീസുകൾ പൗരന്മാരെ എങ്ങനെ സ്വീകരിക്കുന്നു എന്നതു പോലെ തന്നെ പ്രാധാന്യമുള്ളതാണ് ദുർബല വിഭാഗങ്ങൾക്കായി സംവിധാനം എങ്ങനെ പ്രവർത്തിക്കുന്നു എന്നുള്ളതും. മറ്റെല്ലാ സർക്കാർ സ്ഥാപനങ്ങളെയും പോലെ വൃദ്ധരും ഭിന്നശേഷിക്കാരും ഉൾപ്പടെ എല്ലാ ദുർബല വിഭാഗങ്ങളെയും തുല്യതയോടെ സ്വീകരിക്കുകയും സേവന ലഭ്യത ഉറപ്പു വരുത്തുകയും അവർക്കായുള്ള ഭൗതീക സൗകര്യങ്ങൾ ഏർപ്പെടുത്തി സൗഹൃദാന്തരീക്ഷം ഒരുക്കുകയും ചെയ്യുക എന്ന അടിസ്ഥാനപരമായ ദൗത്യത്തിനുപരിയായി സ്വത്തു കൈമാറ്റം സംബന്ധിച്ച രേഖകളും നടപടികളും കൈകാര്യം ചെയ്യുന്ന വകുപ്പ് എന്ന നിലയിൽ അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുക എന്ന കർത്തവ്യം കൂടി രജിസ്ട്രേഷൻ വകുപ്പിനുണ്ട്. ദുർബല വിഭാഗങ്ങളെ ഉൾച്ചേർക്കുന്നതും ഉൾക്കൊള്ളുന്നതുമായ സേവനം എന്നത് വികസനോന്മുഖമായ ഒരു ചിന്ത എന്നതിനേക്കാൾ രജിസ്ട്രേഷൻ വകുപ്പിന്റെ കടമയാകുന്നത് ഈ സാഹചര്യത്തിലാണ്.

ജനങ്ങളുടെ സ്വത്തു സംബന്ധമായ അടിസ്ഥാന രേഖകളാണ് സ്ഥാവര വസ്തുക്കൾ സംബന്ധിച്ച ആധാരങ്ങൾ എന്നതിനാലും രാജ്യത്ത് പൊതുവേയും കേരളത്തിൽ പ്രത്യേകിച്ചും നിശിതമായ വ്യവഹാര നടപടികൾക്ക് ആധാരങ്ങളും രജിസ്ട്രേഷൻ നടപടികളും പലപ്പോഴും വിധേയമാവുന്നുണ്ട് എന്നതിനാലും ആധാര രജിസ്ട്രേഷന്റെ അനുബന്ധ തൊഴിലുകൾ സ്വീകരിച്ചിട്ടുള്ള വലിയൊരു സമൂഹം ഇവിടെയുണ്ട് എന്നതു പരിഗണിച്ചും ആധുനികതയിലേക്കുള്ള ചുവടുവയ്പ് അതീവ ജാഗ്രതയോടെയാവേണ്ടതുണ്ട്. കക്ഷിവിസ്താരവും തിരിച്ചറിയലും പോലെയുള്ള നടപടികൾ ഡിജിറ്റലൈസ് ചെയ്യുമ്പോൾ അത്തരം നടപടികളുടെ തെളിവു മൂല്യവും (evidentiary value) നിയമപരമായ സ്വീകാര്യതയും ഉറപ്പു വരുത്തേണ്ടതുണ്ട്. ഇങ്ങനെ, ഇക്കാര്യങ്ങളെല്ലാം ഉൾക്കൊണ്ട് കാലഘട്ടത്തിനനുസരിച്ച് കേരളത്തിലെ രജിസ്ട്രേഷൻ വകുപ്പിന്റെ മട്ടും ഭാവവും പ്രവർത്തനരീതിയും പരിഷ്ക്കരിക്കേണ്ടത് അനിവാര്യമാണ്.

സർക്കാരിന്റെ വിഷൻ 2031 എന്ന കാഴ്ചപ്പാട് രജിസ്ട്രേഷൻ വകുപ്പിനെ സംബന്ധിച്ച് അനിവാര്യമായ വികസനം സാധിതപ്രായമാക്കാനുള്ള ഒരു സുവർണ്ണാവസരം ആണ്. കൂട്ടായ ചിന്തയും, ആസൂത്രണവും, സാങ്കേതികവിദ്യയുടെ സംയോജനവും, നയപരമായ നവീകരണവും വഴി ഭാവിയിലേക്ക് സുസജ്ജമായ, പൗര കേന്ദ്രീകൃതവും ജനസൗഹൃദവുമായ സേവനം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെയാവണം 2031ലേക്കുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്നത്. ഇതിനായി വിവിധ രംഗങ്ങളിൽ വൈദഗ്ധ്യം തെളിയിച്ചിട്ടുള്ള പ്രഗൽഭരെകൂടാതെ സാങ്കേതിക വിദഗ്ധർ, അഭിഭാഷകർ, വകുപ്പിലെ ജീവനക്കാർ, ആധാരമെഴുത്തുകാർ, പൊതുജനങ്ങൾ എന്നിവർക്കെല്ലാം അവരവരുടേതായ സംഭാവനകൾ നൽകാനുണ്ട്. പൊതു അഭിപ്രായത്തിനായി സമർപ്പിക്കുന്ന രൂപരേഖ ഉപയോക്താക്കളുടെ കൂടി പങ്കാളിത്തത്തോടെ ചർച്ച ചെയ്ത് പിഴവുകളില്ലാത്ത ആസൂത്രണത്തിലൂടെ ഭാവി വികസനത്തിനുതകുന്ന മികച്ച ഒരു മാർഗ്ഗരേഖ തയ്യാറാക്കുക എന്ന ലക്ഷ്യത്തിന്റെ പ്രസക്തി അതാണ്.



# വിഷൻ 2031
# സെമിനാർ

ഒക്ടോബർ മാസം 14

സഹകരണ നിലയം ഓഡിറ്റോറിയം, കുഴുപ്പിള്ളി, എറണാകുളം

# വിഷൻ 2031 വികസന സെമിനാർ.

കേരള സർക്കാരിന്റെ വിഷൻ 2031ന്റെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പിന്റെ വികസന സെമിനാർ 2025 ഒക്ടോബർ മാസം 14ന് എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജകമണ്ഡലത്തിന്റെ ഭാഗമായ കുഴുപ്പള്ളി സഹകരണ നിലയം ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. ഉദ്ഘാടന സമ്മേളനത്തിനു ശേഷം രാവിലെയും ഉച്ചയ്ക്കുമായി രണ്ടു സെഷനുകളിലായി രണ്ടു സെമിനാറുകളാണ് നടന്നത്. ആദ്യത്തെ സെഷനിൽ രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം എന്ന വിഷയവും രണ്ടാമത്തെ സെഷനിൽ പൗരകേന്ദ്രീകൃത രജിസ്ട്രേഷൻ എന്ന വിഷയവുമാണ് ചർച്ച ചെയ്തത്.

## ഉദ്ഘാടന സമ്മേളനം

കേരള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ശ്രീമതി മീര കെ. ഐ.എ.എസ് ന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സമ്മേളനം 9.30 ന് ആരംഭിച്ചു. യോഗത്തിൽ  രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ശ്രീ പി കെ സാജൻകമാർ സ്വാഗതം ആശംസിച്ചു. വിഷൻ 2031 രജിസ്റ്റേഷൻ വകുപ്പ് സംസ്ഥാനതല സെമിനാറിന്റെ  സ്വാഗത സംഘം ചെയർമാനും വൈപ്പിൻ നിയോജകമണ്ഡലം എം.എൽ.എ യുമായ ശ്രീ കെ.എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെയും വിശിഷ്ടാതിഥികളുടെയും സാന്നിദ്ധ്യത്തിൽ നിലവിളക്ക് തെളിയിച്ച് ചടങ്ങ് ഉദ്ഘാടനം ചെയ്തു.









75 വർഷം തികയുന്ന വേളയിൽ കേരളത്തിന്റെ കഴിഞ്ഞകാല വളർച്ചയെ വിലയിരുത്തുന്നതിനും ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുമാണ് സംസ്ഥാനതല സെമിനാർ നടത്തുന്നതെന്ന് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ബഹു. എം.എൽ.എ പരാമർശിക്കുകയുണ്ടായി. രജിസ്ട്രേഷൻ വകുപ്പിന്റെ സെമിനാർ സർഗ്ഗാത്മകമായ ചർച്ചകൾ കൊണ്ട് സമ്പുഷ്ടമാക്കുവാൻ കഴിയട്ടെയെന്ന് അദ്ദേഹം ആശംസിച്ചു, ഡിജിറ്റലൈസേഷൻ, കൺസർവേഷൻ പദ്ധതി, എന്റെ ഭൂമി, ഇസ്റ്റാമ്പിംഗ്, ബയോമെട്രിക് പഞ്ചിംഗ്, വെബ് സൈറ്റ് നവീകരണം, ഇന്റർനെറ്റ് കണക്ടിവിറ്റി തുടങ്ങി വകുപ്പ് സർക്കാരിന്റെ സഹായത്തോടെ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായി അദ്ദേഹം സംസാരിക്കുകയും ചെയ്തു. രജിസ്ട്രേഷൻ വകുപ്പ് അതിന്റെ ഭൂതകാല ചരിത്രത്തെ വർത്തമാന കാലത്തിൽ പ്രോജ്ജ്വലിപ്പിക്കുകയാണെന്നും, ബഹു. വകുപ്പ് മന്ത്രി ശ്രീ രാമചന്ദ്രൻ കടന്നപ്പള്ളിയുടെ നേതൃത്വത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിലൂടെ അടിസ്ഥാന സൗകര്യ വികസനത്തിൽ വലിയ നേട്ടങ്ങൾ കൈവരിക്കുകയും അതുവഴി നവകേരള നിർമ്മിതിയിൽ ജാഗ്രതയോടെ പ്രവർത്തിക്കുകയാണെന്നും ഉദ്ഘാടകൻ പ്രസ്താവിച്ചു.

ബഹുമാനപ്പെട്ട എം.എൽ.എയുടെ ഉദ്ഘാടന പ്രസംഗത്തിനു ശേഷം രജിസ്ട്രേഷൻ വകുപ്പിലെ കഴിഞ്ഞ 9 വർഷത്തെ നേട്ടങ്ങൾ നികുതി വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ പ്രമോദ് എം വി അവതരിപ്പിക്കുകയുണ്ടായി. തുടർന്ന് അദ്ധ്യക്ഷ പ്രസംഗത്തോടൊപ്പം രജിസ്ട്രേഷൻ വകുപ്പിന്റെ ദർശനവും നവകേരള വികസന പരിപ്രേക്ഷ്യവും-വിഷൻ 2031 രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ശ്രീമതി. മീര കെ. ഐ എ എസ് അവതരിപ്പിച്ചു. അതിനു ശേഷം ചടങ്ങിന് ആശംസ അർപ്പിച്ചുകൊണ്ട് വിശിഷ്ടാതിഥികൾ സംസാരിക്കുകയുണ്ടായി. ചടങ്ങിന് ദക്ഷിണമദ്ധ്യമേഖലാ ഡി.ഐ.ജി ശ്രീ. കെ. സി. മധു നന്ദി പ്രകാശിപ്പിച്ചു.







# സെമിനാർ 1
# രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവത്കരണം

രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം എന്ന വിഷയത്തിൽ നാലു പ്രബന്ധങ്ങളാണ് അവതരിപ്പിക്കപ്പെട്ടത്. സെമിനാറിൽ കേരള ഹൈക്കോടതിയിലെ സീനിയർ ഗവൺമെന്റ് പ്ലീഡർ ശ്രീ ഇ.ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷനായി.

















# രജിസ്ട്രേഷൻ പ്രക്രിയകളുടെ ഡിജിറ്റലൈസേഷൻ

ശ്രീ. പി.എ മനോജ്

പേപ്പർ 01

ശ്രീ. മനോജ് പി.എ എൻ.ഐ.സിയുടെ (National Informatics Centre) സീനിയർ ടെക്നിക്കൽ ഡയറക്ടർ ആയി റിട്ടയർ ചെയ്തയാളാണ്. അദ്ദേഹത്തിന് ഇ-ഗവണൻസിലും ഐ.സി.റ്റി ഇന്നൊവേഷനിലും മുപ്പത്തിമൂന്നു വർഷത്തെ സേവനപരിചയമുണ്ട്. ഗുജറാത്ത് സർക്കാരിലെ രജിസ്ട്രേഷൻ ഉൾപ്പടെ പല വകുപ്പുകൾക്കും ഇ-ഗവേണൻസ് സൊലൂഷൻസ് വികസിപ്പിച്ചതിൽ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. അദ്ദേഹം കണ്ണൂരിലെ ജില്ലാ ഇൻഫർമാറ്റിസ് ഓഫീസർ ആയിരിക്കെ കണ്ണൂരിനെ കേരളത്തിലെ ആദ്യത്തെ ഇ-ജില്ല (eDistrict) ആക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ നേതൃത്വം വഹിച്ചിട്ടുണ്ട്. സർവ്വേ റവന്യു രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങൾ ഏകീകരിക്കുന്ന എന്റെ ഭൂമി പദ്ധതിയുടെ ടീം ലീഡർ ആയി പ്രവർത്തിക്കുകയും Integrated Land Management System (ILMS) Integrated Land Data Bank (ILDB) എന്നിവയുടെ ഡിസൈനിലും നടത്തിപ്പിലും പ്രധാന പങ്കുവഹിക്കുകയും ചെയ്തിട്ടുണ്ട്.



## ആമുഖം

നിലവിലെ രജിസ്ട്രേഷൻ നടപടികൾ ഏറെക്കുറേ ഒന്നര നൂറ്റാണ്ടിലേറെയായി മാറ്റമില്ലാതെ തുടർന്നു പോരുന്നതാണ്. ആധുനിക കാലത്തിന്റെ ആവശ്യകതകൾക്കനുസരിച്ച് കാര്യക്ഷമവും സുതാര്യവും ജനോന്മുഖവുമായ സേവനം വേഗത്തിൽ നൽകുവാൻ വിവര സാങ്കേതിക വിദ്യയുടെ പുരോഗതി ഉപയോഗപ്പെടുത്തി രജിസ്ട്രേഷൻ നടപടികൾ പരിഷ്ക്കരിക്കേണ്ടതുണ്ട്. ഈ വിഷയത്തിൽ ലോകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളും ആ മാറ്റങ്ങൾ സ്വീകരിച്ച് എങ്ങനെ പരിഷ്കാരങ്ങൾ നടപ്പിലാക്കാം എന്നതും ചർച്ച ചെയ്യുക എന്നതാണ് പ്രബന്ധത്തിന്റെ ഉദ്ദേശം.

## നേട്ടങ്ങൾ

രാജ്യത്ത് രജിസ്ട്രേഷൻ നടപടികൾ ആധുനീകരണത്തിന്റെ പാതയിലാണ്. ആധുനിക സാങ്കേതിക വിദ്യയിൽ, പ്രത്യേകിച്ച് വിവരസാങ്കേതിക രംഗത്ത് ഉണ്ടായ പുരോഗതി സ്വാംശീകരിച്ച് നടപടികൾ പരിഷ്ക്കരിക്കുന്നതിനുള്ള ശ്രമമാണ് നടന്നു വരുന്നത്. സേവനം നൽകുന്നതിലെ കാലതാമസം ഒഴിവാക്കുക, നടപടിക്രമങ്ങൾ ലഘൂകരിക്കുക, ആൾമാറാട്ടത്തിനും കൃത്രിമത്തിനും തട്ടിപ്പുകൾക്കുമുള്ള സാദ്ധ്യതകൾ ഒഴിവാക്കി ഇടപാടുകൾക്ക് പൂർണ്ണ സുരക്ഷിതത്വം നൽകുക എന്നിങ്ങനെ ആധുനികവൽക്കരണം കൊണ്ടുള്ള നേട്ടങ്ങൾ നിരവധിയാണ്. ഡാറ്റയുടെ ഡിജിറ്റൈസേഷൻ എന്നതിൽ നിന്നും നടപടിക്രമങ്ങളുടെ ഡിജിറ്റലൈസേഷൻ എന്നതിലേക്ക് കൂടി ആധുനികവൽക്കരണത്തിന്റെ പദ്ധതി വ്യാപിപ്പിച്ചിട്ട് അധിക കാലമായിട്ടില്ല. കേരളത്തിന്റെ PEARL ഈ രംഗത്തെ ശ്രദ്ധേയമായ ഒരു ചുവടുവയ്പാണ്. കർണ്ണാടകയുടെ KAVERI, മദ്ധ്യപ്രദേശിന്റെ SAMPADA

എന്നിങ്ങനെ സംസ്ഥാനങ്ങളുടെ സ്വന്തമായ സംരഭങ്ങൾക്കു പുറമേ ദേശീയതലത്തിൽ NIC യുടെ National Generic Documents Registration System (NGDRS) എന്ന പ്രോഗ്രാമുംരജിസ്ട്രേഷൻ നടപടികളുടെ ആധുനിക വൽക്കരണം ലക്ഷ്യമിടുന്നു.

## PEARL

കേരളത്തിലെ രജിസ്ട്രേഷൻ വകുപ്പിലെ ഡിജിറ്റലൈസേഷൻ പരിശോധിച്ചാൽ ആധാരങ്ങളുടെ ഇൻഡക്സിംഗ്, ഗഹാൻ ഫയലിംഗ്, ബാദ്ധ്യതാ സർട്ടിഫിക്കറ്റ് വിതരണം ഇവയെല്ലാം പേൾ സോഫ്റ്റ് വെയറിലൂടെ വിജയകരമായി നടത്തിവരുന്നുണ്ട്. എന്നാൽ ചിട്ടി രജിസ്ട്രേഷൻ സോഫ്റ്റ് വെയർ പ്രാഥമിക ഘട്ടത്തിൽ എത്തിയിട്ടേയുള്ളൂ. അടുത്ത 5 വർഷത്തിനുള്ളിൽ ചിട്ടി രജിസ്ട്രേഷൻ പൂർണ്ണമായും കമ്പ്യൂട്ട റൈസ് ചെയ്യേണ്ടതുണ്ട്.

ആധാര രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യേണ്ടത് പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഫിസിക്കൽ പ്രസന്റേഷൻ പൂർണ്ണമായും ഒഴിവാക്കി പേപ്പർലെസ് രജിസ്ട്രേഷൻ എന്നതിലേക്ക് എത്തേണ്ടതുണ്ട്. എന്നാൽ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുമ്പോൾ അതിനൊരു പ്രധാന വെല്ലുവിളി സർവറുകളുടെ സ്റ്റോറേജ് കപ്പാസിറ്റിയാണ്. എന്നിരിക്കിലും സോഫ്റ്റ് കോപ്പിയുടെ സൈസ് കുറയ്ക്കുന്ന കാര്യം പരിഗണി ച്ചാൽ സ്റ്റോറേജ് കപ്പാസിറ്റി വളരെയധികം ഇംപ്രൂവ് ചെയ്യാൻ സാധിക്കും.

ആധാരഭാഷ ഏകീകരിക്കുന്നതിന്റെ ഭാഗമായി വിവിധ ആധാരങ്ങൾക്കായി പ്രത്യേകം പ്രത്യേകം ടെംപ്ലേറ്റുകൾ വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. NGDRS സോഫ്റ്റ് വെയർ ഇതിന് മാതൃകയാക്കാവുന്നതാണ്. വളരെ ദുർഗ്രാഹ്യമെന്നു കരുതിപ്പോരുന്ന ആധാര ഭാഷകളെയും നടപടികളെയും ലഘൂകരിച്ച് ലളിതമാക്കുന്ന പ്രക്രിയയാണ് ടെംപ്ലേറ്റുകളിലൂടെ സാദ്ധ്യമാവുന്നത്.

## സ്പെഷ്യൽ മാര്യേജ് നടപടികൾ

സ്പെഷ്യൽ മാര്യേജ് ആക്ട് അനുസരിച്ചുള്ള രജിസ്ട്രേഷനുകളുടെ എണ്ണം ഇന്ന് വളരെയധികം വർദ്ധിച്ചിട്ടുണ്ട്. പ്രത്യേകിച്ച് പ്രവാസി മലയാളികൾ ധാരാളമായി സ്പെഷ്യൽ മാര്യേജിനെ ആശ്രയിക്കുന്നുണ്ട്. സ്പെഷ്യൽ മാര്യേജ് നടപടികളും സർട്ടിഫിക്കറ്റ് വിതരണവും പേൾ സോഫ്റ്റ് വെയർ കൈകാര്യം ചെയ്യുന്നുണ്ട്. എന്നിരു ന്നാലും പ്രവാസികളുടെ ആവശ്യം കൂടി പരിഗണിച്ച് പേൾ സോഫ്റ്റ്‌വെയർ മുഖേന കക്ഷികൾ നേരിട്ട് ഹാജ രാകാതെ ഓൺലൈനായി ഹാജരായി വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതുണ്ട്. മാര്യേജ് സർട്ടിഫിക്കറ്റിൽ വധൂവരന്മാരുടെ ഫോട്ടോ കൂടി ഉൾപ്പെടുത്തി നൽകണമെന്ന ആവശ്യം പരിഗണ നയിലാണ്.

## എന്റെ ഭൂമി പോർട്ടൽ

സർവ്വെ റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിച്ച് വസ്തു കൈമാറ്റങ്ങൾ ഒറ്റ പോർട്ടലിൽ നിന്നുതന്നെ പൗരന് രജിസ്ട്രേഷൻ നടത്തി തണ്ടപ്പേര് ലഭ്യമാക്കി അന്നുതന്നെ കരം അടച്ച് നടപടി പൂർത്തിയാക്കാൻ കഴിയുന്ന സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഡിജിറ്റൽ സർവ്വേ പൂർത്തിയായ വില്ലേ ജുകളിൽ എന്റെ ഭൂമി പോർട്ടലിലൂടെ ജിയോ കോർഡിനേറ്റ് ഉൾപ്പെടുത്തി പ്രീമ്യൂട്ടേഷൻ സ്കെച്ച് ആധാര ത്തിന്റെ ഭാഗമാക്കി ഓട്ടോ മ്യൂട്ടേഷൻ നടത്തുന്നത് വിപ്ലവകരമായ മാറ്റമാണ്.

## ഡിജിറ്റൈസേഷൻ

ലെഗസി രേഖകളുടെ ഡിജിറ്റൈസേഷൻ വളരെ സുപ്രധാനമായ ഒരു ചുവടുവയ്പാണ്. അപേക്ഷിച്ച ഉടൻ ഓൺലൈനായി ആധാരപകർപ്പ് നൽകുന്നത് പൊതുജനങ്ങളുടെ സമയവും അദ്ധ്വാനവും ലാഭിക്കുന്നതും രജിസ്ട്രേഷൻ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചതുമായ നടപടിയാണ്.

## ഫേസ്‌ലെസ് രജിസ്ട്രേഷൻ

ഫേസ് ലെസ് രജിസ്ട്രേഷനാണ് ഡിജിറ്റലൈസേഷനിലെ മറ്റൊരു പ്രധാന ലക്ഷ്യം. ആധാരം എഴുതി ഒപ്പിട്ട കക്ഷി ആഫീസിൽ നേരിട്ട് ഹാജരാകാതെ വീഡിയോ കെവൈസി ഉപയോഗിച്ചോ റിമോട്ട് രജിസ്ട്രേഷൻ വഴിയോ രജിസ്ട്രേഷൻ നടത്തുന്ന സംവിധാനമാണ് ഫേസ് ലെസ് രജിസ്ട്രേഷൻ. രാജ്യത്ത് ചില സംസ്ഥാന ങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ചില തരം ആധാരങ്ങൾക്ക് ഫേസ് ലെസ് രജിസ്ട്രേഷൻ അനുവദിക്കു ന്നുണ്ട്. എങ്കിലും പൂർണ്ണാർത്ഥത്തിൽ ഫേസ് ലെസ് ആകുവാൻ ഏറെ ദൂരം സഞ്ചരിക്കേണ്ടതുണ്ട്.

## സംഗ്രഹം

2031 ലേക്കുള്ള ചുവടുവയ്പിൽ, രാജ്യത്തെ ചലനങ്ങൾക്കൊപ്പം കേരളത്തിലും രജിസ്ട്രേഷൻ നടപടികളുടെ ഡിജിറ്റലൈസേഷന് വേഗം പകരേണ്ടതുണ്ട്. കക്ഷികളുടെ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ, ലെഗസി ഡാറ്റയുടെ സമ്പൂർണ്ണ ഡിജിറ്റൈസേഷൻ, പേപ്പർലെസ് രജിസ്ട്രേഷൻ, ഫേസ് ലെസ് രജിസ്ട്രേഷൻ എന്നിവ യെല്ലാം വ്യക്തമായ ആസൂത്രണത്തോടെ ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തി രജിസ്ട്രേഷൻ നടപടികളെ കാലോചിതമായി പരിഷ്ക്കരിക്കാവുന്നതാണ്.



# വിഷയം: ഡിജിറ്റൽ ഡാറ്റാ സുരക്ഷയും ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യയും രജിസ്ട്രേഷൻ രംഗത്ത്.

അഡ്വ. സൂസൻ സഖറിയ

പേപ്പർ 02

അഡ്വ. സൂസൻ സഖറിയ നിയമത്തിലും കമ്പ്യൂട്ടർ ശാസ്ത്രത്തിലും മികച്ച അക്കാദമിക് നേട്ടങ്ങൾ കൈവരിച്ച വ്യക്തിയാണ്. അവർ അൽ അഹ്സർ ലോ കോളേജിൽ നിന്ന് എം.ജി. സർവകലാശാലയിലെ ഒന്നാം റാങ്കോടെ എൽഎൽഎം, രണ്ടാം റാങ്കോടെ എൽ.എൽ.ബി ബിരുദങ്ങൾ നേടിയിട്ടുണ്ട്. അതിനു പുറമേ യുഎസിലെ യൂണിവേഴ്സിറ്റി ഓഫ് ബ്രിഡ്ജ്പോർട്ടിൽ നിന്ന് എം.എസ്.സി. കമ്പ്യൂട്ടർ സയൻസും, വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ബി.ടെക് കമ്പ്യൂട്ടർ സയൻസും കരസ്ഥമാക്കിയിട്ടുണ്ട്.

അഡ്വ. സൂസൻ സഖറിയ ഇപ്പോൾ കൊച്ചി സയൻസ് ആൻഡ് ടെക്നോളജി സർവകലാശാലയിലെ (CUSAT) സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ ഗവേഷക വിദ്യാർത്ഥിയായി പ്രവർത്തിക്കുന്നു. സൈബർസെക്യൂരിറ്റി നിയമം, ആർട്ടിഫിഷ്യൽ ഇന്റലിജൻസും നിയമവും, ബ്ലോക്ക്ചെയിൻ ആപ്ലിക്കേഷൻസ്, ഡാറ്റാ പ്രൊട്ടക്ഷൻ തുടങ്ങിയവയാണ് ഗവേഷണ മേഖലകൾ.



## ആമുഖം

രജിസ്ട്രേഷൻ നടപടികളുമായി ബന്ധപ്പെട്ട് വകുപ്പ് കൈകാര്യം ചെയ്യുന്ന ഡാറ്റയിൽ ജനങ്ങളുടെ ആധാർ നമ്പർ ഫോൺനമ്പർ തുടങ്ങിയ സ്വകാര്യ വിവരങ്ങളും സ്വത്തു സംബന്ധമായ വിവരങ്ങളും ഉൾപ്പെടുന്നു. അതുകൊണ്ടു തന്നെ, ഈ വിഷയം സംബന്ധിച്ച ഒരു പ്രധാന വെല്ലുവിളി ഡാറ്റാ സുരക്ഷയും സൈബർ ഭീഷണികളോടുള്ള പ്രതിരോധവുമാണ്. ഇതിന്റെ സാദ്ധ്യതകളും വെല്ലുവിളികളും പരിഹാര നിർദ്ദേശങ്ങളും ചർച്ച ചെയ്യുക എന്നതാണ് പ്രബന്ധത്തിന്റെ ഉദ്ദേശം.

## ഡാറ്റ

ഡാറ്റ എന്നാൽ വിവരം എന്നാണ് അർത്ഥമാക്കുന്നത്. രജിസ്ട്രേഷൻ വകുപ്പിന് ലഭിക്കുന്ന ഡാറ്റയെ അനിവാര്യമായും തരംതിരിക്കേണ്ടതിന് മൂന്നു കാരണങ്ങളാണുള്ളത്.

1.പ്രത്യേക സുരക്ഷാനയങ്ങൾ (Targeted security policies) രൂപീകരിക്കേണ്ടതിന്റെ ആവശ്യകത
2.ശ്രേണീബദ്ധമായ ആക്സസ് നിയന്ത്രണം (Access hierarchies)
3.നിയമങ്ങളുടെയും സുരക്ഷാ മാനദണ്ഡങ്ങളുടെയും പാലനം (Compliance mechanisms)

ഡാറ്റയെ വർഗ്ഗീകരിക്കുന്നതിലൂടെ ഓരോ തരം വിവരവും ഉചിതമായ നിയമ സുരക്ഷാ ക്രമീകരണങ്ങളോടെ കൈകാര്യം ചെയ്യുന്നു എന്നുറപ്പു വരുത്തുന്നതിനും സ്വകാര്യതയും കൃത്യതയും സുതാര്യതയും പാലിക്കുന്നതിലൂടെ ഡിജിറ്റൽ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

രജിസ്ട്രേഷൻ വകുപ്പ് കൈകാര്യം ചെയ്യുന്ന ഡാറ്റയെ Personal Data, Transactional Data, Document Metadata എന്നിങ്ങനെ മൂന്നായി തരം തിരിക്കാം. ഓരോ രജിസ്ട്രേഷൻ റിക്കോർഡും നിയമപരമായ തെളിവായതിനാൽ അതിന് കൃത്യത (Accuracy), സമഗ്രത (Integrity), ആധികാരികത (Authenticity) എന്നീ ഗുണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

## Cyber Threats in Registration Systems – ഡിജിറ്റൽ ഭീഷണികളും പ്രതിരോധവും

സെർവറുകളെ ബാധിക്കുകയും സേവനങ്ങളെ വൈകിപ്പിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നതോ, ഡാറ്റയുടെ പൂർണ്ണമായ നഷ്ടത്തിനിടയാക്കുന്നതോ ആയ മാൽവെയറുകളും റാൻസം വെയറുകളും, അനധികൃത കടന്നുകയറ്റത്തിനും ഡാറ്റ മോഷണത്തിനും ഇടയാക്കുന്ന Phishing & Social Engineering, ഡാറ്റകളിൽ കൃത്രിമം നടത്തുന്ന SQL Injection / Web Attacks Malware, മുഴുവൻ സംവിധാനത്തെയും സ്തംഭിപ്പി ക്കുന്ന അറ്റാക്കുകൾ (Denial of Service - DoS/DDoS) ജീവനക്കാർ തന്നെ അനധികൃതമായി ഡാറ്റയിൽ കൃത്രിമം വരുത്തുന്നതോ ഡാറ്റാ ചോർത്തുന്നതോ ആയ ആഭ്യന്തര ഭീഷണികൾ (Insider Threats) വകുപ്പ് സൂക്ഷിക്കുന്ന ആധാരങ്ങളുടെ സ്ക്യാൻഡ് പകർപ്പുകളും മറ്റും അനധികൃതമായി ആക്സസ് ചെയ്യുന്ന Cloud Security Risks തുടങ്ങിയവയാണ് ഡിജിറ്റൽ രജിസ്ട്രേഷൻ സംവിധാനം നേരിടേണ്ടി വരുന്ന പ്രധാന സൈബർ ഭീഷണികൾ.

രജിസ്ട്രേഷൻ സിസ്റ്റങ്ങളിൽ അനധികൃത കടന്നുകയറ്റങ്ങൾ (Unauthorised Access) ഉണ്ടാകുന്നത് പ്രധാനമായും ദുർബലമായ പാസ്‌വേഡുകൾ, വികലമായ ആക്സസ് നിയന്ത്രണം (poor access control), സുരക്ഷാ നടപടി കളില്ലാത്ത സോഫ്റ്റ്‌വെയർ (unpatched software), സംവിധാനത്തിന്റെ ദൗർബല്യങ്ങൾ (system vulnerabilities), ഫിഷിംഗ്/ സോഷ്യൽ എൻജിനീയറിംഗ് phishing / social engineering, നെറ്റ്‌വർക്കിലെ സജ്ജീകരണ പിഴവുകൾ (network misconfigurations), സ്ഥാപനത്തിനുള്ളിലെ ദുരുപയോഗം (insider misuse), ക്ലൗഡ് സ്റ്റോറേജിലെ സജ്ജീകരണ പിഴവുകൾ (cloud storage misconfigurations), സുരക്ഷാ ഓഡിറ്റിന്റെ അപര്യാപ്തത (lack of audits) തുടങ്ങിയ കാരണങ്ങളാൽ ആണ്. ഇവയോരോന്നും അതീവ ഗൗരവമുള്ളതാണ്. ദുർബലമായ പാസ്‌വേഡുകൾ മുതലെടുത്ത് അനധികൃതമായി സെൻസിറ്റീവ് ആയ ഡാറ്റ ആക്സസ് ചെയ്ത് വസ്തുസംബന്ധമായ റിക്കോഡുകൾ തിരുത്തിയെന്നുവരാം. കൃത്യമായ സുരക്ഷാ അപ്ഡേറ്റുകളില്ലാത്ത Unpatched software ഹാക്കർമാരെ സംബന്ധിച്ച് മാൽവെയറുകൾ കടത്തിവിടുന്നതിനോ ഡാറ്റാ ചോർത്തുന്നതിനോ സഹായകരമായ സംഗതിയാണ്. phishing / social engineering ആക്രമണങ്ങളാകട്ടെ ജീവനക്കാരുടെ പാസ്‌വേഡുകളോ മറ്റു വിവരങ്ങളോ കൈവശപ്പെടുത്തിയുള്ള അനധികൃത ലോഗിനും ഡാറ്റാ ചോർച്ചയ്ക്കും ഇടയാക്കും. നെറ്റ്‌വർക്ക് സുരക്ഷ ശരിയായി ക്രമീകരിക്കാത്തതും ഫയർവാളുകൾ ശരിയായി കോൺഫിഗർ ചെയ്യാത്തതും ransomware / DDoS അറ്റാക്കുകളെ തടയാതിരിക്കുകയും അതുവഴി ഓൺലൈൻ രജിസ്ട്രേഷൻ സേവനങ്ങളെ തകരാറിലാക്കുകയും ചെയ്യുന്നതാണ്. Insider misuse – അധികാരപ്പെടുത്തിയ ജീവനക്കാർ തന്നെ വ്യക്തി പരമായ നേട്ടത്തിന് ഡാറ്റയിൽ കൃത്രിമം വരുത്തുകയോ സെൻസിറ്റീവ് ആയ ഡാറ്റ പകർത്തി ഉപയോഗിക്കുകയോ ചെയ്യാം. Cloud storage misconfigurations കാരണമായി രജിസ്റ്റർ ചെയ്ത ആധാരങ്ങൾ ആർക്കും അനധികൃത മായി ലഭ്യമാകുന്ന സാഹചര്യം ഉണ്ടാകാം. കൃത്യമായ ഇടവേളകളിലെ സുരക്ഷാ ഓഡിറ്റിംഗിന്റെ അഭാവം സൈബർ അറ്റാക്കുകളും malicious codeകളുടെ സാന്നിദ്ധ്യമോ ഡാറ്റാ കറപ്ഷനോ ഒക്കെ ദീർഘകാലം കണ്ടെത്തപ്പെടാതെ പോകുന്ന സാഹചര്യമുണ്ടാക്കും.

ഇത്തരം അപകടങ്ങൾക്കെതിരേ കൃത്യമായ ഇടവേളകളിലെ സുരക്ഷാ ഓഡിറ്റിംഗ്, ശരിയായ ആക്സസ് നിയന്ത്രണ സംവിധാനം, ഡാറ്റാ ബാക്അപ്, ജീവനക്കാരുടെ ബോധവൽക്കരണവും ശരിയായ പരിശീലനവും തുടങ്ങിയ പ്രതിരോധ നടപടികൾ നിർബന്ധമായും സ്വീകരിക്കേണ്ടതാണ്.

## Identity Verification Methods and Issues – തിരിച്ചറിയൽ മാർഗങ്ങൾ

ഡിജിറ്റൽ രജിസ്ട്രേഷൻ സംവിധാനത്തിന്റെ സുപ്രധാനമായ ഒരു ഘടകം തിരിച്ചറിയലിനും എക്സിക്യൂഷനും ഒപ്പുസമ്മതത്തിനും സ്വീകരിക്കുന്ന ഡിജിറ്റൽ മാർഗ്ഗങ്ങളാണ്. Aadhaar eKYC, Digital Signature Certificates (DSC/eSign), OTP Authentication, Biometric Verification എന്നിവയാണ് നിലവിൽ ഇതിനായി ലഭ്യമായ സംവിധാനങ്ങൾ എന്നാൽ ഈ സംവിധാനങ്ങൾ നേരിടുന്ന വെല്ലുവിളികളും ഗൗരവതരമായി വിലയിരുത്തേണ്ടതുണ്ട്.

ആധാർ ഇ-കൈവൈസിയിൽ വ്യാജ ആധാർ കാർഡോ ക്ലോൺഡ് ആധാർകാർഡോ ഉപയോഗിച്ചുള്ള ഐഡന്റിറ്റി ഫ്രോഡ് അല്ലെങ്കിൽ ആൾമാറാട്ടം നടക്കാനുള്ള സാദ്ധ്യതയുണ്ട്, Biometric Mismatch, കണക്ടിവിറ്റി പ്രശ്നങ്ങൾ എന്നിവയാകട്ടെ രജിസ്ട്രേഷൻ വൈകിപ്പിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യും. ഇതെല്ലാം തന്നെ പൗരന് സംവിധാനത്തോടുള്ള വിശ്വാസ്യതയ്ക്ക് കോട്ടമേൽപ്പിക്കുന്നതാണ്.

ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റുകൾ (DSC/e Sign) ഉപയോഗിക്കുമ്പോൾ ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ മോഷ്ടിക്കപ്പെടുന്നതിനാലോ ദുരുപയോഗപ്പെടുത്തുന്നതിനാലോ അനധികൃതമായതോ വ്യാജമായതോ ആയ സൈനിംഗ് നടക്കുവാൻ സാദ്ധ്യതയുണ്ട്. ഒ.റ്റി.പി വെരിഫിക്കേഷനിൽ Phishing, SIM Swapping തുടങ്ങിയവ വഴി OTP ചോർന്നു പോകുന്നത് വലിയ സുരക്ഷാ അപകടമാണ്. Biometric Verification-ൽ മോശം സ്ക്യാൻ ക്വാളിറ്റിയോ ഡിവൈസ് മാൽഫംഗ്ഷനോ മൂലം യഥാർത്ഥ യൂസർക്ക് ആക്സസ് ലഭിക്കാതെ പോകാനും False Negatives ഉണ്ടാകാനും സാധ്യതയുണ്ട്. ഇവയെല്ലാം സംവിധാനത്തിന്റെ വിശ്വാസ്യതയെ ബാധിക്കുകയും സേവന കാര്യക്ഷമത കുറയ്ക്കുകയും ചെയ്യുമെന്നതിനാൽ Multi-Layered Authentication Systems നടപ്പാക്കേണ്ടതാണ്.

## ബ്ലോക് ചെയിൻ സാങ്കേതിക വിദ്യ – പ്രാധാന്യവും പ്രയോഗവും

ബ്ലോക് ചെയിൻ ഒരു Distributed Ledger Technology ആണ്. അത് ഇടപാടുകളെ നോഡുകളുടെ ഒരു നെറ്റ്‌വർക്കിൽ ഷെയർ ചെയ്ത ക്രമമായ (sequential), ഭേദിക്കാനാവാത്ത (tamper-proof) ബ്ലോക്കുകളായി രേഖപ്പെടുത്തുന്നു. ഒരു വിവരം ഒരിക്കൽ ബ്ലോക്ക്ചെയിനിൽ രേഖപ്പെടുത്തിയാൽ അത് തെളിവുകളവശേഷിപ്പിക്കാതെ ആർക്കും ഡിലീറ്റ് ചെയ്യാനോ മാറ്റം വരുത്തുവാനോ സാധിക്കുകയില്ല.

1991-ൽ സ്റ്റുവർട്ട് ഹേബർ (Stuart Haber)യും ഡബ്ല്യു. സ്കോട്ട് സ്റ്റോർനെറ്റയും (W. Scott Stornetta) ചേർന്ന് കൃത്രിമം തടയുന്നതിനായി ഡോക്യുമെന്റുകളെ ഡിജിറ്റലി ടൈംസ്റ്റാമ്പ് ചെയ്യാം എന്ന ആശയം അവതരിപ്പിച്ചു. തുടർന്ന് 2008-ൽ സതോഷി നകാമോട്ടോ (Satoshi Nakamoto) പിയർ-ടു-പിയർ (peer-to-peer) പണം കൈമാറ്റം സാധ്യമാക്കുന്ന ഡിസെൻട്രലൈസ്ഡ് പബ്ലിക് ലെഡ്ജർ ആയ ബിറ്റ്കോയിൻ സൃഷ്ടിച്ചു. ഇതായിരുന്നു പൂർണ്ണാർത്ഥത്തിലുള്ള ആദ്യ ബ്ലോക് ചെയിൻ. 2015ൽ എതേറിയം (Ethereum) സ്മാർട് കോൺട്രാക്റ്റുകൾ ലോഞ്ച് ചെയ്തത് ബ്ലോക്ചെയിൻ സാങ്കേതിക വിദ്യയെ കറൻസിയിൽ നിന്നും ഓട്ടോമേറ്റഡ് ഡിജിറ്റൽ കോൺട്രാക്ടിലേക്ക് പരിവർത്തനപ്പെടുത്തി. 2020ഓടെ ബ്ലോക്ചെയിൻ സാങ്കേതികവിദ്യയുടെ ഉപയോഗം ഭരണം, നിയമം, ബാങ്കിംഗ്, രജിസ്ട്രേഷൻ തുടങ്ങിയ മേഖലകളിലേക്കും വ്യാപിച്ചു.

മദ്ധ്യസ്ഥരില്ലാതെ കക്ഷികൾ തമ്മിൽ നേരിട്ട് ഇടപാടുകൾ (Peer-to-Peer Transactions), ഒറ്റ സർവ്വറിലല്ലാതെ പല നോഡുകളിലായി (Distributed Network) വിവരം സൂക്ഷിക്കുന്നു, വിശ്വാസ്യത (Reliability), ഏകപക്ഷീയമായ നിയന്ത്രണങ്ങൾ തടയുന്നു (Censorship Resistance), തെളിവ് അവശേഷിപ്പിക്കാതെ തിരുത്താനാവില്ല (Immutability) എന്നതെല്ലാം ബ്ലോക്ചെയിൻ സാങ്കേതിക വിദ്യയുടെ മേന്മകളാണ്.

## ബ്ലോക് ചെയിൻ എങ്ങനെ പ്രവർത്തിക്കുന്നു

സാമ്പ്രദായിക, കേന്ദ്രീകൃത സിസ്റ്റങ്ങളിൽ എല്ലാ റിക്കോഡുകളും ഒരു സ്ഥലത്ത് തന്നെയാണ് സ്റ്റോർ ചെയ്യുന്നത്. ഈ കേന്ദ്ര സർവ്വർ തകരാറാവുകയോ അറ്റാക് ചെയ്യപ്പെടുകയോ ചെയ്താൽ മുഴുവൻ സംവിധാനത്തെ തന്നെ അത് ദോഷകരമായി ബാധിക്കും. എന്നാൽ ബ്ലോക് ചെയിൻ സംവിധാനത്തിൽ ലെഡ്ജർ പല കമ്പ്യൂട്ടറുകളിലായി- അവയോരോന്നും നോഡുകൾ എന്ന് അറിയപ്പെടുന്നു- സൂക്ഷിക്കപ്പെടുന്നു. ഓരോ നോഡിലും ഈ ലെഡ്ജറിന്റെ പൂർണ്ണ പകർപ്പ് ഉണ്ടായിരിക്കുന്നതിനാൽ ഏതെങ്കിലും ഒരു കമ്പ്യൂട്ടർ തകരാറിലായാലും വിവരങ്ങൾ നഷ്ടപ്പെടുകയോ സിസ്റ്റം നിലച്ചുപോകുകയോ ചെയ്യില്ല.

ഇടപാടുകളിന്മേൽ കേന്ദ്രീകൃതമായി ഒരു അതോറിട്ടി തീരുമാനമെടുക്കുന്ന പരമ്പരാഗത സംവിധാനങ്ങളിൽ നിന്നു വ്യത്യസ്തമായി നോഡുകൾ തമ്മിലുള്ള സമവായത്തിന്റെ അടിസ്ഥാനത്തിലാണ് ബ്ലോക് ചെയിൻ പ്രവർത്തിക്കുന്നത് (Consensus Mechanism Decision Making). ഒരു പുതിയ ഇടപാട് നടക്കുമ്പോൾ അത് ഒരു പോലെ എല്ലാ നോഡുകളിലേക്കും ബ്രോഡ്കാസ്റ്റ് ചെയ്യപ്പെടുകയും ഓരോ നോഡും നിർണ്ണിതമായ ചട്ടങ്ങളനുസരിച്ച് അനുസരിച്ച് അതിന്റെ സാധുത പരിശോധിച്ച്, ഇടപാട് ശരിയായതാണെന്ന് ഉറപ്പുവരുന്നതിന്മേൽ മാത്രം ലഡ്ജറിലേക്ക് ചേർക്കപ്പെടുകയും ചെയ്യുന്നു എന്നതാണ് ഇതിന്റെ സവിശേഷത. ഇങ്ങനെ നോഡുകൾ തമ്മിലുള്ള സമന്വയത്തിലൂടെയാണ് (consensus) ഇടപാട് blockchain-ൽ സ്ഥിരമായി രേഖപ്പെടുത്തുന്നത്.

ബ്ലോക് ചെയിന്റെ സുരക്ഷയുടെ അടിസ്ഥാനം ക്രിപ്റ്റോഗ്രാഫി ആണ്. ഓരോ ബ്ലോക്കും സങ്കീർണ്ണമായ ഗണിത അൽഗൊരിതങ്ങൾ ഉപയോഗിച്ച് സുരക്ഷിതമാക്കപ്പെട്ടിരിക്കുന്നു. അതിനാൽ റെക്കോഡുകൾ തിരുത്തുന്നത് അത്യന്തം ബുദ്ധിമുട്ടുള്ള കാര്യമായി മാറുന്നു.

സുതാര്യതയാണ് ബ്ലോക്ചെയിന്റെ മറ്റൊരു സവിശേഷത. പബ്ലിക് ബ്ലോക്ചെയിനിലുള്ള ഓരോ ഇടപാടുകളും അത് ആക്സസ് ചെയ്യുന്ന ഓരോരുത്തർക്കും ദൃശ്യമാണ് എന്നത് സുതാര്യത വർദ്ധിപ്പിക്കുന്നു.

## ബ്ലോക് ചെയിൻ രജിസ്ട്രേഷൻ നടപടികളിൽ

ബ്ലോക്ചെയിന്റെ ഉപയോഗം രജിസ്ട്രേഷൻ നടപടികളിൽ സുതാര്യതയും സുരക്ഷയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നു. ഓരോ ഇടപാടുകൾക്കും അത് ഒരു അഭേദ്യവും സുരക്ഷിതവുമായ ലെഡ്ജർ സൃഷ്ടിക്കുന്നു. വസ്തു കൈമാറ്റങ്ങളുടെ നാൾവഴി കൃത്യമായി രേഖപ്പെടുത്തപ്പെടുന്നതിനാൽ അത് ശരിയായി കണ്ടെടുക്കുവാൻ സാധിക്കുന്നു. കൃത്രിമവും ഡാറ്റാ ഇരട്ടിപ്പും അനധികൃത കൈകടത്തലുകളും തടയുന്നതിലൂടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നു. ഡിജിറ്റൽ വെരിഫിക്കേഷൻ സാദ്ധ്യമാണ് എന്നതും രജിസ്റ്റർ ചെയ്യപ്പെടുന്ന ഓരോ ആധാരത്തിനും അനന്യമായ ഒരു ഡിജിറ്റൽ ഐഡന്റിഫയർ (unique digital identifier) അല്ലെങ്കിൽ hash value ലഭിക്കുന്നു എന്നതും രജിസ്റ്റർ ചെയ്ത പ്രമാണങ്ങളുടെ ആധികാരികത ആർക്കും ബ്ലോക്ചെയിനിൽ ഏതു സമയത്തും പരിശോധിക്കാമെന്നതും നേട്ടമാണ്.

## സ്മാർട് കോൺട്രാക്ട്സ്

ഒരു ഇടപാടിനെ നിയന്ത്രിക്കുന്നതിനായി ബ്ലോക് ചെയിനിൽ സ്റ്റോർ ചെയ്യുന്ന നിബന്ധനകൾ (set of rules) ആണ് സ്മാർട് കോൺട്രാക്ടുകൾ. ഇത് ഇടപാടിന്റെ ഭാഗമായി ശരിയായ സാഹചര്യത്തിൽ ഓട്ടോമാറ്റിക് ആയി എക്സിക്യൂട്ട് ചെയ്യപ്പെടുന്നു. ഈ set of rules വികേന്ദ്രീകൃത ആപ്ലിക്കേഷനുകളുടെ (dApps) ലോജിക് ലെയർ ആയി പ്രവർത്തിച്ച് മദ്ധ്യവർത്തികളില്ലാതെ ടാസ്ക്കുകൾ ഓട്ടോമേറ്റ് ചെയ്യുന്നു.

Smart Contracts ഉപയോഗിച്ച് ശരിയായ മുദ്രവിലയുടേയും ഫീസിന്റേയും നിർണ്ണയം, ആധാരങ്ങളുടെ വെരിഫിക്കേഷൻ തുടങ്ങിയ ഘട്ടങ്ങൾ ഓട്ടോമേറ്റ് ചെയ്യാനാകും. ഇത് പിശകുകൾ കുറയ്ക്കുകയും സേവനദാനത്തിന്റെ വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുകയും ചെയ്യും.

Smart Contract ഉപയോഗിക്കുന്നതിലൂടെ സുതാര്യത (Transparency), ഡാറ്റ സുരക്ഷിതത്വം (Data Security), പൗരന്മാരുടെ ശാക്തീകരണം (Citizen Empowerment), വകുപ്പുകൾ തമ്മിലുള്ള വിവര കൈമാറ്റം (Inter-Departmental Data Sharing) എന്നിവ ഉറപ്പാക്കാം.

## സംഗ്രഹം

രജിസ്ട്രേഷൻ വകുപ്പ് കൈകാര്യം ചെയ്യുന്ന ഡാറ്റ നിയമപരമായ മൂല്യമുള്ളതിനാൽ അതിന്റെ സുരക്ഷ (Security), സ്ഥിരത (Integrity), ആധികാരികത (Authenticity), എളുപ്പത്തിൽ തിരഞ്ഞു കണ്ടെത്തപ്പെടാനുള്ള ഗുണം (Traceability) എന്നിവ ഉറപ്പാക്കേണ്ടത് അനിവാര്യമാണ്.

Blockchain, Smart Contract എന്നീ സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുന്നത് വകുപ്പ് പ്രവർത്തനങ്ങളെ കൂടുതൽ സുതാര്യവും, സുരക്ഷിതവും, കാര്യക്ഷമവും ആക്കുകയും നടപടികളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുകയും ചെയ്യും. ഇതുവഴി ഡിജിറ്റൽ രജിസ്ട്രേഷൻ സംവിധാനത്തെ വിശ്വാസ്യതയുള്ളതും സുതാര്യവുമായ ഒരു ഡിജിറ്റൽ ഇക്കോസിസ്റ്റം ആക്കാവുന്നതാണ്.



# വിഷയം: രജിസ്ട്രേഷൻ നടപടികളിൽ നിർമ്മിതബുദ്ധിയുടെ സാദ്ധ്യതകൾ

ഡോ: എസ് ദിനേശ് ബാബു

**പേപ്പർ 03**

ഡോ. എസ്. ദിനേശ് ബാബു അമൃത വിശ്വ വിദ്യാപീഠം കൊച്ചി കാമ്പസിലെ വിഷ്വൽ മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറും (സെലക്ഷൻ ഗ്രേഡ്) ചെയർപേഴ്സണുമാണ്. ജേണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷനിൽ എം.എസ്.സി., എം.ഫിൽ., പി.എച്ച്.ഡി. ബിരുദങ്ങൾ അദ്ദേഹത്തിനുണ്ട്. എട്ട് വർഷത്തിലധികം അധ്യാപന പരിചയവും 13 വർഷത്തിലധികം ഗവേഷണ പരിചയവുമുള്ള അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യം മാസ് കമ്മ്യൂണിക്കേഷൻ, ജേണലിസം, ആനിമേഷൻ പഠനങ്ങൾ, പരിസ്ഥിതി ആരോഗ്യ കമ്മ്യൂണിക്കേഷൻ, ട്രൈബൽ പഠനങ്ങൾ, ന്യൂ മീഡിയ, വികസന കമ്മ്യൂണിക്കേഷൻ തുടങ്ങി നിരവധി മേഖലകളിൽ വ്യാപിച്ചുകിടക്കുന്നു. അന്താരാഷ്ട്ര ജേണലുകളിലെ നിരവധി പ്രസിദ്ധീകരണങ്ങളിലൂടെയും കോൺഫറൻസ് സെഷനുകൾക്ക് നേതൃത്വം നൽകിയതിലൂടെയും മീഡിയാ സാക്ഷരത, സുസ്ഥിരത, ആരോഗ്യ കമ്മ്യൂണിക്കേഷൻ തുടങ്ങിയ വിഷയങ്ങളിൽ സംഭാവനകൾ നൽകിയിട്ടുണ്ട്. നിരവധി അന്താരാഷ്ട്ര സംഘടനകളിൽ സജീവമായി പ്രവർത്തിക്കുന്നു, പ്രത്യേകിച്ച് AI4 മീഡിയ ഗ്ലോബൽ റിസർച്ച് അസോസിയേഷന്റെ കോർഡിനേറ്റർ എന്ന നിലയിലും യുനെസ്കോ സംരംഭങ്ങളിലും (മീഡിയ അലയൻസ്, എം.ഐ.എൽ. സിറ്റീസ് പ്രോജക്റ്റ്) പ്രധാന പങ്കുവഹിച്ചുവരുന്നു. വിവിധ പാഠ്യപദ്ധതികളുടെ രൂപകൽപ്പനയിലും അക്കാദമിക് കമ്മിറ്റികളിലും പ്രധാന പങ്കുണ്ട്. അന്താരാഷ്ട്ര ശ്രദ്ധ നേടിയ നിരവധി പുസ്തകങ്ങളിൽ തന്റെ അദ്ധ്യായങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്.



## ആമുഖം

രജിസ്ട്രേഷൻ നടപടികളിൽ ആധുനിക സാങ്കേതിക വിദ്യയായ നിർമിതബുദ്ധിയുടെ ഉപയോഗപ്പെടുത്തുന്നതിനുള്ള അവസരങ്ങളെക്കുറിച്ചും അത് ജനങ്ങൾക്കും ഭരണകൂടത്തിനും നൽകുന്ന നേട്ടങ്ങളെക്കുറിച്ചും ചർച്ച ചെയ്യുക എന്നതാണ് പ്രബന്ധത്തിന്റെ ഉദ്ദേശ്യം.

ജനങ്ങൾക്ക് ഭൂമിയിലുള്ള അവരുടെ അവകാശങ്ങൾ നിയമപരമായി ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സംവിധാനങ്ങളിൽ ഒന്നാണ് രജിസ്ട്രേഷൻ വകുപ്പ്. ഭൂമി, സ്വത്ത് എന്നിവയിന്മേലുള്ള അവകാശങ്ങൾ തിരിച്ചറിയുന്നത് രജിസ്ട്രേഷനിലൂടെയാണ്. കേരളത്തിന്റെ വിഷൻ-2031 പ്രകാരമുള്ള ലക്ഷ്യങ്ങൾ നേടുന്നതിന് കൃത്രിമ ബുദ്ധി (AI) എന്നത് ഒരു സാധാരണ ഓട്ടോമേഷൻ ഉപകരണം മാത്രമല്ല; മറിച്ച് രജിസ്ട്രേഷൻ സംവിധാനത്തെ വേഗത്തിലും, സ്മാർട്ടായും, സുരക്ഷിതമായും, പൗരകേന്ദ്രീകൃതമായും മാറ്റിമറിക്കാനുള്ള ശക്തമായ എഞ്ചിൻ കൂടിയാണ്.

## എന്തുകൊണ്ട് നിർമിത ബുദ്ധി?

രജിസ്ട്രേഷൻ പരിഷ്ക്കരണത്തിൽ എന്തുകൊണ്ട് നിർമിതബുദ്ധി എന്ന ചോദ്യത്തിന് ഉത്തരം നൽകുന്നത് താഴെ പറയുന്ന ചില നിർണായക ചോദ്യങ്ങളിലൂടെയാണ് :

- 5 മണിക്കൂർ വേണ്ടി വരുന്ന രജിസ്ട്രേഷൻ 5 മിനിറ്റിൽ പൂർത്തിയാക്കാൻ കഴിയുമോ?
- എല്ലാ രേഖകളും അവ സമർപ്പിക്കുന്നതിന് മുമ്പ് തന്നെ സൂക്ഷ്മമായ പരിശോധനക്ക് വിധേയമാക്കാൻ സാധിക്കുമോ?
- വഞ്ചനകളും തട്ടിപ്പുകളും സംഭവിക്കുന്നതിന് മുമ്പ് തന്നെ അവയെ പ്രവചിച്ച് തടയാൻ സാധിക്കുമോ?
- ഒരു വ്യക്തിക്ക് തന്റെ വീടുവിട്ടിറങ്ങാതെ തന്നെ മുഴുവൻ രജിസ്ട്രേഷൻ നടപടികളും പൂർത്തിയാക്കാൻ കഴിയുമോ?

മുകളിൽ പറഞ്ഞിരിക്കുന്ന ആവശ്യങ്ങളെല്ലാം യാഥാർത്ഥ്യമാക്കാൻ പോന്ന ഏറ്റവും വലിയ ശക്തിയാണ് നിർമിത ബുദ്ധി അഥവാ AI.

## രജിസ്ട്രേഷൻ നടപടികളിൽ നിർമിത ബുദ്ധിക്കുള്ള അവസരങ്ങൾ

രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായി നിർമിതബുദ്ധിയുടെ ഉപയോഗം മൂലം താഴെ പറയുന്ന അവസരങ്ങൾ വകുപ്പിന്റെ പ്രവർത്തനമേഖലയുടെ ഭാഗമായി തീരുന്നതാണ്.

1. നിലവിലുള്ള രീതികളെക്കൂടാതെ ഡിജിറ്റൽ രേഖകളുടെ രജിസ്ട്രേഷനിലേക്കും രജിസ്ട്രേഷൻ നടപടികളുടെ ഡിജിറ്റലൈസേഷനിലേക്കും കൂടി വകുപ്പിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കപ്പെടുന്നു.

2. കക്ഷികൾ ഓഫീസിലേക്ക് നേരിട്ട് എത്താതെ അവരവരുടെ സ്ഥലങ്ങളിൽ തുടർന്നുകൊണ്ടു തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുന്നു. അവരുടെ അനന്യതയും മറ്റും remote ആയിതന്നെ പരിശോധിക്കുന്നതിന് സാധിക്കുന്നു. കൃത്യമായ തിരിച്ചറിയൽ പരിശോധനയിലൂടെ കൃത്രിമം തടയാനും സാധിക്കുന്നതാണ്.

3. രേഖകൾ ശരിയായ രീതയിൽ automatic ആയ തന്നെ തയ്യാറാക്കുന്നതിന് സാധിക്കുന്നു. ഇതുവഴി കക്ഷികൾക്ക് അവരുടെ രേഖകൾ ഇടനിലക്കാരുടെ സഹായമില്ലാതെ തന്നെ സ്വയം തയ്യാറാക്കാൻ സാധിക്കുന്നതാണ്.

4. വസ്തു കൃത്യമായി തിരിച്ചറിയുന്നതിനും മൂല്യനിർണ്ണയം നടത്തുന്നതിനുമുള്ള സൗകര്യം ലഭ്യമാക്കുന്നു.

5. സ്മാർട്ട് ഇന്റർഫേസുകൾ വഴി ഹൃദ്യമായ സേവനാനുഭവം പൗരൻമാർക്ക് ലഭ്യമാക്കുന്നു.



## ഫേസ്‌ലെസ് (Faceless) രജിസ്ട്രേഷൻ

നിലവിൽ രജിസ്ട്രേഷൻ നടപടികളുടെ പൂർത്തീകരണത്തിനായി ബന്ധപ്പെട്ട വ്യക്തികൾ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതുണ്ട്. എന്നാൽ, AI അടിസ്ഥാനമായ Video KYC, Remote Verification, e-Signature എന്നിവ ഉപയോഗിച്ച് ജനങ്ങൾക്ക് അവരവർക്ക് സൗകര്യപ്രദമായ സ്ഥലത്ത് തുടർന്നുകൊണ്ടുതന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാൻ കഴിയും.

**ജനങ്ങൾക്ക് താഴെ പറയുന്ന നേട്ടങ്ങൾ ലഭിക്കുന്നു.**

- ജനങ്ങൾക്ക് ഓഫീസിൽ പോകേണ്ടതില്ല; സുരക്ഷിത വീഡിയോ KYC വഴി വീട്ടിൽ നിന്ന് തന്നെ സേവനം ലഭിക്കും.
- യാത്രാച്ചെലവുകളും സമയനഷ്ടവും കുറവ്
- മുതിർന്നവർക്കും വൈകല്യമുള്ളവർക്കും ഗ്രാമീണർക്കും കൂടുതൽ സൗകര്യം

**ഭരണസംവിധാനത്തിന് ലഭിക്കുന്ന നേട്ടങ്ങൾ**

- ഓഫീസുകളിൽ തിരക്ക് കുറയുന്നതുമൂലം ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കപ്പെടുകയും ഫലപ്രദമായ രീതിയിൽ മനുഷ്യശേഷി വിഭവം വിന്യസിക്കാൻ സാധിക്കുകയും ചെയ്യുന്നതുമൂലം സേവനത്തിന്റെ വേഗവും കാര്യക്ഷമതയും വർധിപ്പിക്കാൻ സാധിക്കുന്നു.

- കൃത്രിമം തടയാനും സുതാര്യമായി പ്രവർത്തിക്കുവാനും സാധിക്കുന്നതിനാൽ ജനവിശ്വാസം വർധിക്കുന്നു

## ഏകീകൃതമായ രീതിയിൽ സ്വമേധയാ രേഖകൾ തയ്യാറാക്കൽ

നിലവിൽ രേഖകളുടെ മാതൃക ലഭ്യമാക്കിയിട്ടുണ്ടെങ്കിലും സ്വമേധയാ രേഖ തയ്യാറാക്കുന്നതിനുള്ള സംവിധാനം ഇല്ല. രേഖകൾ തയ്യാറാക്കുന്നതിലെ സങ്കീർണതകൾ മൂലം ജനങ്ങൾക്ക് തങ്ങളുടെ ആധാരം സ്വയം തയ്യാറാക്കുന്നതിൽ പ്രായോഗികമായ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

നിർമിതബുദ്ധി അടിസ്ഥാനമാക്കി ടെംപ്ലേറ്റ് അധിഷ്ഠിത ആധാരങ്ങളുടെ കരട്, ചാറ്റ്ബോട്ടുകളുമായുള്ള സംവാദനത്തിലൂടെ വിവരശേഖരണം, വിവരങ്ങളുടെ പരിശോധന, മാറ്റംവരുത്താവുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി കരട് തയ്യാറാക്കൽ, നിർമിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള നിയമസാധുതാ പരിശോധന എന്നിവ സാദ്ധ്യമാക്കാവുന്നതാണ്.

NIC ചില സംസ്ഥാനങ്ങളിൽ ലാർജ് ലാംഗ്വേജ് മോഡൽ അടിസ്ഥാനമാക്കി സിസ്റ്റം തന്നെ സ്വയം വ്യവസ്ഥകൾ നിർദേശിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പരീക്ഷണങ്ങളും പുരോഗതിയിലാണ്.

ആധാരങ്ങൾ സ്വയം തയ്യാറാക്കുന്നതിന് ലളിതമായ മാർഗം പ്രദാനം ചെയ്യപ്പെടുന്നു എന്നതും പിഴവുകളില്ലാതെ ആധാരം വേഗത്തിൽ തയ്യാറാക്കാൻ സാധിക്കുന്നു എന്നിങ്ങനെ പൗരന്മാർക്ക് ആനുകൂല്യങ്ങൾ ലഭിക്കുമ്പോൾ, കാര്യക്ഷമത മെച്ചപ്പെടുത്താൻ സാധിക്കുന്നു, വസ്തുകൈമാറ്റരംഗത്തെ വഞ്ചന, കൃത്രിമം, തട്ടിപ്പുകൾ എന്നിവ തടയാൻ സാധിക്കുന്നു, പരിശോധനാ നടപടികൾ ലഘൂകരിക്കപ്പെടുന്നു എന്നിവ ഭരണ സംവിധാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങളാണ്.

## കാര്യക്ഷമമായ പ്രോപ്പർട്ടി മാപ്പിംഗും മൂല്യനിർണയവും

പ്രോപ്പർട്ടി മാപ്പിംഗ്, മൂല്യനിർണയം എന്നിവയ്ക്കായി നിലവിൽ e-രേഖ പോലുള്ള സംവിധാനങ്ങൾ കേരളത്തിലുണ്ടെങ്കിലും അവ രജിസ്ട്രേഷൻ സംവിധാനങ്ങളുമായി സംയോജിപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ, ജിയോ-മാപ്പിംഗ് വഴിയുള്ള വസ്തു തിരിച്ചറിയൽ, ന്യായവില നിർണയം, യുണീക്ക് പ്രോപ്പർട്ടി ഐഡന്റിഫിക്കേഷൻ തുടങ്ങിയ മേഖലകളിൽ നിർമിതബുദ്ധിയുടെ ഉപയോഗം പ്രസക്തമാണ്.

അതുവഴി നീതിപൂർണ്ണമായ മൂല്യനിർണ്ണയം, ലളിതമായ ഉടമസ്ഥാവകാശ പരിശോധന തുടങ്ങിയ നേട്ടങ്ങൾ ജനങ്ങൾക്കും കാര്യക്ഷമമായ ഭൂരേഖാ മാനേജ്മെന്റ്, വരുമാനം പ്ലാൻ ചെയ്യാൻ കൂടുതൽ കൃത്യമായ ഡാറ്റയുടെ ലഭ്യത എന്നിവ ഭരണകൂടത്തിനും ലഭിക്കുന്ന നേട്ടങ്ങളാണ്.

## തിരിച്ചറിയൽ പരിശോധനയും വഞ്ചന തടയലും

ആധാര കക്ഷികളെ തിരിച്ചറിയുന്നതിനായി നിലവിൽ ആധാർ കാർഡ് പോലുള്ള തിരിച്ചറിയൽ രേഖകൾ പരിശോധിക്കുന്നുണ്ടെങ്കിലും സമ്പൂർണ്ണ KYC workflow പ്രയോഗത്തിൽ ഇല്ല. അവ വികസിപ്പിക്കേണ്ടതുണ്ട്.

നിർമിത ബുദ്ധിയുടെ സഹായത്തോടെ ആധാർ അധിഷ്ഠിത KYC പരിശോധന, ബയോമെട്രിക് പരിശോധന, ഇ-സൈൻ സംയോജിപ്പിക്കൽ എന്നിവ സാദ്ധ്യമാണ്.

തടസ്സമില്ലാത്തതും സുരക്ഷിതമായതുമായ വസ്തുകൈമാറ്റം, വഞ്ചന, വിവാദങ്ങൾ തുടങ്ങിയവ ഒഴിവാക്കിക്കൊണ്ട് നടത്താൻ ജനങ്ങൾക്ക് തന്മൂലം സാദ്ധ്യമാണ്. മാത്രമല്ല, കടലാസ് രഹിത നടപടിക്രമം, വ്യക്തികളെ തിരിച്ചറിയുന്നതിനായി പഴുതടച്ച സുരക്ഷാപരിശോധന തുടങ്ങിയവ ഭരണസംവിധാനത്തിന്റെ നേട്ടങ്ങളാണ്.

## സേവനാനുഭവം മെച്ചപ്പെടുത്തുന്ന സ്മാർട്ട് ഇന്റർഫേസുകൾ

നിലവിൽ പല സേവനങ്ങളും കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ടെങ്കിലും കൃത്യമായ നാവിഗേഷൻ സൗകര്യങ്ങളുടെ അഭാവം, എളുപ്പത്തിൽ കൈകാര്യം ചെയ്യാനുള്ള ശേഷിക്കുറവ്, ഭിന്നശേഷിക്കാർക്കുള്ള പരിമിതികൾ, പ്രാദേശികമായ വ്യത്യാസങ്ങൾ കൈകാര്യം ചെയ്യുന്നതിലുള്ള പോരായ്മകൾ എന്നിവ മൂലം അവയൊന്നും ഹൃദ്യമായ ഒരു സേവനാനുഭവം പ്രദാനം ചെയ്യുന്നില്ല.

എന്നാൽ നിർമിത ബുദ്ധി അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന വിവിധ തരത്തിലുള്ള ചാറ്റ്ബോട്ടുകൾ, ഡാഷ്ബോർഡ്, ചോദ്യോത്തരങ്ങൾ, സ്മാർട് അസിസ്റ്റന്റ്, ശബ്ദം ഉപയോഗിച്ച് നിയന്ത്രിക്കുന്നതിനുള്ള സംവിധാനം, ബഹുഭാഷാ പ്രയോഗത്തിനുള്ള സൗകര്യം തുടങ്ങിയവ ഉപയോക്താക്കളുടെ സേവനാനുഭവം ഹൃദ്യമാക്കുന്നു.

വേഗത്തിലുള്ള ലളിതമായ സേവനങ്ങൾ, മലയാളം ഉൾപ്പെടെ നിരവധി ഭാഷകളുടെ നിസ്സീമമായ ഉപയോഗം, തത്സമയ അപ്ഡേറ്റുകൾ എന്നിവ ജനങ്ങളുടെ നേട്ടങ്ങളാകുമ്പോൾ ഭരണ സംവിധാനത്തിന് അത് കൃത്യമായ ആസൂത്രണത്തിന് വഴിയൊരുക്കുന്നു.

## സംഗ്രഹം

രജിസ്ട്രേഷൻ രംഗത്ത് നിർമിത ബുദ്ധി ഉപയോഗിക്കുന്നതിലൂടെ ജനങ്ങൾക്ക് സൗഹാർദപരവും കാര്യക്ഷമവും സുരക്ഷിതവുമായ ഒരു ഡിജിറ്റൽ രജിസ്ട്രേഷൻ അനുഭവം പ്രദാനം ചെയ്യപ്പെടുന്നു. മദ്ധ്യപ്രദേശ് സർക്കാരിൽ നടപിലാക്കിയ SAMPADA website മാതൃകയിൽ വീഡിയോ കെവൈസി നടപ്പിലാക്കാവുന്നതാണെന്നും ഡിജിറ്റൽ രജിസ്ട്രേഷന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും തട്ടിപ്പുകൾ സംഭവിക്കുന്നതിന് മുന്നേ തന്നെ തടയുവാനും പരിശോധന കാര്യക്ഷമമാക്കുവാനും സമയലാഭത്തിനായും എ.ഐ കാര്യക്ഷമമായി ഉപയോഗിക്കുന്നത് സംബന്ധിച്ചും സംസാരിച്ചു.



# വിഷയം: ഡിജിറ്റൽ പ്രക്രിയകളുടെ നിയമ സാധുത. രജിസ്ട്രേഷൻ നിയമവും ഐടി ആക്റ്റും

അഡ്വ. നിഖിൽ ബാലൻ

പേപ്പർ 04

അഡ്വ. നിഖിൽ ബാലൻ കൊച്ചി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ (NUALS) നിന്ന് B.A LL.B (Hons), കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ (CUSAT) നിന്നും ഒന്നാം റാങ്കോടെ LL.M എന്നിവ പാസ്സായിട്ടുണ്ട്. നിലവിൽ അദ്ദേഹം നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ വിവരസാങ്കേതികവിദ്യാ നിയമം (IT Law), മീഡിയ ആന്റ് ടെലികമ്യൂണിക്കേഷൻ നിയമം തുടങ്ങിയ വിഷയങ്ങളിൽ ലക്ചർ ആയി പ്രവർത്തിക്കുന്നു. കണ്ണൂർ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് മഞ്ചേശ്വരം ക്യാമ്പസിൽ അസി. പ്രഫസർ, ബംഗലൂരു ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ ഫാക്കൽറ്റി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.



## ആമുഖം

വലിയതോതിൽ നിയമവ്യവഹാരങ്ങൾക്ക് വിധേയമാകാറുള്ള സംഗതിയാണ് രജിസ്ട്രേഷൻ നടപടികൾ. അതു കൊണ്ടു തന്നെ ഈ നടപടികൾ ഡിജിറ്റലൈസ് ചെയ്യുമ്പോൾ അവയുടെ തെളിവു മൂല്യം ഉറപ്പു വരുത്തേണ്ട തുണ്ട്. ഐറ്റി ആക്ടിന്റെ വരവും തെളിവു നിയമം പരിഷ്കരിച്ച് ഭാരതീയ സാക്ഷ്യ അധിനിയം നടപ്പിൽ വരുത്തിയതും ഡിജിറ്റൽ തെളിവുകളുടെ സാധുതയും സ്വീകാര്യതയും പ്രസക്തിയും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച സാദ്ധ്യതകളും വെല്ലുവിളികളും പരിഹാര നിർദ്ദേശങ്ങളും ചർച്ച ചെയ്യുക എന്നതാണ് പ്രബന്ധത്തിന്റെ ഉദ്ദേശം.

സാമ്പ്രദായികവും പേപ്പർ അധിഷ്ഠിതവുമായ രജിസ്ട്രേഷൻ നടപടികൾ ഡിജിറ്റൽ സിസ്റ്റത്തിലേക്ക് മാറുന്നത് അടിസ്ഥാനപരമായ ഒരു ഭരണമാറ്റം മാത്രമാണെങ്കിലും രജിസ്ട്രേഷൻ ആക്ട് അനുശാസിക്കുന്ന നിയമവ്യവ സ്ഥകൾ എല്ലാം തന്നെ ഇവിടെയും ബാധകമായിരിക്കും. ഇലക്ട്രോണിക് റെക്കോഡുകൾ, ഡിജിറ്റൽ സിഗ്നേച്ചർ, ഓൺലൈൻ ഓഥന്റിക്കേഷൻ തുടങ്ങി ഡിജിറ്റൽ സിസ്റ്റത്തിലെ നടപടികൾക്കും ഉപായങ്ങൾക്കും അവയുടെ പരമ്പരാഗത സംവിധാനത്തിലെ പ്രതിരൂപങ്ങളുമായി 2000ലെ ഇൻഫർമേഷൻ ടെക്നോളജി ആക്ടിന്റെ വ്യവസ്ഥകൾ നിയമപരമായ തുല്യത നൽകുന്നുണ്ട്. എന്നിരുന്നാലും ഡിജിറ്റലൈസേഷനിലേക്കുള്ള മാറ്റം ഐഡന്റിറ്റി പരിശോധന, സാക്ഷ്യപ്പെടുത്തൽ, തെളിവുകൾ, സ്വകാര്യത, ഭരണപരമായ ഉത്തരവാദത്തം എന്നിങ്ങനെയുള്ള നടപടികളെ സംബന്ധിച്ച് നിയമപരമായ പുതിയ വെല്ലുവിളികൾ സൃഷ്ടിക്കുന്നുണ്ട്.

## കക്ഷിയുടെ സാന്നിദ്ധ്യമില്ലാതെ തിരിച്ചറിയലും സമ്മതവും ഉറപ്പാക്കൽ (FACE- LESS REGISTRATION)

രജിസ്ട്രേഷൻ ആക്ടിന്റെ 32 മുതൽ 35 വരെ വകുപ്പുകൾ പ്രകാരം രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് രജിസ്ട്രേഷൻ നടപടികളുമായി ബന്ധപ്പെട്ട് തന്റെ മുമ്പാകെ ഹാജരാകുന്നയാളുകളുടെ അനന്യത (identity), ക്ഷമത, സ്വമേധയാ ഒപ്പിട്ടിരിക്കുന്നു എന്ന വസ്തുത എന്നിവ നേരിട്ട് പരിശോധിച്ച് ബോദ്ധ്യംവരേണ്ട ബാധ്യതയുണ്ട്. ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറുമ്പോഴും ഈ ബാധ്യത നിലനിൽക്കുന്നു. എന്നാൽ, അത് ആധാർ അടിസ്ഥാനത്തിലുള്ള e-KYC, ബയോമെട്രിക് "ലൈവ്നെസ്" ഡിറ്റക്ഷൻ, ഡിജിറ്റൽ സിഗ്നേച്ചർ ഓഥന്റിക്കേഷൻ, വീഡിയോ വെരിഫിക്കേഷൻ മുതലായ സാങ്കേതിക മാർഗങ്ങളിലൂടെ ഉറപ്പാക്കാവുന്നതാണ്. State of Maharashtra v. Dr. Praful B. Desai എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വെർച്വൽ സാന്നിദ്ധ്യത്തിന്റെ (virtual presence) നിയമസാംഗത്യം അംഗീകരിച്ചത് ഓഡിറ്റ് ട്രെയിൽ, ഡിവൈസ് ലോഗ്, ഓഥന്റിക്കേഷൻ മെറ്റാഡാറ്റ എന്നിവ സൂക്ഷിക്കപ്പെടുന്നു എന്ന വ്യവസ്ഥയിന്മേൽ വിദൂര സാന്നിദ്ധ്യം (remote appearance) അനുവദിക്കുന്നതിനെ പിന്തുണയ്ക്കുന്നു. **അതായത് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് 34-ാം വകുപ്പിൽ അനുശാസിക്കും വിധമുള്ള "ബോദ്ധ്യം" കക്ഷിയുടെ ഭൗതീകമായ സാന്നിദ്ധ്യത്തിനു പകരം ഡിജിറ്റൽ തെളിവുകളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്താവുന്നതാണ്**

## ഇലക്ട്രോണിക് സിഗ്നേച്ചറുകളുടെ ആധികാരികത.

ഐ.ടി. ആക്ടിലെ 3, 3A വകുപ്പുകൾ പ്രകാരം ലൈസൻസുള്ള സർട്ടിഫൈയിംഗ് അതോറിട്ടികൾ നൽകുന്ന ഡിജിറ്റൽ സിഗ്നേച്ചറുകൾക്കും അംഗീകരിച്ച ഇ-സൈൻ സംവിധാനങ്ങൾക്കും മാത്രമാണ് നിയമപരമായ സാധുതയുള്ളത്. ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റിന്റെ സാധുതയും, സർട്ടിഫിക്കറ്റ് ചെയിൻ, ടൈംസ്റ്റാമ്പ്, ക്രിപ്റ്റോഗ്രാഫിക് ഇന്റഗ്രിറ്റി എന്നിവയുടെ ആധികാരികതയും സിസ്റ്റം ഓട്ടോമാറ്റിക്കായി പരിശോധിക്കണം. സ്കാൻ ചെയ്ത ഒപ്പുകളോ ചിത്രരൂപത്തിലുള്ള അടയാളങ്ങളോ പതിക്കുന്നത് നിയമപരമായ എക്സിക്യൂഷന് പകരമാവുകയില്ല. അംഗീകൃത മാർഗ്ഗത്തിൽ ഓഥന്റിക്കേറ്റ് ചെയ്തിട്ടുള്ള പക്ഷം ഡിജിറ്റൽ എക്സിക്യൂഷൻ സ്വീകരിക്കേണ്ടതാണ് എന്ന് Trimex International v. Vedanta Aluminium കേസിൽ നിരീക്ഷണം ഉണ്ടായിട്ടുണ്ട്. അതിനാൽ ഓരോ ഡിജിറ്റൽ ഒപ്പും കൺട്രോളർ ഓഫ് സർട്ടിഫൈയിംഗ് അതോറിറ്റികളുടെ ചട്ടക്കൂടിന് കീഴിലുള്ള സാധുവായ ഒരു സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് രജിസ്റ്ററിംഗ് ഓഫീസർ ഉറപ്പാക്കേണ്ടതാണ്.

## തെളിവു നിയമം വകുപ്പ് 65 B പ്രകാരമുള്ള സമഗ്രതയും തെളിവുമൂല്യവും

ഐ.ടി. ആക്ട് സെ. 7 പ്രകാരം ഇലക്ട്രോണിക് രേഖകൾ സ്ഥിരതയുള്ള, മാറ്റം വരുത്താത്തതും ആക്സസ് അനുവദിക്കുന്നതുമായ ഒരു സ്റ്റോറേജിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷയുണ്ട്. അൻവർ പി.വി (Anvar PV v. P K Basheer [2014] 11 SCR 399) അർജുൻ പണ്ഡിററ് റാവു (Arjun Panditrao Khotkar v. Kailash Kushanrao Gorantyal (2020) 7 SCC ) കേസുകളിലെ വിധിന്യായങ്ങളുടെ വെളിച്ചത്തിൽ തെളിവു നിയമം വകുപ്പ് 65B വ്യാഖ്യാനിക്കുമ്പോൾ ഓരോ ഇലക്ട്രോണിക് രേഖക്കുമൊപ്പം അതിന്റെ ആധികാരികതയുടെ ശരിയായ ഒരു സാക്ഷ്യപത്രവും ഉണ്ടായിരിക്കേണ്ടതാണ്. അതിനാൽ ഡിജിറ്റൽ രജിസ്ട്രേഷൻ സംവിധാനങ്ങൾ മാറ്റമില്ലാത്ത ഹാഷുകൾ സൃഷ്ടിക്കുകയും, എല്ലാ ആക്സസ് ഇവന്റുകളുടെയും ഓഡിറ്റ് ലോഗുകൾ പരിപാലിക്കുകയും, രജിസ്ട്രേഷൻ സമയത്തും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകുന്ന സമയത്തും ഓട്ടോമാറ്റിക് ആയി 65B സർട്ടിഫിക്കറ്റുകൾ നൽകുകയും വേണം. ഈ സുരക്ഷാ സംവിധാനങ്ങളില്ലാതെ, ഡിജിറ്റൽ ആയി രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾ ജുഡീഷ്യൽ നടപടിക്രമങ്ങളിൽ സ്വീകാര്യമല്ലെന്ന് കണ്ട് നിരസിക്കപ്പെടാനുള്ള സാധ്യതയുണ്ട്.

## ഡാറ്റ സ്വകാര്യതയും ആധാറുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളും

ഡിജിറ്റൽ ആവാസവ്യവസ്ഥ ഐഡന്റിറ്റി വെരിഫിക്കേഷനായി ആധാർ ഉപയോഗിക്കുന്നു, എന്നാൽ ആധാർ ആക്ട് (Ss. 28–30), ഡിജിറ്റൽ പേഴ്സണൽ ഡാറ്റ പ്രൊട്ടക്ഷൻ ആക്ട്, 2023 എന്നിവ വ്യക്തിഗത ഡാറ്റയുടെ ശേഖരണം, സംഭരണം, ഉപയോഗം എന്നിവയിൽ കർശനമായ പരിധികൾ ഏർപ്പെടുത്തിയിട്ടുണ്ട്. ബയോമെട്രിക് ഡാറ്റ ഒറ്റത്തവണ പ്രാമാണീകരണത്തിനായി മാത്രമേ ഉപയോഗിക്കാവൂ, അവ സൂക്ഷിക്കുന്നത് അനുവദനീയമല്ല. ആധാർ നമ്പറുകൾ മാസ്ക് ചെയ്യുകയും ഓഥന്റിക്കേഷൻ ലോഗുകളിലേക്കുള്ള ആക്സസ് രേഖപ്പെടുത്തുകയും പരിമിതപ്പെടുത്തുകയും വേണം. പുട്ടസ്വാമി കേസിൽ (Justice K.S.Puttaswamy(Retd) vs Union Of India AIR 2017 SC 4161) സ്വകാര്യതയെ ഒരു മൗലികാവകാശമായി അംഗീകരിച്ചിട്ടുള്ളതിനാൽ രജിസ്ട്രേഷൻ നടപടികൾ ഡിജിറ്റലൈസ് ചെയ്യുമ്പോൾ രൂപകൽപ്പനയിൽ തന്നെ സ്വകാര്യത സംരക്ഷണം ഉൾക്കൊള്ളുന്ന ("privacy-by-design" practices) രീതികൾ നടപ്പിലാക്കേണ്ടതുണ്ട്.

## സിസ്റ്റം തകരാറുകളുടെ ഉത്തരവാദിത്തവും ബാദ്ധ്യതയും

ഐടി നിയമത്തിലെ സെക്ഷൻ 43A പ്രകാരം, സെൻസിറ്റീവ് ഡാറ്റ സംരക്ഷിക്കുന്നതിൽ ഉണ്ടാകുന്ന വീഴ്ചകൾക്ക് സംസ്ഥാനത്തിനും അതിന്റെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചറിനും ബാധ്യത ഉണ്ടാകുന്നതാണ്. രജിസ്ട്രാർമാർ സിസ്റ്റം സമഗ്രത ഉറപ്പാക്കുകയും, മാനുവൽ ബാക്കപ്പ് നടപടിക്രമങ്ങൾ പാലിക്കുകയും, ഡിജിറ്റൽ എൻഡോഴ്സ്മെന്റുകൾക്ക് മുമ്പ് അംഗീകാരങ്ങൾ പരിശോധിക്കുകയും, അവരുടെ ക്രെഡൻഷ്യലുകൾക്ക് കീഴിൽ എടുക്കുന്ന എല്ലാ നടപടികൾക്കും ഓഡിറ്റ് ട്രെയിലുകൾ സംരക്ഷിക്കുകയും വേണം.

## രജിസ്റ്ററിംഗ് ഓഫീസറുടെ (RO) പങ്ക്

രജിസ്ട്രേഷൻ നടപടികൾ ഇലക്ട്രോണിക് പ്ലാറ്റ്ഫോമിലേക്ക് മാറുകയും ഫേസ് ലെസ് പോലെയുള്ള സംവിധാനങ്ങൾ നടപ്പിൽ വരുകയും ചെയ്താലും രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന്റെ നിയമപരമായ കടമകളും ഉത്തരവാദിത്തങ്ങളും മാറുന്നില്ല. ഫിസിക്കൽ സംവിധാനങ്ങളെയും നടപടികളെയും ഡിജിറ്റൽ സംവിധാനങ്ങൾ കൊണ്ട് പകരംവയ്ക്കുന്നുണ്ടെങ്കിലും രജിസ്റ്ററിംഗ് ആഫീസറുടെ വിവേകത്തിന് (**Judicial mind**) ഡിജിറ്റൽ ബദലുകളില്ല. സിസ്റ്റം ക്രഡൻഷ്യൽസ് ഡിജിറ്റലി സാധൂകരിക്കുമെങ്കിൽ കൂടിയും രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് ആധാര നിഷേധത്തിന്റെ കാരണങ്ങൾ രേഖപ്പെടുത്തുന്നതിലും ഡിജിറ്റൽ സംവിധാനത്തിലെ ഓരോ നടപടിയും പരമ്പരാഗത സംവിധാനത്തിന് തുല്യമായ തെളിവുമൂല്യം ഉറപ്പുവരുത്തുന്നതിലും രജിസ്ട്രേഷൻ ആക്ട് 34, 35, 71, 72 വകുപ്പുകൾ പ്രകാരമുള്ള തന്റെ നിയമപരമായ വിവേചനാധികാരം ഉപയോഗിക്കാവുന്നതാണ്.

ചില സമീപകാല കോടതി വിധികൾ രജിസ്റ്ററിംഗ് ആഫീസർമാരുടെ അധികാരപരിധികളെ വ്യക്തമായി നിർവ്വചിക്കുന്നുണ്ട്. വസ്തു കൈമാറ്റ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന രജിസ്റ്ററിംഗ് ആഫീസർക്ക് കക്ഷികളോട് ടൈറ്റിൽ തെളിയിക്കാനാവശ്യപ്പെടാനാവില്ലെന്നതു സംബന്ധിച്ച് ധാരാളം വിധിന്യായങ്ങൾ ഉണ്ടായിട്ടുണ്ട്. തമിഴ്നാട് രജിസ്ട്രേഷൻ റൂൾസ് ചട്ടം 55A(i) റദ്ദാക്കിയ സുപ്രീം കോടതി വിധി ആധാരം എഴുതി ഒപ്പിട്ടയാൾക്ക് ഉടമസ്ഥാവകാശം ഇല്ലെന്ന പേരിൽ ആധാരം നിഷേധിക്കാനാവില്ലെന്നും രജിസ്ട്രേഷനായി ഉടമസ്ഥാവകാശ തെളിവ് ആവശ്യപ്പെടാനോ, മുന്നാധാരങ്ങൾ, ബാധ്യതാ സർട്ടിഫിക്കറ്റുകൾ അല്ലെങ്കിൽ മറ്റ് ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കാൻ നിർബന്ധിക്കാനോ കഴിയില്ല എന്ന തത്വം അടിവരയിടുന്നു. സെ. 77-Aയുടെ അസാധുത പ്രഖ്യാപിച്ച മദ്രാസ് ഹൈക്കോടതി വിധിയും രജിസ്റ്ററിംഗ് ആഫീസറുടെ അധികാരം നിയമമനുവദിക്കുന്ന പരിധിക്കുള്ളിൽ മാത്രം നിൽക്കണമെന്ന് സ്പഷ്ടമാക്കുന്നു.

## ഉപസംഹാരം

ചുരുക്കത്തിൽ ഐ.ടി. ആക്ട് കാലഘട്ടത്തിൽ രജിസ്റ്ററിംഗ് ആഫീസറുടെ ചുമതല കൂടുതൽ സങ്കീർണ്ണവും നിർണായകവും ആയി മാറുന്നുണ്ട് എന്ന് കാണാവുന്നതാണ്. നടപടികൾ ടൈറ്റിൽ പരിശോധന പോലെയുള്ള ജൂഡീഷ്യൽ നടപടികളിലേക്ക് കടക്കരുത് എന്ന് നിഷ്കർഷിക്കുമ്പോഴും തിരിച്ചറിയൽ സാക്ഷ്യപ്പെടുത്തന്നതിലും, സമ്മതം രേഖപ്പെടുത്തുന്നതിലും, നടപടിക്രമങ്ങൾ പാലിക്കുന്നതിലും രജിസ്റ്ററിംഗ് ആഫീസർ കൂടുതൽ ജാഗ്രതയും സൂക്ഷ്മതയും പുലർത്തേണ്ടത് ആവശ്യമായി വരുന്നുണ്ട്. അതു കൊണ്ടു തന്നെ ഡിജിറ്റലൈസേഷൻ രജിസ്റ്ററിംഗ് ആഫീസറുടെ ചുമതലകൾ ലഘൂകരിക്കുകയല്ല, മറിച്ച് അത് രജിസ്ട്രേഷൻ ചട്ടക്കൂടിനെ സംരക്ഷിക്കുന്ന നിയമ പരിധികൾ പരിരക്ഷിച്ചു കൊണ്ടു തന്നെ കൂടുതൽ കർശനമാക്കുകയാണ് ചെയ്യുന്നത്.

2025-ലെ നിർദ്ദിഷ്ട രജിസ്ട്രേഷൻ ബിൽ ഡിജിറ്റൽ കാര്യക്ഷമതക്കും രജിസ്റ്ററിംഗ് ആഫീസറുടെ നിയമപരമായ ഉത്തരവാദിത്വത്തിനുമിടയിൽ ഒരു സന്തുലിതാവസ്ഥ സൃഷ്ടിക്കുമെന്ന് പ്രത്യാശിക്കുന്നു.



# സെമിനാർ 2
# പൗരകേന്ദ്രീകൃത രജിസ്ട്രേഷൻ

ഉച്ചഭക്ഷണത്തിന്റെ ഇടവേളക്കുശേഷം പൗരകേന്ദ്രീകൃത രജിസ്ട്രേഷൻ എന്ന വിഷയത്തിൽ രണ്ടാമത്തെ സെമിനാർ നടന്നു. സെമിനാറിൽ ബഹു ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ശ്രീ ടി. എ. ഷാജി അദ്ധ്യക്ഷനായിരുന്നു. സെമിനാറിൽ ഈ വിഷയത്തിൽ നാലു പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു.
















# വിഷയം: ഭിന്നശേഷി സൗഹൃദ രജിസ്ട്രേഷൻ നിയമവും സമീപനവും

കുമാരി പാർവതി ഗോപകുമാർ ഐ.എ.എസ്

**പേപ്പർ 01**

2023 ബാച്ച് ഐഎഎസ് ഉദ്യോഗസ്ഥയായ കുമാരി പാർവ്വതി ഗോപകുമാർ നിലവിൽ എറണാകുളം അസിസ്റ്റന്റ് കളക്ടറായി പ്രവർത്തിച്ചു വരുന്നു. ബെംഗലൂരുവിലെ നാഷണൽ ലോ സ്കൂൾ ഓഫ് ഇന്ത്യ യൂണിവേഴ്സിറ്റിയിൽ നിന്നും നിയമ ബിരുദം നേടിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ സ്വദേശിനിയാണ്.



## ആമുഖം

ഏതൊരു സംവിധാനവും പൗരകേന്ദ്രീകൃതമാവുന്നത് അത് ദുർബല വിഭാഗങ്ങളെ കൂടി ഉൾക്കൊള്ളുന്നതാവുമ്പോഴാണ്. രജിസ്ട്രേഷൻ നടപടികളെ ഇത്തരത്തിൽ വിലയിരുത്തുകയും ദുർബല വിഭാഗങ്ങളുടെ താല്പര്യ സംരക്ഷണത്തിനായി രജിസ്ട്രേഷൻ നിയമങ്ങളിലും നടപടികളിലും ഉൾചേർത്തിരിക്കുന്ന വ്യവസ്ഥകളെ കുറിച്ചും പ്രബന്ധം ചർച്ച ചെയ്യുന്നു.

## രജിസ്ട്രേഷൻ നിയമവും സാമൂഹിക നീതിയും

1908 ലെ രജിസ്ട്രേഷൻ നിയമമനുസരിച്ചുള്ള ആധാര രജിസ്ട്രേഷൻ നടപടികൾ കേവലമായ ഒരു ഭരണ നടപടി എന്നതിലുപരിയായി സാമൂഹ്യനീതിയും സംരക്ഷണവും ഉറപ്പാക്കുന്ന ഒരു നിയമോപാധി കൂടിയാണ്. സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് എന്തൊക്കെ വ്യവസ്ഥകളാണ് ഈ നടപടികളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും രജിസ്റ്ററിംഗ് ഉദ്യോഗസ്ഥർ എന്തൊക്കെ മുൻ കരുതലുകളാണ് സ്വീകരിക്കാവുന്നത് എന്നതിനേ കുറിച്ചുമാണ് ഈ ചർച്ചയിൽ പ്രധാനമായും ഊന്നൽ നൽകിയിരിക്കുന്നത്

## പ്രധാന നിയമ വ്യവസ്ഥകൾ

ഭിന്നശേഷിയുള്ള വ്യക്തികൾക്കും മുതിർന്ന പൗരന്മാർക്കും വേണ്ടി നിലവിലുള്ള മൂന്ന് പ്രധാന ക്ഷേമനിയമങ്ങളാണ് രജിസ്ട്രേഷൻ നടപടികളിലും സ്വത്തു കൈമാറ്റത്തിലും അവർക്ക് സംരക്ഷണം ഒരുക്കുന്നത്.

1. 1999ലെ നാഷണൽ ട്രസ്റ്റ് ആക്ട് - National Trust Act, 1999
2. 2016ലെ ഭിന്നശഷി അവകാശ നിയമം - Rights of Persons with Disabilities (RPWD) Act, 2016
3. 2007ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റ് - Maintenance and Welfare of Parents and Senior Citizens Act, 2007

## രജിസ്ട്രേഷൻ നിയമവും സാമൂഹിക നീതിയും

1908 ലെ രജിസ്ട്രേഷൻ നിയമമനുസരിച്ചുള്ള ആധാര രജിസ്ട്രേഷൻ നടപടികൾ കേവലമായ ഒരു ഭരണ നടപടി എന്നതിലുപരിയായി സാമൂഹ്യനീതിയും സംരക്ഷണവും ഉറപ്പാക്കുന്ന ഒരു നിയമോപാധി കൂടിയാണ്. സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് എന്തൊക്കെ വ്യവസ്ഥകളാണ് ഈ നടപടികളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും രജിസ്റ്ററിംഗ് ഉദ്യോഗസ്ഥർ എന്തൊക്കെ മുൻ കരുതലുകളാണ് സ്വീകരിക്കാവുന്നത് എന്നതിനേ കുറിച്ചുമാണ് ഈ ചർച്ചയിൽ പ്രധാനമായും ഊന്നൽ നൽകിയിരിക്കുന്നത്

## 1999ലെ നാഷണൽ ട്രസ്റ്റ് ആക്ട്

ഓട്ടിസം, സെറിബ്രൽ പാൾസി, ജന്മനാ ഉള്ള ബുദ്ധി മാന്ദ്യം, ബഹുവിധ വൈകല്യങ്ങൾ ഉള്ള അവസ്ഥ എന്നിവയാണ് നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്നത്. ഇത്തരം വ്യക്തികളുടെ അവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുന്നതിനായി വളരെ കർശനമായ വ്യവസ്ഥകൾ ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഈ നിയമമനുസരിച്ച് രൂപീകരിക്കുന്ന തദ്ദേശ തല സമിതികൾ (Local Level Committee) ഭിന്നശേഷിയുള്ള യാളുകൾക്ക് രക്ഷാകർത്താവിനെ നിയമിക്കുന്നതിനും അവരുടെ സ്വത്ത് കൈമാറ്റം നിയന്ത്രിക്കുന്നതിനും ചുമതലപ്പെടുത്തപ്പെട്ടവയാണ്. ഈ സമിതിയുടെ അംഗീകാരമില്ലാത്ത വസ്തുകൈമാറ്റങ്ങൾ അസാധു വാക്കിയിട്ടുണ്ട്.

## 2016ലെ ഭിന്നശേഷി  അവകാശ നിയമം

ഭിന്നശേഷി താല്പര്യസംരക്ഷണത്തിനായി നിലവിലുണ്ടായിരുന്ന നിയമത്തിനു പകരമായി വിപുലമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി, തുല്യത, ആത്മാഭിമാനം, വിവേചനരഹിതത്വം എന്നിവ ഉറപ്പാക്കുന്ന ക്ഷേമനിയമ മായാണ് 2016ൽ ഭിന്നശേഷി അവകാശ നിയമം പ്രാബല്യത്തിൽ വരുന്നത്. പരിമിത രക്ഷാകർതൃത്തം (Limited guardianship) ആണ് ഇതിലെ ശ്രദ്ധേയമായ ഒരു വ്യവസ്ഥ. ഗാർഡിയനും ഭിന്നശേഷിയുള്ള വ്യക്തിയും പരസ്പര ധാരണയോടെ ചേർന്ന് തീരുമാനമെടുക്കുന്ന രീതിയാണ് ഇത്. സ്വന്തമായി തീരുമാനങ്ങളെടുക്കുന്നതിന് സാദ്ധ്യമല്ലെന്നു കരുതുന്ന പക്ഷം ഒരു ഭിന്നശേഷിക്കാരന് അയാൾക്കു വേണ്ടി പ്രവർത്തിക്കുന്നതിന് പരിമിത രക്ഷകർത്താവിനെ നിയമിച്ചു കിട്ടുന്നതാണ്. ജില്ലാ കോടതിക്ക് അല്ലെങ്കിൽ നിയുക്ത അധികാരിക്ക് ലിമിറ്റഡ് ഗാർഡിയൻഷിപ് അനുവദിക്കാം. ഏതെങ്കിലും പ്രത്യേക തീരുമാനങ്ങൾക്ക് മാത്രം ബാധകമായ തരത്തിൽ താൽക്കാലികമായി നിർദ്ദിഷ്ട കാലത്തേക്കു മാത്രമാണ് ഈ നിയമനം. ആധാര രജിസ്ട്രേഷൻ നടപടികളിൽ രജിസ്റ്ററിംഗ് ഓഫീസർ പരിമിത രക്ഷാകർത്തത്തിന്റെ ഉദ്ദേശവും കാലപരിധിയും പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്.

## 2007ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും ആക്റ്റ്

ആക്ടിന്റെ 23-ാം വകുപ്പ് മുതിർന്ന പൗരന്മാരുടെ വസ്തുകൈമാറ്റങ്ങളിൽ അവരുടെ താല്പര്യസംരക്ഷണത്തിന് ശക്തമായ ഉപാധിയാണ്. തങ്ങളെ പരിപാലിക്കും എന്ന ഉദ്ദേശത്തോടെ വസ്തു ദാനമായോ ധനനിശ്ചയമായോ നൽകുന്ന പക്ഷം പിന്നീട് വസ്തു കിട്ടിയയാൾ അപ്രകാരം പ്രവർത്തിക്കാതിരുന്നാൽ സ്വത്തു കൈമാറ്റം മെയിന്റനൻസ് ട്രിബ്യൂണലിന് റദ്ദു ചെയ്യാം എന്ന് പ്രസ്തുത വകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

മുതിർന്ന പൗരന്മാരുടെ വസ്തു കൈമാറ്റം ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന രജിസ്റ്ററിംഗ് ഉദ്യോഗസ്ഥർ ഈ വ്യവസ്ഥയെപ്പറ്റി അവർക്ക് വിവരിച്ചു കൊടുക്കാനുള്ള സാമൂഹിക പ്രതിബദ്ധത പുലർത്തേണ്ടതാണ്.

## ദുർബല വിഭാഗങ്ങളുടെ താല്പര്യ സംരക്ഷണത്തിൽ രജിസ്റ്ററിംഗ് ആഫീസർമാരുടെ റോൾ.

1.എഴുതി ഒപ്പിട്ടയാളുകൾ ആധാരത്തിന്റെ ഉള്ളടക്കത്തെ പറ്റി ശരിയായ ബോദ്ധ്യത്തോടെയാണ് ഒപ്പിട്ടിട്ടുള്ളതെന്നും സ്വന്തമായി തീരുമാനമെടുക്കാനും പ്രവർത്തിയുടെ അനന്തരഫലങ്ങളെ പറ്റി മനസി ലാക്കാനും കഴിവുള്ളയാളാണെന്നും രജിസ്റ്ററിംഗ് ആഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ് എന്ന് രജിസ്ട്രേഷൻ ആക്ട് വകുപ്പ് 34ഉം അനുബന്ധ വ്യവസ്ഥകളും നിഷ്കർഷിക്കുന്നു.

2.1958ലെ രജിസ്ട്രേഷൻ ചട്ടങ്ങൾ (കേരള), ചട്ടം 69, 71, 191 പ്രകാരം ഭിന്നശേഷി, വായന/സംസാര/ കേൾവിവൈകല്യം എന്നിവ പരിഗണിച്ച് ആവശ്യമായ സഹായം നൽകുക.

3.രക്ഷകർത്താവിനെ (Guardian) നിയമിച്ചിട്ടുള്ളപ്പോൾ ഉചിതമായ നിയമന അധികാരിയുടെ ഉത്തരവാണോ എന്നും നിയമന ഉത്തരവ് (LLC/ Court/SDM) പരിശോധിച്ച് അതിന്റെ ചുരുക്കം endorsement-ൽ രേഖപ്പെടുത്തുക.

4.ആധാര രജിസ്ട്രേഷനായി ഹാജരാകുന്ന മുതിർന്ന പൗരന്മാരോടും അവരുടെ കുടുംബാംഗങ്ങളോടും MWPS ആക്ടിന്റെ വകുപ്പ് 23 നൽകുന്ന സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരിക്കുക.

5.സംശയാസ്പദമായ ഇടപാടുകൾ എൽഎൽസിയെയോ ബന്ധപ്പെട്ട അധികാരികളെയോ അറിയിക്കുക. ഭിന്നശേഷിക്കാർക്ക് താല്പര്യങ്ങളുള്ള വസ്തുക്കളുടെ കൈമാറ്റം നിയമപരമായാണ് നടക്കുന്നത് എന്ന് ഉറപ്പാക്കാൻ ശ്രദ്ധാലുവായിരിക്കുക.

## സൗകര്യങ്ങളും ഭരണനടപടികളും

ഓരോ രജിസ്ട്രേഷൻ ഓഫീസും തടസ്സ രഹിത രജിസ്ട്രേഷൻ ഓഫീസായി (Barrier-free Registration Office) സംവിധാനം ചെയ്യേണ്ടതാണ്. ഭിന്നശേഷി സൗഹൃദ രജിസ്ട്രേഷൻ ഓഫീസ് എന്നത് പ്രായോഗികാർത്ഥത്തിൽ നടപ്പിൽ വരുത്തുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്. റാമ്പുകളും, വീൽചെയർ പോലെയുള്ള സൗകര്യങ്ങളും ഒരുക്കിയാൽ മാത്രം പോരാ അവ ഉപയോഗ യോഗ്യമാക്കി വയ്ക്കുകയും വേണം.

## ഭിന്നശേഷിക്കാർക്കായി സഹായ ഡെസ്ക് (Help Desk) പരിപാലിക്കുക.

രജിസ്ട്രേഷൻ നടപടികളിൽ സുഗമമായി പങ്കെടുക്കുന്നതിനായി ആംഗ്യഭാഷാ വ്യാഖ്യാതാക്കൾ (sign-language interpreter) സ്ക്രൈബ്മാർ തുടങ്ങിയവരുടെ സേവനം ലഭ്യമാക്കുക.

ദുർബല വിഭാഗക്കാർക്കായി മുൻഗണനാ കൗണ്ടർ ഏർപ്പെടുത്തുക.

ഭിന്നശേഷി ക്ഷേമ വകുപ്പുകളുടെ ഡാറ്റാബേസ് രജിസ്ട്രേഷൻ സിസ്റ്റവുമായി ബന്ധിപ്പിക്കുക.

## സംഗ്രഹം

നിയമപരമായ കർത്തവ്യങ്ങളോടൊപ്പം രജിസ്റ്ററിംഗ് ആഫീസർമാർ സാമൂഹിക പ്രതിബദ്ധതയും സേവന മനോഭാവവും സംയോജിപ്പിച്ച് പ്രവർത്തിക്കുമ്പോൾ, സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ താല്പര്യങ്ങൾ ഹനിക്കപ്പെടുന്നത് തടയാൻ സാധിക്കുകയും രജിസ്ട്രേഷൻ നടപടി കേവലം ഭരണനടപടി എന്നതിലുപരിയായി സാമൂഹ്യസുരക്ഷയുടെ ഉപാധി കൂടിയായി പരിണാമപ്പെടുകയും ചെയ്യും. അത് ഭരണഘടന ഉറപ്പു തരുന്ന തുല്യത, ആത്മാഭിമാനം, വിവേചനരാഹിത്യം എന്നീ അടിസ്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഒരു ശക്തമായ ഇടപെടലായി മാറുന്നു.



# പൗര കേന്ദ്രീകൃത രജിസ്ട്രേഷൻ ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ പ്രസക്തി.

ഡോ. അമൃത കെ. പി. എൻ.

പേപ്പർ 02

ഡോ. അമൃത കെ. പി. എൻ. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)യിലെ Assistant Director of Training ആയി പ്രവർത്തിക്കുന്നു. ലിംഗ സംവേദനക്ഷമമായ നയം, പരിശീലനം എന്നിവയിൽ ഊന്നൽ നൽകി, സ്ത്രീശാക്തീകരണം, അധികാര വികേന്ദ്രീകരണം, തദ്ദേശ ഭരണം തുടങ്ങിയ മേഖലകളിൽ പഠനഗവേഷണങ്ങളും അക്കാദമിക് പ്രവർത്തനങ്ങളും നടത്തുന്ന. ഡോ. അമൃതയുടെ പ്രധാന പ്രവർത്തന മേഖല വനിതകൾക്കായുള്ള നേതൃത്വ പരിശീലനവും ക്ഷമതാ വർദ്ധനവും (Capacity building) ആണ്. ജെൻഡർ ബഡ്ജറ്റിംഗ്, വനിതാ അംഗങ്ങളുടെ പരിശീലനം എന്നിവയിൽ വിവിധ തദ്ദേശ സ്ഥാപനങ്ങളെ സഹായിച്ചു പോരുന്നു. കിലയുടെ വിവിധ സംഘടനാ കമ്മിറ്റികളിലും, ദയ ആശുപത്രിയുടെ എതിക്സ് കമ്മിറ്റിയിലും, എം.ജി. സർവകലാശാലയിലെ ജെൻഡർ സ്കൂളിന്റെ എക്സ്പർട്ട് കമ്മിറ്റിയിലും അംഗമാണ്. കിലയുടേതുൾപ്പടെ പല പ്രസിദ്ധികരണങ്ങളിലും ലേഖനങ്ങളും പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ISO സംബന്ധിയായ കിലയുടെ കൺസൾട്ടൻസി സർവ്വീസിന്റെ നോഡൽഓഫീസറായി ആയി പ്രവർത്തിക്കുന്ന ഡോക്ടർ അമൃത ISO സർട്ടിഫിക്കേഷൻ പ്രക്രിയകളെക്കുറിച്ചുള്ള പരിശീലനങ്ങളിലും ഉപദേശ സേവനങ്ങളിലും സജീവമാണ്.



## ആമുഖം

ഓരോ സർക്കാർ സ്ഥാപനങ്ങളിലും അവയുടെ സേവനങ്ങളും പ്രവർത്തനങ്ങളും അളക്കുന്നതിനും വിലയിരുത്തുന്നതിനുമായി ഒരു സംവിധാനം ഉണ്ടാകുന്നത് ആ സ്ഥാപനങ്ങളിൽ പൗരസൗഹൃദമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുകയും സർക്കാർ സേവനങ്ങളുടെ വിശ്വാസ്യതയും കാര്യക്ഷമതയും ഉയർത്തുകയും ചെയ്യും. ഇതിലേക്കായി ശാസ്ത്രീയമായ ഒരു ചുവടുവയ്പ്പാണ് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ. എന്താണ് ഈ സംവിധാനമെന്നും രജിസ്ട്രേഷൻ വകുപ്പിന്റെ സേവനങ്ങളെ ഈ സർട്ടിഫിക്കേഷൻ എങ്ങനെ ഗുണ പരമായി സഹായിക്കുന്നുവെന്നും ചർച്ച ചെയ്യുന്നതാണ് ഈ പ്രബന്ധം.

## ഐ.എസ്.ഒ പൗരസേവനത്തിൽ വിപ്ലവം

ഭരണസേവനങ്ങളുടെ ഗുണമേന്മ ഉയർത്തുക എന്നത് ഓരോ സർക്കാരിന്റെയും പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. പൗരനുമായി നേരിട്ട് ബന്ധപ്പെടുന്ന രജിസ്ട്രേഷൻ വകുപ്പിൽ ഈ ലക്ഷ്യം കൂടുതൽ പ്രസക്തമാണ്. സേവനനിലവാരം, വേഗത, നിർവ്വഹണക്ഷമത, സുതാര്യത എന്നിവ ഒന്നിച്ചു ചേർന്നാണ് ഒരു പൗരകേന്ദ്രീകൃത സേവനപരിസരം രൂപപ്പെടുന്നത്. ഈ പശ്ചാത്തലത്തിലാണ് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ വ്യത്യസ്തമായ മാറ്റം ഉണ്ടാക്കുന്നത്.

പൊതുസേവന രംഗത്ത് ഗുണമേന്മയുടേയും മികവിന്റേയും പ്രചോദകരാവുക എന്ന ഒരു പുതിയ ദൗത്യമാണ് ഇത്. ഏകീകൃത ഗുണമേന്മാ മാനദണ്ഡങ്ങൾ വഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ വിശ്വാസ്യത, സുതാര്യത, സ്ഥിരത, വേഗത എന്നിവയെ ഗണ്യമായി മെച്ചപ്പെടുത്തുക എന്നതാണ് ഈ ദൗത്യത്തിന്റെ മുഖ്യ ലക്ഷ്യം.

ISO 9001:2015 സർട്ടിഫിക്കേഷൻ ISO 9004:2018 സർട്ടിഫിക്കേഷൻ എന്നീ ആഗോള ഗുണനിലവാര മാനദണ്ഡങ്ങൾ ലോകമെമ്പാടും പ്രവർത്തന മികവിന് സ്വീകരിക്കപ്പെടുന്ന മാതൃകകളാണ്. 2018 മുതൽ KILA, ഈ മാനദണ്ഡങ്ങൾ നടപ്പാക്കുന്നതിലൂടെ സുപ്രധാനമായ മാറ്റത്തിന് തുടക്കമിട്ടു.

## ക്വാളിറ്റി മാനേജ്മെന്റ് തത്വങ്ങൾ (QMS)- പൗര കേന്ദ്രീകൃതമായ ഗുണനിലവാര സംസ്കാരം

സേവനം സ്വീകരിക്കുന്ന പൗരൻ തന്നെയാണ് QMS ന്റെ പ്രേരണയും ലക്ഷ്യവും. പൗരന്റെ ആവശ്യങ്ങൾ എന്താണ്, അവരെ കൂടുതൽ തൃപ്തിപ്പെടുത്താൻ ഏതു രീതിയിലുള്ള സംവിധാനം വേണം, സേവനവിളംബങ്ങൾ എവിടെയാണ് ഉണ്ടാകുന്നത് — ഇതെല്ലാം തിരിച്ചറിയുന്നതിലൂടെയാണ് QMS പ്രവർത്തനം ആരംഭിക്കുന്നത്. സിറ്റിസൺ സർവ്വേ, സിറ്റിസൺ ഫീഡ് ബാക്ക് ഫോമുകൾ, പരാതി രജിസ്റ്ററുകൾ, സന്ദർശക ഡയറി തുടങ്ങിയ സംവിധാനങ്ങൾ ഇത്തരം വിവരശേഖരണത്തിന് ശക്തി പകരുന്നു. ശരിയായ ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് പൗരനുമായി നടക്കുന്ന ആദ്യസമ്പർക്കം തന്നെ സുഗമവും ഫലപ്രദവും ആക്കുന്നു. ഈ ഘടകങ്ങൾ കൂട്ടിച്ചേർന്നാണ് പൗരകേന്ദ്രിത ഭരണത്തിന് ഒരു ഉറച്ച അടിസ്ഥാനമൊരുങ്ങുന്നത്.

## ഗുണനിലവാര ക്രമീകരണ സംവിധാനം- Quality Management System (QMS): പ്രവർത്തന മികവിന്റെ ആധാരശില

ഒരു ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റം (QMS) എന്നത് ഗുണമേന്മാ നയങ്ങളും ലക്ഷ്യങ്ങളും കൈവരിക്കുന്നതിനായി പ്രക്രിയകളും നടപടിക്രമങ്ങളും ഉത്തരവാദിത്തങ്ങളും രേഖപ്പെടുത്തുന്ന ഒരു ഔപചാരിക സംവിധാനമാണ്. ഇതിനെ മികവിനുള്ള രൂപരേഖ എന്ന് വിളിക്കാം.

സർക്കാർ സേവനങ്ങളിൽ Q M S എന്നതു കൊണ്ടുദ്ദേശിക്കുന്നത് ഒരു മികച്ച ഉൽപ്പന്നം നിർമ്മിക്കുന്നതിനെക്കുറിച്ചല്ല. അത് പൗരന്മാർക്ക് സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന സേവനത്തിന്റെ ഗുണനിലവാരത്തെയാണ് ഉദ്ദേശിക്കുന്നത്. സേവനങ്ങളുടെ നിലവാരം ഉറപ്പാക്കുക,തെറ്റുകൾ കുറയ്ക്കുക, കാര്യക്ഷമത മെച്ചപ്പെടുത്തുക, എല്ലാറ്റിനുമുപരിയായി, പൗരന്മാർക്ക് ഒരു സ്ഥിരതയുള്ളതും മെച്ചപ്പെട്ടതുമായ അനുഭവം ഉറപ്പാക്കുക എന്നിവ സേവനങ്ങളെ മുൻകൂട്ടി കാണാൻ കഴിയുന്നതും (predictable) വിശ്വസനീയവും, എളുപ്പത്തിൽ ലഭ്യമാകുന്നതും ആക്കി മാറ്റുന്നു.

## ISO 9001:2015

ശക്തമായ ഒരു ഗുണനിലവാര ക്രമീകരണ സംവിധാനത്തിന്റെ ആഗോള മാനദണ്ഡമാണ് ISO 9001:2015. ഒരു സേവനവുമായി ബന്ധപ്പെട്ട നിയമപരവും നിയന്ത്രണപരവുമായ ആവശ്യകതകൾ പാലിക്കുമ്പോൾ തന്നെ ഉപഭോക്താക്കളുടെയും മറ്റ് പങ്കാളികളുടെയും ആവശ്യങ്ങൾ നിറവേറ്റാൻ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് വേണ്ടിയാണ് ഈ മാനദണ്ഡം.

ഈ മാനദണ്ഡത്തിന്റെ 2015-ലെ പരിഷ്കരണം പ്രവർത്തനങ്ങളുടെ കൃത്യമായ ക്രമവത്കരണം ഉറപ്പാക്കുന്ന പ്രക്രിയാധിഷ്ഠിത സമീപനത്തെയും (Process Approach) പിഴവുകളെയും അപകടങ്ങളെയും മുൻകൂട്ടി തിരിച്ചറിഞ്ഞ് അവ നിയന്ത്രിക്കുന്ന വിപദ് സാദ്ധ്യതാധിഷ്ഠിത ചിന്ത (Risk-Based Thinking) നെയും സംയോജിപ്പിച്ച ഒരു സംവിധാനമാണ്.

പ്രക്രിയാധിഷ്ഠിത സമീപനം (Process Approach): സ്ഥാപനത്തിലെ പ്രവർത്തനങ്ങളെ ഒറ്റപ്പെട്ട ജോലികളായിട്ടല്ല, പരസ്പരം ബന്ധമുള്ള പ്രക്രിയകളായിട്ടാണ് ഈ രീതി കൈകാര്യം ചെയ്യുന്നത്.

വിപദ് സാദ്ധ്യതാധിഷ്ഠിത സമീപനം: സാധ്യതയുള്ള പ്രശ്നങ്ങൾ സേവനം നൽകുന്നതിനെ ബാധിക്കുന്നതിനുമുമ്പ് തന്നെ തിരിച്ചറിയുകയും പരിഹരിക്കുകയും ചെയ്യുന്ന രീതിയാണ് ഇത്.

ഉപഭോക്തൃ ശ്രദ്ധ: പ്രധാനമായി, ISO 9001:2015-ന്റെ പ്രധാന തത്വം ഉപഭോക്തൃ കേന്ദ്രീകൃതം (Customer Focus) എന്നതാണ്. ഇവിടെ "ഉപഭോക്താവ്" എന്നത് പൗരനാണ്.

## പൗരസേവന സംതൃപ്തി.

ഏതൊരു സർക്കാർ സംവിധാനത്തെയും സംബന്ധിച്ച് പൗര സംതൃപ്തി എന്നത് സുതാര്യതയും വിശ്വാസ്യതയും ഉറപ്പു വരുത്തുന്നതും സമയബന്ധിതമായ സേവനം നൽകുന്നതുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഐ.എസ്.ഒ ഗുണനിലവാര ക്രമീകരണ സംവിധാനം സങ്കീർണ്ണമായ സർക്കാർ സംവിധാനത്തെ പൗരകേന്ദ്രീകൃതവും, വിശ്വസനീയവും, നിരന്തരം മെച്ചപ്പെടുന്നതുമായ ഒരു സേവന ദാതാവായി മാറ്റുന്നു.

## വ്യക്തവും കാര്യക്ഷമവുമായ നടപടികൾ (വിശ്വാസ്യത)

ഓരോ സേവനവും വ്യക്തമായി രേഖപ്പെടുത്താനും സ്ഥിരമായി പിന്തുടരാനും Q M S ആവശ്യപ്പെടുന്നു. ഇത് ഏകപക്ഷീയമായ തീരുമാനങ്ങൾ എടുക്കുന്നതും കാലതാമസവും ഇല്ലാതാക്കുന്നു, അതുവഴി സംവിധാനത്തിൽ പൊതുജനങ്ങൾക്കുള്ള വിശ്വാസം വളർത്തുന്നു. ഒരു പൗരന് എന്ത് പ്രതീക്ഷിക്കണമെന്ന് അറിവുണ്ടാകുകയും അത് കൃത്യസമയത്ത് ലഭിക്കുകയും ചെയ്യുമ്പോൾ സംതൃപ്തി വർദ്ധിക്കുന്നു.

## പ്രകടന മാപനവും (Performance Measurement) മെച്ചപ്പെടുത്തലും

സേവനത്തിനായി തിട്ടപ്പെടുത്താവുന്ന ഗുണമേന്മാ ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും അവയുടെ നേട്ടങ്ങൾ നിരീക്ഷിക്കുകയും ചെയ്യുന്ന രീതിയാണ് ഇത്. ഉദാഹരണത്തിന്, " ഒരു സേവനം നൽകുന്നതിനുള്ള ശരാശരി സമയം 20% കുറയ്ക്കുക" പോലുള്ള അളക്കാൻ കഴിയുന്ന ഗുണമേന്മ ലക്ഷ്യങ്ങൾ സജ്ജമാക്കുകയും ശേഷം, ഈ ലക്ഷ്യങ്ങൾക്കാനുപാതികമായ പ്രവർത്തനങ്ങൾ പതിവായി നിരീക്ഷിയ്ക്കുകയും ചെയ്യുന്നു. ഈ ഡാറ്റാധിഷ്ഠിത സമീപനം പ്രവർത്തികളിലെ തടസ്സങ്ങൾ തിരിച്ചറിയാനും, തിരുത്താനും, തുടർച്ചയായി മെച്ചപ്പെടുത്താനും സ്ഥാപനങ്ങളെ സഹായിക്കുന്നു. ഇത് സർക്കാരിന്റെ പ്രവർത്തനം കൂടുതൽ സുതാര്യവും ഉത്തരവാദിത്തമുള്ളതുമാക്കുന്നു.

## പ്രതികരണ സംവിധാനം (അനുഭാവ പൂർണ്ണമായ പ്രതികരണം)

പൗരന്മാരുടെ അഭിപ്രായങ്ങളും പ്രതികരണങ്ങളും നിരീക്ഷിക്കുന്നതിന് ISO 9001:2015 ശക്തമായ പ്രാധാന്യം നൽകുന്നു. പരാതികളും നിർദ്ദേശങ്ങളും ശേഖരിക്കുന്നതിനും അവയിൽ നടപടിയെടുക്കുന്നതിനും ചിട്ടയായ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിലൂടെ, സർക്കാർ സ്ഥാപനങ്ങൾ പൗരന്മാരുടെ ആവശ്യങ്ങളോട് യഥാർത്ഥത്തിൽ അനുഭാവപൂർവ്വം പ്രതികരിക്കുന്നവരായി മാറുന്നു. സേവനങ്ങളുടെ നിഷ്ക്രിയ സ്വീകർത്താവ് എന്ന നിലയിൽ നിന്ന് പൗരന്മാർ ഭരണപരമായ മെച്ചപ്പെടുത്തലിലെ സജീവ പങ്കാളിയാകുന്നു.

## പരിവർത്തനത്തിനുള്ള സാദ്ധ്യത – കിലയുടെ പങ്ക്

കില വികസിപ്പിച്ച Q M S ന്റെ കേരളമാതൃക, അന്താരാഷ്ട്ര നിലവാരങ്ങളെ സ്വീകരിക്കുകയും അത് ഇന്ത്യൻ തദ്ദേശഭരണത്തിന്റെ സാഹചര്യങ്ങളും ഘടനയുമായി പൊരുത്തപ്പെടുത്തുകയും ചെയ്തു. നിലവിലെ പ്രവർത്തനങ്ങൾ രേഖപ്പെടുത്താൻ മാത്രമല്ലാതെ മികച്ച ഗുണമേന്മയ്ക്കായി അവരുടെ പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കാനും അതു സഹായിച്ചു. കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ 940 ഗ്രാമപഞ്ചായത്തുകളും 157 ബ്ലോക്കുകളും 607 കുടുംബശ്രീ സി.ഡിഎസുകകളും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിക്കഴിഞ്ഞു. മുനിസിപ്പാലിറ്റകളിലും ഇടമലക്കുടി ഗ്രാമപഞ്ചായത്തിലും പ്രവർത്തനങ്ങൾ നടന്നുവരികയാണ്. തദ്ദേശ ഘടക സ്ഥാപനങ്ങളിലും റവന്യൂ, ഫിഷറീസ്, എസ്.റ്റി ഡവലപ്മെന്റ് വകുപ്പുകളിലും ഐഎസ്ഒ സർട്ടിഫിക്കേഷൻ നടപടികൾ നടക്കുന്നുണ്ട്. കർണാടക, ആന്ധ്ര, അസാം തുടങ്ങിയ സംസ്ഥാനങ്ങളും കിലയുടെ മാതൃക സ്വീകരിച്ച് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

## നടപടികൾ

**Front Office Management (ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്):**

സേവനങ്ങളുടെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കാൻ പൗരാവകാശ രേഖ മുഖേന സേവനസമയം, ഉത്തരവാദിത്വങ്ങൾ എന്നിവ വ്യക്തമാക്കുകയും ചെക്ക് ലിസ്റ്റുകൾ ഉപയോഗിച്ച് രേഖകളും നടപടിക്രമങ്ങളും ഏകീകരിക്കുകയും ചെയ്യുന്നു.

**Record Management System (റെക്കോർഡ് മാനേജ്മെന്റ് സിസ്റ്റം)**

റെക്കോർഡുകളുടെ ശരിയായ ക്രമീകരണം, സംരക്ഷണം, പുനരുപയോഗം എന്നിവ ഉറപ്പാക്കാൻ റെക്കോഡുകളുടെ സൂചിക, സംരക്ഷണ കാലാവധി നിർദ്ദേശിക്കുന്ന സൂക്ഷിപ്പ് പട്ടിക (Retention Schedule), റെക്കോഡ് റൂം കീപ്പർ എന്നിവ ഉൾപ്പെടുന്നു.

**അടിസ്ഥാന സൗകര്യങ്ങൾ:**

സേവനപ്രദാനത്തിന് അനുയോജ്യമായ ശുചിത്വവും സൗകര്യപ്രദവുമായ ഓഫീസ്. തടസരഹിതവും കാര്യക്ഷമവുമായ സേവനത്തിന് ആവശ്യമായ അടിസ്ഥാന, സാങ്കേതിക സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുക.

**Documentation (ഡോക്യുമെന്റേഷൻ)**

ഗുണനിലവാരപ്രധാനമായ പ്രവർത്തനങ്ങളുടെ നിരീക്ഷണത്തിന് ക്വാളിറ്റി മാനുവൽ, ഐ.എസ്ഓ ഫയലുകൾ, നടപടി മാനുവൽ തുടങ്ങിയ രേഖകൾ സിസ്റ്റമാറ്റിക് ആയി തയ്യാറാക്കി പരിപാലിക്കുന്നു.

## നേട്ടങ്ങൾ

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ വെറുമൊരു സർട്ടിഫിക്കറ്റല്ല. സർക്കാർ ഓഫീസുകളുടെ സർട്ടിഫിക്കേഷൻ സംസ്ഥാനത്തെ പൊതുഭരണത്തിൽ വന്ന അടിസ്ഥാനപരമായ മാറ്റമാണ് (paradigm Shift) ആയിരക്കണക്കിന് സർക്കാർ നടപടിക്രമങ്ങൾ ഇതിനായി പ്രാമാണീകരിക്കപ്പെടുന്നു (standardization). പൗരന്മാർക്ക് നൽകുന്ന സേവനങ്ങളുടെ ഗുണമേന്മയിലും സമയത്തിലും വന്ന ഗുണപരമായ വർദ്ധന ഇതിന്റെ ഫലമാണ്. സർവ്വോപരി ഒരു സർക്കാർ സംവിധാനത്തിൽ ലോകോത്തര നിലവാരം കൈവരിക്കാൻ കഴിയുന്നു എന്നത് വിപ്ലവകരമായ നേട്ടമാണ്.

## തുടർപ്രവർത്തനങ്ങൾ

കില ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കൺസൾട്ടൻസി സേവനം തദ്ദേശ സ്ഥാപനങ്ങളെ കൂടാതെ മറ്റുവകുപ്പുകളിലേക്കും രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിലെ തദ്ദേശ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നു. കിലയുടെ കേരള മാതൃക രാജ്യവ്യാപകമായി സേവനം മെച്ചപ്പെടുത്താൻ കഴിയുന്ന ഒരു ഭരണപരമായ രൂപരേഖയാണ്. തുടർച്ചയായി ഗുണമേന്മ വർദ്ധിപ്പിക്കാനുള്ള തത്വങ്ങൾ ഇന്ത്യൻ പൊതുമേഖലയിൽ ഉടനീളം ഉൾച്ചേർക്കുന്നതിലൂടെ ദേശീയ സദ്ഭരണ മുന്നേറ്റത്തിന് കാര്യമായ സംഭാവന നൽകി ദേശീയ മികവ് നയിക്കുന്നു. കില സേവനം നൽകുക മാത്രമല്ല, പരിവർത്തനത്തിനുള്ള ശ്രമങ്ങളിൽ ഒരു പങ്കാളിത്തം വാഗ്ദാനം ചെയ്യുക കൂടിയാണ്, പൊതു ഭരണത്തെ കേവലമായ നടപടിക്രമങ്ങളിൽ നിന്നും കാര്യക്ഷമതയിലും ഉത്തരവാദിത്തത്തിലും അധിഷ്ഠിതമായ പൗരകേന്ദ്രീകൃതവും സുതാര്യവും ഉത്തരവാദത്ത പൂർണ്ണവുമായ ഒരു സംവിധാനമായി പരിവർത്തിപ്പിക്കുന്നതിലുള്ള പങ്കാളിത്തം.



# കേരള സമ്പദ്ഘടനയിൽ രജിസ്ട്രേഷൻ വകുപ്പിന്റെ പങ്ക്

ശ്രീ പി. കെ. സാജൻകുമാർ

പേപ്പർ 03

ശ്രീ. പി.കെ. സാജൻകുമാർ 1998ൽ രജിസ്ട്രേഷൻ വകുപ്പിൽ സബ് രജിസ്ടാർ ആയി ജോലിയിൽ പ്രവേശിച്ചു. ജില്ലാ രജിസ്ട്രാർ, രജിസ്ട്രേഷൻ ഡപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ച ശേഷം 2015 മുതൽ രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ആയി പ്രവർത്തിച്ചു വരുന്നു. കമ്മ്യൂണിറ്റി ഡവലപ്മെന്റിൽ എംഎസ്ഡബ്ല്യൂ ബിരുദാനന്തര ബിരുദധാരിയാണ്. യു.ജി.സി നാഷണൽ എലിജിബിലിറ്റി ടെസ്റ്റും (നെറ്റ്) കരസ്ഥമാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ പനങ്ങാട് സ്വദേശിയാണ്.



## ആമുഖം

കേരളത്തിലെ സർക്കാർ വകുപ്പുകളുടെ ഗണത്തിൽ പ്രഥമസ്ഥാനമാണ് രജിസ്ട്രേഷൻ വകുപ്പിനുള്ളത്. ഐക്യ കേരള സംസ്ഥാനം രൂപപ്പെടുന്നതിന് മുമ്പു തന്നെ 1865 ൽ നിലവിൽ വന്ന ഈ വകുപ്പിന് ഒന്നര നൂറ്റാണ്ടിലേറെ പഴക്കമുള്ള ചരിത്രമാണുള്ളത്. സംസ്ഥാനത്തെ ജനങ്ങളുടെ പരമപ്രധാനമായ ധാരാളം വിഷയങ്ങൾ സംബന്ധിച്ച സേവനം നൽകി വരുന്ന രജിസ്ട്രേഷൻ വകുപ്പ്, സ്തുത്യർഹവും മാതൃകാപരവുമായ സേവന മികവാണ് കാഴ്ചവച്ചു കൊണ്ടിരിക്കുന്നത്. പരാതികൾക്ക് ഇട നൽകാതെ, മാറിവരുന്ന സർക്കാരുകളുടെ നയങ്ങൾക്കനുസൃതമായി സേവനസന്നദ്ധതയോടെ, അഭിമാനാർഹമായ പ്രവർത്തനമികവ് കാഴ്ച വക്കുന്ന ഒരു പറ്റം ഉദ്യോഗസ്ഥരും മേലധികാരികളും ചേർന്ന ഉദ്യോഗസ്ഥവൃന്ദമാണ് ഈ വകുപ്പിനെ മുന്നോട്ട് നയിക്കുന്നത്.

## വരുമാനം

നോൺ പ്ലാൻ വകുപ്പാണെങ്കിൽ തന്നെയും സംസ്ഥാന സർക്കാരിന് റവന്യൂവരുമാനം നേടിക്കൊടുക്കുന്ന വകുപ്പുകളുടെ കൂട്ടത്തിൽ മുൻപന്തിയിലാണ്, രജിസ്ട്രേഷൻ വകുപ്പ്. ആധാര രജിസ്ട്രേഷൻ, ചിട്ടി രജിസ്ട്രേഷൻ, സ്പെഷ്യൽ മാര്യേജ് രജിസ്ട്രേഷൻ, ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ, പാർട്ട്ണർഷിപ്പ് ഫേംസ് രജിസ്ട്രേഷൻ, നോൺ-ട്രേഡിംഗ് കമ്പനി രജിസ്ട്രേഷൻ തുടങ്ങിയവയിലൂടെയാണ് പ്രധാനമായും രജിസ്ട്രേഷൻ വകുപ്പിന് വരുമാനം ലഭിക്കുന്നത്.

ആധാര രജിസ്ട്രേഷനിലൂടെ ലഭിക്കുന്ന സ്റ്റാമ്പ്ഡ്യൂട്ടിയും, രജിസ്ട്രേഷൻ ഫീസും സംസ്ഥാന സർക്കാരിന്റെ വാർഷിക ബഡ്ജറ്റ് ഡോക്യുമെന്റുകളിൽ നികുതി വരുമാനം (Tax Revenue) എന്ന ശീർഷകത്തിലാണ് വരുന്നത്. മറ്റ് പ്രധാന വരുമാനങ്ങളായ ചിട്ടി രജിസ്ട്രേഷൻ, ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ, പാർട്ണർഷിപ്പ് ഫേം രജിസ്ട്രേഷൻ, നോൺ - ട്രേഡിംഗ് കമ്പനി രജിസ്ട്രേഷൻ, വിവരവകാശനിയമത്തിലൂടെയുള്ള വരുമാനവും Non - Tax Revenue ലു മാണ് (നികുതിയിതര വരുമാനം) വരുന്നത്. വകുപ്പിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ റവന്യുവരുമാനം, പ്ലാൻ ഫണ്ടിന്റെ വിതരണവും ശമ്പള ഇനങ്ങളിലും മറ്റുമായി വരുന്ന ചിലവുകൾ, ഉൾപ്പെടെ യുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| വർഷം | റവന്യൂ വരുമാനം ആക്ച്വൽ (കോടി രൂപ) | | | പദ്ധതിയേതര ചെലവുകൾ (ശമ്പളവും അലവൻസുകളും) (കോടി രൂപ) | പദ്ധതി ഫണ്ട് അലോക്കേഷൻ (കോടി രൂപ) |
|---|---|---|---|---|---|
| | മുദ്രവില | രജിസ്ട്രേഷൻ ഫീസ് | ആകെ | | |
| 2020-21 | 2559.72 | 817.77 | 3377.49 | 143.41 | 20.44 |
| 2021-22 | 3582.46 | 1125.06 | 4707.52 | 221.70 | 15.97 |
| 2022-23 | 4541.21 | 1455.19 | 5996.41 | 83.07 | 15.00 |
| 2023-24 | 4142.19 | 1293.12 | 5435.31 | 193.43 | 15.40 |
| 2024-25 | 4122.27 | 1456.65 | 5578.92 | 196.04 | 20.47 |
| 2025-26 2025 സെപ്റ്റംബർ വരെ | 2106.88 | 758.90 | 2865.78 | 133.65 | 6.76 |

## നികുതി നിരക്ക് - ഒരു താരതമ്യം

01/04/2010 ന് നിലവിൽ വന്ന ഫെയർവാല്യൂ പ്രകാരമാണ് കേരളത്തിലെ മിക്കവാറും കൈമാറ്റങ്ങൾ നടക്കുന്നത്. മറ്റു സംസ്ഥാനങ്ങളിൽ കമ്പോളവില (Market Value) യിൽ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ചുമത്തു മ്പോൾ കേരളത്തിൽ അവലംബിക്കുന്നത് ഫെയർവാല്യുവാണ്.

കേരളത്തിൽ ഫെയർവാല്യു നടപ്പിലാക്കിയ 2010-2011 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ അന്നത്തെ ധനകാര്യവകുപ്പു മന്ത്രി ഫെയർവാല്യു എന്നത് കമ്പോള വിലയുടെ 50% ആണ് എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ മാർക്കറ്റ് വിലയുടെ പകുതി മാത്രം വരുന്ന ഫെയർവാല്യുവിൽ സ്റ്റാമ്പ് ഡ്യൂട്ടിയും, രജിസ്ട്രേഷൻ ഫീസും ചുമത്തുമ്പോൾ

മറ്റു സമീപ സംസ്ഥാനങ്ങളിൽ മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിലാണ് (ഫെയർവാല്യുവിന്റെ ഇരട്ടി) സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ചുമത്തുന്നത്. അങ്ങനെ പരിശോധിക്കുമ്പോൾ സമീപ സംസ്ഥാനങ്ങളിൽ ചുമത്തുന്ന സ്റ്റാമ്പ്ഡ്യൂട്ടിയും, രജിസ്ട്രേഷൻ ഫീസും കേരളത്തിന്റെ ഇരട്ടിയാണ് ചുമത്തുന്നത് എന്ന് വ്യക്തമാകുന്നു. സമീപ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുന്ന ചാർട്ട് താഴെ ചേർക്കുന്നു

| ക്രമ നം. | സംസ്ഥാനം | സ.ര. ആഫീസുകൾ | സ്റ്റാഫ് | മുദ്ര + റ്റി.ഡി + ഫീസ് (നിരക്ക് ശതമാനം) | ആധാരങ്ങളുടെ എണ്ണം (ലക്ഷത്തിൽ) | | വരുമാനം (കോടിയിൽ) | |
|---|---|---|---|---|---|---|---|---|
| | | | | | 2023-24 | 2024-25 | 2023-24 | 2024-25 |
| 1 | തെലങ്കാന | 144 | 1302 | 5.5+1.5+0.5 (7.5 %) | 18.4 | 17.49 | 14,296 | 14,214 |
| 2 | ആന്ധ്രാപ്രദേശ് | 295 | 2481 | 5+2+0.5 (7.5%) | 21.91 | 20.2 | 9,457 | 8,843 |
| 3 | കർണ്ണാടക | 252 | 1677 | 5+0.6+1 (6.6%) | 24.67 | 23.39 | 20,287 | 22,498 |
| 4 | തമിഴ്നാട് | 575 | 5500 | 7+0+4 (11%) | 34.23 | 33.59 | 19,013 | 21,878 |
| 5 | മഹാരാഷ്ട്ര | 560 | 2600 | 6+1+1 (8%) | 24.21 | 28.3 | 51,210 | 58,030 |
| 6 | കേരളം | 315 | 3250 | 8+0+2 (10%) | 8.86 | 8.7 | 5,219 | 5578 |

ഇത്തരത്തിൽ നോക്കുമ്പോൾ രാജ്യത്തെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജനങ്ങൾക്കുമേൽ അധിക നികുതി ഭാരം ചുമത്താതെ തന്നെ സംസ്ഥാനത്തിന്റെ സാമ്പത്തിക സമാഹരത്തിൽ ഗണ്യമായ പങ്കുവഹിക്കാനാകുന്നു എന്ന അഭിമാനകരമായ നേട്ടം രജിസ്ട്രേഷൻ കൈവരിച്ചിട്ടുണ്ട് എന്ന് കാണാവുന്നതാണ്.



# ഡ്രാഫ്റ്റ് രജിസ്ട്രേഷൻ ബിൽ, 2025
# ഒരു അവലോകനം

അഡ്വ. നാഗരാജ് നാരായണൻ

**പേപ്പർ 04**

അഡ്വ: നാഗരാജ് നാരായണൻ കേരളാ ലോ അക്കാദമി ലോ കോളേജ് ഓണററി ഡയറക്ടർ, നാഗരാജ് അസോസിയേറ്റ്സ് എന്ന ലീഗൽ ഫേമിന്റെ മാനേജിംഗ് പാർട്ണർ, കൊച്ചി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ അഡ്ജങ്ട്
ക്ട് പ്രൊഫസർ, വനം വകുപ്പിന്റെ കേരളാ ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ, ബാർ കൗൺസിൽ കേരള മാനേജിംഗ് ട്രസ്റ്റിയും മെമ്പറും എന്ന നിലയിലെല്ലാം പ്രവർത്തിക്കുന്നു. കേരളാ ലോ അക്കാദമി ലോ കോളേജിൽ നിന്നും എൽഎൽഎം പാസായിട്ടുണ്ട്. എൽഎൽഎം ന് ഉയർന്ന മാർക്ക് നേടിയതിന് കല്ലൻ ലോ പ്രൈസ്, എൻ ശ്രീനിവാസൻ മെമ്മോറിയൽ ഗോൾഡ് മെഡൽ എന്നിവ നേടിയിട്ടുണ്ട്. മുൻസിഫ് മജിസ്ട്രേറ്റ് ട്രെയിനിംഗിനും ഗവൺമെന്റ് ലോ കോളേജ് തുടങ്ങിയുള്ള സ്ഥാപനങ്ങളിലുമായി നിയമ അദ്ധ്യാപന രംഗത്ത് വലിയ പരിചയ സമ്പത്ത് ഉണ്ട്. നിയമവിദഗ്ദ്ധൻ, അക്കാദമിക് വിദഗ്ദ്ധൻ എന്ന നിലകളിൽ ജുഡീഷ്യൽ പരിശീലന രംഗം നിയമ വിദ്യാഭ്യാസം എന്നീ മേഖലകളിൽ രണ്ട് പതിറ്റാണ്ടിലേറെ നീണ്ട പരിചയ സമ്പത്തിനുടമയാണ്.



## ആമുഖം

ഒരു നൂറ്റാണ്ടിലധികമായി നമ്മുടെ രാജ്യത്ത് പ്രാബല്യത്തിലിരിക്കുന്ന നിയമമാണ് 1908ലെ രജിസ്ട്രേഷൻ ആക്ട്. ഇക്കാലം കൊണ്ട് സാങ്കേതിക വിദ്യയിലും മനുഷ്യ വ്യവഹാരങ്ങളിലും വലിയ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. എന്നിരുന്നാലും രജിസ്ട്രേഷൻ നടപടിക്രമങ്ങളിലെ പല നടപടികളും നൂറ്റാണ്ടുകൾക്കു മുമ്പ് എങ്ങനെയായിരുന്നോ അങ്ങിനെ തന്നെ തുടരുന്നതായാണ് കാണുന്നത്. ഉദാഹരണത്തിന് കക്ഷികളുടെ ഐഡന്റിറ്റി തിരിച്ചറിയുന്നതിന് ആൾമാറാട്ടത്തിനുള്ള സാദ്ധ്യതകൾ പൂർണ്ണമായും ഒഴിവാക്കി ബയോമെട്രിക് അധിഷ്ഠിതമായി ആളെ തിരിച്ചറിയാനുള്ള സംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും രജിസ്ട്രേഷൻ നടപടികളിൽ ഏതെങ്കിലും രണ്ടു സാക്ഷികളെ വിസ്തരിച്ച് ആളെ തിരിച്ചറിയുന്ന രീതിയാണ് ഇപ്പോഴും സ്വീകരിക്കുന്നത്. ഇത് ഈ നിയമവും അതു പ്രകാരമുള്ള നടപടികളും കാലോചിതമായി പരിഷ്ക്കരിക്കേണ്ടുന്ന ആവശ്യകത യിലേക്ക് വിരൽചൂണ്ടുന്നു. അപ്രകാരം, വിവരസാങ്കേതിക വിദ്യയിലുണ്ടായ മാറ്റം ഉൾക്കൊണ്ട് നിയമം കാലോ ചിതമായി പരിഷ്ക്കരിക്കാനുള്ള പരിശ്രമമാണ് 2025ലെ നിർദ്ദിഷ്ട രജിസ്ട്രേഷൻ ബിൽ. പ്രസ്തുത ബില്ലും നിലവിലെ നിയമവുമായുള്ള താരതമ്യമാണ് പ്രബന്ധത്തിലെ പ്രതിപാദ്യ വിഷയം.

# ചരിത്രം

ഭൂമി സംബന്ധമായ ഇടപാടുകളിൽ തീർച്ചയും പ്രചാരവും ആധികാരികതയും ഉറപ്പാക്കേണ്ട ആവശ്യമാണ് ഇന്ത്യയിലെ രജിസ്ട്രേഷൻ നിയമത്തിന്റെ ഉത്ഭവത്തിനിടയാക്കിയത്. ബ്രിട്ടീഷ് ഭരണകാലത്ത് തന്നെ രജിസ്ട്രേഷൻ പ്രക്രിയ നിലവിലുണ്ടായിരുന്നു.

1793 ലെ ബംഗാൾ റഗുലേഷൻ XXXVIൽ ആണ് ഔദ്യോഗിക രജിസ്ട്രേഷൻ സംവിധാനം ഇന്ത്യയിൽ ആദ്യമായി അവതരിപ്പിക്കുന്നത്. പിന്നീട് ബോംബെയിൽ 1802ലെ റഗുലേഷൻ 1V മുഖേനയും മദ്രാസ് പ്രവശ്യയിൽ 1802ലെ റഗുലേഷൻ XVII മുഖേനയും രജിസ്ട്രേഷൻ സംവിധാനം നടപ്പിലാക്കി. 1864ലെ ഏകീകൃത രജിസ്ട്രേഷൻ ആക്ട് നിലവിൽ വന്നതിന്റെ തുടർച്ചയായാണ് അതേ വർഷമാണ് അക്കാലത്തെ ഇന്ത്യാ ഗവൺമെന്റിന്റെ രജിസ്ട്രേഷൻ വകുപ്പ് രൂപീകരിക്കുന്നത്. പിന്നീട് 1866, 1871, 1877 വർഷങ്ങളിൽ രജിസ്ട്രേഷൻ നിയമത്തിന് പരിഷ്കരണങ്ങൾ നടന്നു. ഒടുവിലായി നിലവിലെ നിയമങ്ങളെ ക്രോഡീകരിച്ച് ഒറ്റ നിയമമായാണ് 1908ലെ രജിസ്ട്രേഷൻ ആക്ട് നിലവിൽ വരുന്നത്. ഇത് കഴിഞ്ഞ 117 വർഷമായി ഇന്ത്യയിലെ രജിസ്ട്രേഷൻ സംവിധാന ത്തിന്റെ അടിത്തറയായി പ്രവർത്തിക്കുന്നു.

## 1908 ലെ നിയമത്തിന്റെ ലക്ഷ്യം

പൊതുജനങ്ങൾക്ക് ആധാരങ്ങളുടെ കലർപ്പില്ലായ്മയ്ക്ക് ഉറപ്പു നൽകുക, ഇടപാടുകൾക്ക് പ്രചാരം നൽകുക, വഞ്ചന തടയുക എന്നിവയാണ് രജിസ്ട്രേഷൻ നിയമത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ

## രജിസ്ട്രേഷൻ ബിൽ, 2025 — പരിഷ്കരണങ്ങളുടെ ദിശ

2025 ലെ ബിൽ 1908 ലെ നിയമത്തിനു പകരമായി ഒരു ഡിജിറ്റൽ, പേപ്പർലെസ്, പൗരകേന്ദ്രിത രജിസ്ട്രേഷൻ സംവിധാനമാണ് പുതിയ ബില്ലിലൂടെ ലക്ഷ്യമിടുന്നത്.

## ബില്ലിൽ വിഭാവനം ചെയിതിട്ടുള്ള പ്രധാന മാറ്റങ്ങൾ:

നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ട ആധാരങ്ങളുടെ ലിസ്റ്റ് വിപുലീകരിക്കുന്നു, നടപടികളുടെ ഡിജിറ്റലൈ സേഷന് ഊന്നൽ നൽകുന്നു തട്ടിപ്പുകൾ തടയുന്നതിനായി ശക്തമായ നടപടികൾ ഉൾക്കൊള്ളിച്ചിരിക്കുന്നു ഓൺലൈൻ/ഇലക്ട്രോണിക് രൂപത്തിൽ രാജ്യമൊട്ടാകെ ഒരു ഏകീകൃത ദേശീയ രജിസ്ട്രേഷൻ അടിത്തറ വിഭാവനം ചെയ്യുന്നു എന്നതെല്ലാമാണ് പുതിയ ബില്ലിലെ പ്രധാന മാറ്റങ്ങൾ. വിവരസാങ്കേതിക വിദ്യ രജിസ്ട്രേഷൻ നടപടികളുമായി സംയോജിപ്പിച്ച് ഇലക്ട്രോണിക് പ്രസന്റേഷൻ, പേപ്പർലെസ് രജിസ്ട്രേഷൻ തുടങ്ങിയവയും വിഭാവനം ചെയ്തിരിക്കുന്നു.

## ഭരണഘടനാപരമായ ചർച്ച: ഫെഡറലിസവും സംസ്ഥാനങ്ങളുടെ സ്വയംഭരണവും

ഭൂമി, ഭുമിയുടെ അവകാശങ്ങളും തരവും എന്നിവയെല്ലാം ഭരണഘടനയിൽ സ്റ്റേറ്റ് ലിസ്റ്റിലെ വിഷയങ്ങളാ ണെങ്കിലും ആധാരങ്ങളുടെ രജിസ്ട്രേഷൻ കൺകറന്റ് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വിഷയത്തിൽ സംസ്ഥാനങ്ങൾക്ക് ആവശ്യമെങ്കിൽ അവരുടേതായ നിയമങ്ങൾ നടപ്പിൽ വരുത്താം

എന്നിരിക്കെ ദേശീയതലത്തിലുള്ള ഏകീകരണ ശ്രമങ്ങൾ സംസ്ഥാനങ്ങളുടെ ഫെഡറൽ അധികാരങ്ങളിലേക്കുള്ള കടന്നു കയറ്റമാണ്. ആധാര രജിസ്ട്രേഷന് കേന്ദ്രീകൃത ഡാറ്റാബേസ് നടപ്പിലാക്കുന്നത് സംസ്ഥാനങ്ങളുടെ നിയന്ത്രണം കുറയ്ക്കും. ഈ സാഹചര്യത്തിൽ ദേശീയ മാനദണ്ഡങ്ങൾക്ക് കീഴിൽ സംസ്ഥാനങ്ങൾക്ക് ചട്ടങ്ങൾ രൂപപ്പെടുത്താനുള്ള സ്വാതന്ത്ര്യം ഉറപ്പാക്കേണ്ടതാണ്.

## സുതാര്യതയും (Digital Transparency) സ്വകാര്യതയ്ക്കുള്ള അവകാശവും (Right to Privacy)

ഡിജിറ്റൈസേഷന്റെ ഭാഗമായി ബിൽ നിർദ്ദേശിക്കുന്നത് കേന്ദ്രീകൃത ഡാറ്റാ ബേസും (Central Database) സെൻട്രൽ ഡാറ്റ ഗവേണൻസിലേക്ക് നയിക്കുന്ന ദേശീയ ഇലക്ട്രോണിക് രജിസ്ട്രേഷൻ സംവിധാനവുമാണ്. ഇത് സുതാര്യതയും പോർട്ടബിലിറ്റിയും വർദ്ധിപ്പിക്കുന്നു. മുക്ത്യാറുകളുൾപ്പെടെ രജിസ്റ്റർ ചെയ്യുന്ന എല്ലാ ആധാരങ്ങളും ആർക്കും കാണുകയും പകർപ്പ് എടുക്കുകയും ചെയ്യാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് സുതാര്യത വർദ്ധിപ്പിക്കുമെങ്കിലും നിലവിൽ മൂന്നും നാലും പുസ്തകങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾക്ക് ഉള്ള നിയന്ത്രണം നീക്കുന്നത് സ്വകാര്യമായി സൂക്ഷിക്കാനുദ്ദേശിക്കുന്ന ഇടപാടുകൾ പോലും പരസ്യമാവുന്നതിലേക്ക് നയിക്കും രാജ്യത്ത് രജിസ്റ്റർ ചെയ്യുന്ന എല്ലാ ആധാരങ്ങൾക്കും ഒറ്റ കേന്ദ്ര ഡാറ്റാ ബേസ് എന്ന ആശയം ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾക്കുള്ള നിയന്ത്രണങ്ങൾക്കും സ്വയംഭരണാവകാശങ്ങൾക്കും അവസാനം കുറിക്കും.

സ്വകാര്യതയ്ക്കുള്ള അവകാശം ഭരണഘടനാപരമെന്ന് നിരീക്ഷണങ്ങളുള്ള സാഹചര്യത്തിൽ (ജസ്റ്റിസ് പുട്ടസ്വാമി കേസ്) അതു കൂടി സംരക്ഷിച്ച് ഡാറ്റ ആക്സസ് നിയന്ത്രിക്കുകയും ശക്തമായ സുരക്ഷ ഒരുക്കുകയും വേണ്ടതാണ്.

## ആധാർ അധിഷ്ഠിത സാക്ഷ്യം ( Aadhaar-Based Authentication)

പുതിയ ബില്ലിലെ വകുപ്പ് 29(4) ആധാർ ഇല്ല എന്ന കാരണത്താൽ രജിസ്ട്രേഷൻ നിരസിക്കാനാവില്ലെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ബയോമെട്രിക് വെരിഫിക്കേഷൻ പോലെയുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തി നടപടികൾ ഡിജിറ്റലൈസ് ചെയ്യുന്നത് ഐഡന്റിറ്റി പരിശോധന ശക്തിപ്പെടുത്തുകയും കൃത്രിമവും ആൾമാറാട്ടവും തടയുകയും ചെയ്യുമെങ്കിലും അത്തരമൊരു സാഹചര്യത്തിൽ ഡിജിറ്റൽ സംവിധാനങ്ങളുമായി പരിചയമില്ലാത്ത, ഒരു വിഭാഗം മുതിർന്ന പൗരന്മാരുൾപ്പടെയുള്ള ജന വിഭാഗങ്ങളെ കൂടി ഉൾക്കൊള്ളുന്നതിനായിമൾട്ടി ഫാക്ടർ ഓഥന്റിക്കേഷനും ഓഫ് ലൈൻ ബദലുകളും ഏർപ്പെടുത്തേണ്ടതാണ്.

## നിർബന്ധിത രജിസ്ട്രേഷന്റെ പരിധിവിപുലീകരണം

സ്ഥാവര വസ്തു കൈമാറ്റത്തിനുള്ള മുക്ത്യാറുകൾ, വസ്തുവില്പന കരാറുകൾ, സെയിൽ സർട്ടിഫിക്കറ്റുകൾ എന്നിവയെല്ലാം നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കേണ്ട ആധാരങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുവാനാണ് പുതിയ ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നത്. ഇക്വിറ്റബിൾ മോർട്ഗേജുമായി ബന്ധപ്പെട്ട കരാറുകളാകട്ടെ പുതിയ ബില്ലിലെ വകുപ്പ് 14(3)ൽ ഉപരിവ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ഫയൽ ചെയ്യുകയോ അതല്ലാത്ത പക്ഷം രജിസ്റ്റർ ചെയ്തിരിക്കുകയോ വേണം.

ഒരു ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ ആ ഇടപാട് ലോകത്തിനു മുന്നിൽ പരസ്യപ്പെടുത്തുകയാണ് ചെയ്യുന്നത് എന്നാണ് വസ്തുകൈമാറ്റ നിയമത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. സ്ഥാവര വസ്തുക്കളെ സംബന്ധിച്ച കൂടുതൽ ഇടപാടുകൾക്ക് പരസ്യപ്പെടുത്തുന്നത് മൂന്നാം കക്ഷികൾക്കും വസ്തു വാങ്ങാനുദ്ദേശിക്കുന്നവർക്കും ടൈറ്റിൽ സംബന്ധിച്ച വ്യക്തതയുണ്ടാക്കാൻ സഹായിക്കുന്ന നടപടിയാണ്. നടപടിക്രമങ്ങൾ സങ്കീർണ്ണമാക്കുന്നത് ജനങ്ങളുടെ സമയവും പണവും നഷ്ടപ്പെടുത്തുന്നതാണെങ്കിലും രഹസ്യ ഇടപാടുകളുടെ സാദ്ധ്യത കുറയ്ക്കുന്നതും ഇടപാടുകൾ ക്രിയാത്മകമായി പരസ്യപ്പെടുത്തുന്നതും വസ്തു ഇടപാടുകളുമായി ബന്ധപ്പെട്ട അപകടസാദ്ധ്യതകൾ ലഘൂകരിക്കുന്നു.

ടൈറ്റിൽ ആധാരങ്ങൾ ഡപ്പോസിറ്റ് ചെയ്തുള്ള പണയങ്ങളുമായി ബന്ധപ്പെട്ട കരാറുകൾക്ക് ഫയലിംഗോ രജിസ്ട്രേഷനോ നിർബന്ധമാക്കുന്നത് ഒരേ വസ്തു ഒന്നിലധികം സ്ഥാപനങ്ങളിൽ പണയം വയ്ക്കുന്നതു പോലെയുള്ള തട്ടിപ്പുകൾ തടയാൻ സഹായിക്കുന്നു. എന്നാൽ ഇത് പ്രവാസികൾക്കും മുതിർന്ന പൗരന്മാർക്കും ഉണ്ടാക്കിയേക്കാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് മാർഗ്ഗം കൂടി കാണേണ്ടതാണ്.

## തടങ്കൽ (അറ്റാച്ച്മെന്റ്) ഉള്ള വസ്തുക്കളുടെ രജിസ്ട്രേഷൻ നിഷേധിക്കാനുള്ള വ്യവസ്ഥ

ഭരണഘടനയുടെ ആർട്ടിക്കിൽ 300A അനുസരിച്ച് വസ്തു കൈമാറ്റം ചെയ്യാനനുവദിക്കുക എന്നത് സാമാന്യ നിയമവും കൈമാറ്റം തടയുന്നത് അതിന് അപവാദവുമാണ്. ആധാരവുമായി ബന്ധപ്പെട്ട് ഹാജരാക്കുന്നതും ഒപ്പിടുന്നതും പോലെ രജിസ്ട്രേഷൻ നടപടിയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ശരിയായി പാലിച്ചിട്ടുണ്ടോ എന്ന സാമാന്യ പരിശോധന മാത്രമാണ് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന്റെ കർത്തവ്യമെന്നിരിക്കെ, വസ്തുവിന്റെ അവകാശ ബാദ്ധ്യകൾ പരിഗണിച്ച് ആധാരം നിഷേധിക്കുവാൻ അധികാരപ്പെടുത്തുന്നത് കോടതിയുടെ അധികാരപരിധിയിലേക്കുള്ള കടന്നുകയറ്റമാണ് എന്നു കാണാവുന്നതാണ്. കൈമാറ്റം ചെയ്യുന്നയാൾക്ക് യഥാർത്ഥത്തിൽ എന്ത് അവകാശമുണ്ടോ അതാണ് കൈമാറുന്നത്. അത് പൂർണ്ണാവകാശമോ കൈവശമോ മറ്റു വിധത്തിലുള്ള അവകാശമോ ആകാമെന്നും അപ്രകാരമുള്ള അവകാശം കൈമാറുന്നത് വ്യക്തികളുടെ അവകാശമാണെന്ന സാമാന്യ തത്വത്തിനു വിരുദ്ധമാണ് ഈ വ്യവസ്ഥ. അവകാശ ബാദ്ധ്യതകൾ സംബന്ധിച്ച് തീർപ്പിലെത്തുന്നതോ ജപ്തി, നിരോധന ഉത്തരവുകളുടെ കാലപരിധി പരിഗണിച്ച് തീരുമാനമെടുക്കുന്നതോ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന്റെ കടമയല്ല.

## സെക്ഷൻ 64 – തട്ടിപ്പിന്റെയോ കള്ള പ്രസ്താവനയുടെയോ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ റദ്ദാക്കൽ

തട്ടിപ്പോ കള്ള പ്രസ്താവനയോ (fraud or misrepresentation) തെളിഞ്ഞാൽ ആധാരം റദ്ദു ചെയ്യുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അധികാരം നൽകുന്നു എന്നതാണ് പുതിയ ബില്ലിലെ മറ്റൊരു സുപ്രധാന വ്യവസ്ഥ. രജിസ്ട്രേഷൻ ഒരു അടിസ്ഥാന നിയമം അല്ല (substantive law) അതൊരു നടപടി നിയമം (procedural law) ആണ്. കൃത്രിമവും (forgery) തട്ടിപ്പും (fraud) തമ്മിൽ വലിയ വ്യത്യാസമുണ്ട്. തട്ടിപ്പ് ഒരു സിവിൽ കോടതി മുമ്പാകെ ന്യായവാദങ്ങളുടേയും തെളിവുകളുടേയും അടിസ്ഥാനത്തിൽ തീർപ്പുകൽപ്പിക്കേണ്ട സംഗതിയാണ്. State of Kerala and Others Vs. Travancore Chemicals and Manufacturing Company (1998 [8] SCC 188) എന്ന കേസിൽ, ഏതെങ്കിലും

കേസിൽ ഒരു എക്സിക്യൂട്ടീവ് അതോറിറ്റിക്ക് ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ പ്രാപ്തമാക്കുന്ന ഒരു നിയമപരമായ വ്യവസ്ഥ ജുഡീഷ്യൽ തീർപ്പ് ഒഴിവാക്കി പ്രാബല്യത്തിൽ വരുത്താൻ കഴിയുമോ എന്ന വിഷയം ബഹുമാനപ്പെട്ട സുപ്രീം കോടതി പരിശോധിച്ചതിൽ അർദ്ധ ജുഡീഷ്യൽ അധികാരം (quasi judicial ) പ്രയോഗിക്കുമ്പോൾ പോലും എക്സിക്യൂട്ടീവ് അതോറിറ്റിയുടെ തീരുമാനം ജുഡീഷ്യറിയുടെ പ്രത്യേകമായ അധികാരമേഖലയെ മറികടക്കാൻ അനുവദിക്കാനാവില്ലെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

## പൈതൃക രേഖകളുടെ (Legacy data) ഡിജിറ്റൈസേഷൻ

പഴയ രേഖകളുടേയും ആധാരങ്ങളുടേയും ഡിജിറ്റൈസേഷനുള്ള നിർദ്ദേശം കാലത്തിനനുസൃതമായി നടപടികളിലുണ്ടാവേണ്ട അനിവാര്യമായ ഒരു മാറ്റമാണ്. ഇത് രേഖകളും ടൈറ്റിലും വേഗത്തിൽ തിരയുന്നതിനും സഹായകരമായിരിക്കും. പേപ്പർ ലെസ് രജിസ്ട്രേഷൻ എന്നതിലേക്കുള്ള ഒരു ചുവടുവയ്പ് കൂടിയാവും ഇത്.

## പ്രാമാണിക ആധാര മാതൃകകൾ (ടെംപ്ലേറ്റുകൾ)

ആധുനീകരണത്തിലേക്കുള്ള മറ്റൊരു സുപ്രധാന മാറ്റമാണ് ടെംപ്ലേറ്റ് അധിഷ്ഠിത രജിസ്ട്രേഷൻ. എന്നാൽ ടെംപ്ലേറ്റുകൾ ഐച്ഛികമായി നൽകുന്നു എന്നല്ലാതെ ടെംപ്ലേറ്റിലല്ല എന്ന കാരണത്താൽ ആധാരത്തിന്റെ രജിസ്ട്രേഷൻ നിഷേധിക്കാനാവില്ലെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ടെംപ്ലേറ്റുകളുടെ ഉപയോഗം ആധാര മാതൃകകളുടെ ഏകീകരണത്തിനും സുതാര്യതയ്ക്കും പിശകുകൾ ഒഴിവാക്കുന്നതിനും സഹായിക്കുകയും പൊതുജനത്തെ സംബന്ധിച്ച് ആധാര രജിസ്ട്രേഷന്റെ ചെലവും സമയവും ലാഭിക്കാൻ സഹായിക്കുന്നതുമായ നടപടിയാണ്.

## സംഗ്രഹം

Registration Bill, 2025 ഇന്ത്യയുടെ ആധാര രജിസ്ട്രേഷൻ വ്യവസ്ഥയെ ആധുനിക സംവിധാനത്തിലേക്ക് മാറ്റുന്ന വലിയ പരിഷ്കരണമാണ്. എങ്കിലും ഇതിന്റെ യഥാർത്ഥ വിജയം കേന്ദ്ര-സംസ്ഥാന അധികാര സമന്വയം, ഡാറ്റാ സുരക്ഷയും സ്വകാര്യതാ സംരക്ഷണവും, സാങ്കേതികമായ ഉൾക്കൊള്ളൽ (inclusiveness), ഭരണപരമായ ഉത്തരവാദിത്തത്തിന്റെ ശരിയായ നിർവ്വഹണം, പൈതൃക രേഖകളുടെ സുരക്ഷിതമായ മൈഗ്രേഷൻ എന്നിവയെയെല്ലാം ആശ്രയിച്ചാണിരിക്കുന്നത്. ബിൽ ഒരു ദേശീയ നിയമ മാതൃക (Model Law) ആയി അവതരിപ്പിച്ച് സംസ്ഥാനങ്ങൾക്ക് അവരുടെ സാഹചര്യങ്ങളും പ്രത്യേകതകളും അനുസരിച്ച് ഭേദഗതിപ്പെടുത്തി നടപ്പാക്കുവാൻ അവസരം നൽകുന്നതാവും അനുയോജ്യം.



# വീഡിയോ പ്രദർശനം

സെമിനാറിനോടനുബന്ധിച്ച് ക്രാനിയം എ.ഐ പ്രൈവറ്റ് ലിമിറ്റഡ് (KRANIUM AI Pvt Ltd) എന്ന സ്റ്റാർട്ട് അപ് നിർമ്മിത ബുദ്ധി രജിസ്ട്രേഷൻ വകുപ്പിന്റെ പരിഷ്ക്കരണത്തിന് (Transforming the Registration Department with AI) എന്ന വിഷയത്തിൽ വീഡിയോ പ്രദർശനം നടത്തി. രജിസ്ട്രേഷൻ വകുപ്പിലെ സേവനങ്ങളിലും പ്രവർത്തനങ്ങളിലും നിർമ്മിത ബുദ്ധിയുടെ ഉപയോഗവും സാദ്ധ്യതകളും വീഡിയോയിൽ വിശദമായി അവതരിപ്പിക്കപ്പെട്ടു.

# സമാപനം

രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനീകരണം, പൗരകേന്ദ്രീകൃത രജിസ്ട്രേഷൻ എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് സെമിനാറിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങൾ ആഴത്തിലുള്ള പഠനവും ഗൗരവമുള്ള വിശകലനവും പ്രതിഫലിപ്പിക്കുന്നതുമായിരുന്നു. അവയോരോന്നും രജിസ്ട്രേഷൻ വകുപ്പിന്റെ ഭാവി വികസനം ഏതു ദിശയിലായിരിക്കണമെന്നത് സംബന്ധിച്ച വീക്ഷണം പ്രായോഗികമായ ഉൾക്കാഴ്ചയോടെ അവതരിപ്പിക്കുകയും അതിലേക്കുള്ള നടപടികളിൽ നേരിടാവുന്ന വെല്ലുവിളികളെ എങ്ങനെ കൈകാര്യം ചെയ്യാമെന്നതു സംബന്ധിച്ച് വ്യക്തമായ പരിഹാരങ്ങളും ശുപാർശകളും നൽകുകയും ചെയ്തിട്ടുണ്ട്. സെമിനാറുകൾക്കു ശേഷം അവതരിപ്പിച്ച വിഷയങ്ങളും അതിന്മേൽ നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശയങ്ങളും ക്രോഡീകരിച്ച റിപ്പോർട്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ശ്രീമതി. മീര കെ. ഐ. എ.എസ്. അവതരിപ്പിച്ചു. എറണാകുളം ജില്ലാ രജിസ്ട്രാർ ജനറൽ ശ്രീ. ശ്രീനിവാസൻ കെ. നന്ദി പറഞ്ഞതോടുകൂടി ചടങ്ങ് അവസാനിച്ചു.



# രജിസ്ട്രേഷൻ വകുപ്പിന്റെ
# വികസന പരിപ്രേക്ഷ്യം

# വിഷൻ 2031

## സ്മാർട്ട്-പേപ്പർലെസ്-ഇൻക്ലൂസീവ്
## രജിസ്ട്രേഷൻ

# ആമുഖം

കേരള സംസ്ഥാന രജിസ്ട്രേഷൻ വകുപ്പ് കാലാനുസൃതമായ ആധുനികവൽക്കരണത്തിന്റെ പാതയിൽ വളരെ വേഗത്തിൽ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. ലെഗസി രേഖകളുടെ ഡിജിറ്റൈസേഷൻ, ഡിജിറ്റൽ എൻഡോഴ്സ്മെന്റ്, ആധാരങ്ങളുടെ ഓൺലൈൻ ടെംപ്ലേറ്റ് അവതരണം എന്നിവയിൽ സംസ്ഥാനം ശ്രദ്ധേയ മായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും, രജിസ്ട്രേഷൻ സേവനങ്ങളുടെ സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ എന്നതിലേക്കുള്ള അനിവാര്യമായ വികസനയാത്ര തുടക്കഘട്ടത്തിൽ മാത്രമാണ്. ജനങ്ങളുടെ ഉയർന്നുവരുന്ന പ്രതീക്ഷകളും ഭരണത്തിലെ സുതാര്യത, കാര്യക്ഷമത, പൗരോന്മുഖത എന്നിവയ്ക്കായുള്ള പൊതു സമൂഹ ത്തിന്റെ ആവശ്യങ്ങളും, രാജ്യത്ത് സാങ്കേതികവിദ്യയുടെ അതിവേഗ വളർച്ചയും പരിഗണിക്കുമ്പോൾ, രജിസ്ട്രേഷൻ നടപടികൾ സ്മാർട്ട്, പേപ്പർലെസ്, ഇൻക്ലൂസീവ് ആയി നിർമ്മിത ബുദ്ധി ഉൾപ്പടെയുള്ള പുതുതലമുറ സാങ്കേതികവിദ്യകളെ സംയോജിപ്പിച്ച രീതിയിൽ ആധുനികവൽക്കരിക്കേണ്ടത് അനിവാര്യമാണ്. ചരിത്രപരമായ പ്രധാന്യമുള്ളതും സമൂഹത്തിന്റെ സ്വത്തുസുരക്ഷയുമായി നേരിട്ട് ബന്ധപ്പെട്ടതുമായ ഈ വകുപ്പ്, ദുർബല വിഭാഗങ്ങൾ ഉൾപ്പെടെ എല്ലാ പൗരന്മാർക്കും സൗഹൃദപരമായ, എല്ലാവരേയും ഉൾക്കൊള്ളുന്ന, സുരക്ഷിതമായ സേവനം ഉറപ്പാക്കേണ്ട ഉത്തരവാദിത്തവും വഹിക്കുന്നു. തിരിച്ചറിയലും കക്ഷിവിസ്താരവു മായി ബന്ധപ്പെട്ട നടപടികളിലെ തെളിവു മൂല്യവും നിയമസാധുതയും ഉറപ്പാക്കിക്കൊണ്ടു തന്നെ പ്രവർത്തന രീതികളെ പുനർരൂപകൽപ്പന ചെയ്യേണ്ട ആവശ്യം ഇന്ന് പ്രസക്തമാണ്.

ഈ പശ്ചാത്തലത്തിലാണ് സർക്കാർ പ്രഖ്യാപിച്ച വിഷൻ 2031 രജിസ്ട്രേഷൻ വകുപ്പിന് ഭാവിയെ ലക്ഷ്യമിട്ടുള്ള സുസ്ഥിരമായ ഒരു വികസനപരിപ്രേക്ഷ്യം രൂപപ്പെടുത്താനുള്ള സുവർണ്ണാവസരമാകുന്നത്. 2025 ഒക്ടോബർ 14ന് കുഴുപ്പള്ളി സഹകരണ നിലയത്തിൽ നടന്ന രജിസ്ട്രേഷൻ വകുപ്പിന്റെ വികസന സെമിനാറിൽ സാങ്കേതിക വിദഗ്ധർ, നിയമവിദഗ്ധർ, അഭിഭാഷകർ, രജിസ്ട്രേഷൻ വകുപ്പ് ജീവനക്കാർ, ആധാരമെഴുത്തു കാർ പൊതുജനങ്ങൾ എന്നിവരുടെ വലിയ പങ്കാളിത്തമാണ് ഉണ്ടായത്. പ്രസ്തുത സെമിനാറിൽ അവതരിപ്പി ക്കപ്പെട്ട വിഷയങ്ങളും തുടർന്നു നടന്ന ചർച്ചകളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് രജിസ്ട്രേഷൻ സേവന ങ്ങളെ പുനർനിർവചിക്കുകയും കാലോചിതവും സുതാര്യവും പൗരോന്മുഖവുമായ ഒരു ആധുനിക സേവന മോഡലിലേക്ക് മുന്നേറുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് ഈ വികസന പരിപ്രേക്ഷ്യം തയ്യാറാക്കിയിരിക്കുന്നത്.



## ലക്ഷ്യം

- രജിസ്ട്രേഷൻ വകുപ്പിനെ ആധുനിക സമൂഹത്തിന്റെ ആവശ്യങ്ങൾക്ക് അനുസൃതമായി പൗര കേന്ദ്രീകൃതവും, സുതാര്യവും, കാര്യക്ഷമതയുള്ളതുമായ ഒരു പൊതുസേവന ദാതാവായി മാറ്റുക.
- ഡാറ്റാ സുരക്ഷിതത്വത്തിനും രേഖകളുടെയും നടപടികളുടെയും ആധികാരികതയ്ക്കും ഊന്നൽ നൽകിക്കൊണ്ട് രജിസ്ട്രേഷൻ നടപടികൾ ഡിജിറ്റലൈസ് ചെയ്ത്, മറ്റു വകുപ്പുകൾക്കും രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾക്കും മാതൃകയായി മാറുക.
- അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഓരോ രജിസ്ട്രേഷൻ ആഫീസുകളും ജനസൗഹൃദമാക്കുകയും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുകയും ചെയ്യുക.

## നടപടികൾ

ഈ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി ചുവടെ പ്രതിപാദിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.



# സാങ്കേതികവിദ്യയും അടിസ്ഥാന സൗകര്യങ്ങളും

## ഓഫീസുകളുടെ ആധുനികവൽക്കരണം.

എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ തുടങ്ങിയ ആവശ്യമായ യന്ത്രസാമഗ്രികൾ ഉറപ്പുവരുത്തുകയും, പഴയതും കേടായതുമായ ഉപകരണങ്ങൾക്ക് പകരം പുതിയവ സ്ഥാപിക്കുകയും ചെയ്യും. റിക്കാർഡുകൾ ശാസ്ത്രീയമായി സൂക്ഷിക്കുന്നതിന് എല്ലാ ഓഫീസുകളിലും സ്റ്റീൽ കോംപാക്റ്ററുകൾ സ്ഥാപിക്കും. വൈദ്യുതി തടസ്സം മൂലം സേവനങ്ങൾ തടസ്സപ്പെടുന്ന അവസ്ഥ ഒഴിവാക്കുന്നതിന് എല്ലാ ഓഫീസുകളിലും UPS സംവിധാനം കുറ്റമറ്റതാക്കുകയും, കൃത്യമായി തകരാറുകൾ പരിഹരിച്ച്, ബാറ്ററികൾ യഥാസമയം മാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. ഓഫീസുകളിൽ സോളാർ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കും. എല്ലാ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടം ഉണ്ടാകാനുള്ള നടപടികൾ സ്വീകരിക്കും.

## കണക്ടിവിറ്റി

ഇ-രജിസ്ട്രേഷൻ നടപ്പാക്കുന്നതു മുൻനിർത്തി എല്ലാ ആഫീസുകളിലും തടസ്സരഹിതമായി ഉയർന്ന ബാന്റ്വിഡ്ത് ഉള്ള കണക്ടിവിറ്റി ഉറപ്പാക്കും.



# രജിസ്ട്രേഷൻ നടപടികളുടെ ഡിജിറ്റലൈസേഷൻ

സാങ്കേതിക വിദ്യയുടെ പുരോഗതിയും ആധുനിക ലോകത്തിന്റെ ആവശ്യകതകളും പരിഗണിച്ച്, രാജ്യത്ത് ഈ രംഗത്തു നടക്കുന്ന മാറ്റങ്ങളുടെ ചുവടുപിടിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന് വകുപ്പ് ലക്ഷ്യം വയ്ക്കുന്നു.

## പേപ്പർലെസ് രജിസ്ട്രേഷൻ

ആധാരങ്ങൾ ഡിജിറ്റലായി സ്വീകരിച്ച് കക്ഷികളുടെ തിരിച്ചറിയലും സമ്മതവും ഡിജിറ്റലായി തന്നെ നടത്തി രജിസ്റ്ററിംഗ് ഓഫീസർ ഡിജിറ്റൽ സൈൻ ചെയ്ത് ഇ-സീൽ രേഖപ്പെടുത്തി ഓരോന്നിനും UUID നമ്പർ നൽകി ഡിജിറ്റൽ റെപ്പോസിറ്ററിയുടെ ഭാഗമാക്കി രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും പേപ്പർലെസ് ആക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് നടപ്പിലാക്കും.

## ഫേസ്‌ലെസ് രജിസ്ട്രേഷൻ

വലിയ ഒരു പ്രവാസി സമൂഹമുള്ള കേരളത്തിനെ സംബന്ധിച്ച് അനിവാര്യമായും പരിഗണിക്കേണ്ട ഒരു സംവിധാനമാണ് ഫേസ്‌ലെസ് രജിസ്ട്രേഷൻ. രാജ്യത്ത് മറ്റു പല സംസ്ഥാനങ്ങളിലും ഇത് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും. ഒപ്പ് സമ്മതിക്കുന്നതു പോലെയുള്ള നടപടികൾ ഡിജിറ്റലായി നടത്തുമ്പോൾ അതിനുള്ള നിയമസാധുത കൂടി പരിശോധിച്ച് ഫേസ്‌ലെസ് രജിസ്ട്രേഷൻ കേരളത്തിലും നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കും. ഇതിലൂടെ കക്ഷികൾക്ക് രജിസ്റ്ററിംഗ് ആഫീസിൽ നേരിട്ട് ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ നടപടികൾ നടത്തുന്നതിന് സാധിക്കും. ഈ നടപടി പ്രവാസി സമൂഹത്തിന് ആശ്വാസകരമായിരിക്കും.

## ഇലക്ട്രോണിക് പ്രസന്റേഷൻ

പല ഇടപാടുകളും വ്യവഹാരങ്ങളും ഡിജിറ്റലായി മാത്രം നടക്കുന്ന ഇക്കാലത്തും രജിസ്ട്രേഷൻ നടപടികൾ ഡിജിറ്റൽ ഡോക്യുമെന്റുകൾ ഉൾക്കൊള്ളുന്ന തരത്തിൽ പരിണമിച്ചിട്ടില്ല. ഇതു പരിഗണിച്ച് ആധാരങ്ങളുടെ ഇലക്ട്രോണിക് പ്രസന്റേഷനുള്ള സംവിധാനം ഒരുക്കുന്നതാണ്.





## ഡിജിറ്റൈസേഷൻ:

ഓഫീസ് രേഖകൾ, രജിസ്റ്റർ വാല്യങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ രേഖകളും ഡിജിറ്റൈസ് ചെയ്യും. ആധാര രജിസ്ട്രേഷൻ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ഡിജിറ്റൽ റെപ്പോസിറ്ററി സ്ഥാപിക്കുകയും പഴയ ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്ത് റെപ്പോസിറ്ററിയുടെ ഭാഗമാക്കുകയും ചെയ്യും. ഇതിലൂടെ അപേക്ഷ സമർപ്പിക്കുന്നയുടൻ ആധാര പകർപ്പുകൾ പൂർണ്ണമായും ഡിജിറ്റലായി ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. സ്കാൻ ചെയ്ത പഴയ ആധാരങ്ങളിൽ നിന്നും ഡാറ്റ സ്വീകരിച്ച് ഉപയോഗിക്കുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് (AI) ടെക്നോളജിയുടെ സാധ്യതകൾ പരിഗണിക്കും.

## AI സാങ്കേതിക വിദ്യ:

രജിസ്ട്രേഷൻ നടപടികൾ അർട്ടിഫിഷ്യൽ ഇന്റലിജൻസ് സഹായത്തോടെ മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് നടപ്പിലാക്കും ആധാരം തയ്യാറാക്കുന്നതിലും തിരച്ചിലുകൾ നടത്തുന്നതിലും പരാതികൾ കൈകാര്യം ചെയ്യുന്നതിലും AI ഉപയോഗപ്പെടുത്തുക, പരാതികളും അപേക്ഷകളും 24 മണിക്കൂറും കൈകാര്യം ചെയ്യുന്നതിന് ഒരു AI ചാറ്റ്ബോട്ട് സംവിധാനം ഏർപ്പെടുക. ആധാരങ്ങളുടെ മുദ്രവിലയും ഫീസും AI ഉപയോഗിച്ച് ശരിയായി നിർണ്ണയിക്കാവുന്ന സംവിധാനം ഏർപ്പെടുത്തുക എന്ന തെല്ലാം ഇതിലുൾപ്പെടുന്നു.

## ഡിജിറ്റൽ ഡോക്യമെന്റുകളുടെ രജിസ്ട്രേഷൻ

ഡിജിറ്റൽ ഡോക്യുമെന്റുകളുടെ രജിസ്ട്രേഷന് നിലവിലെ ചട്ടങ്ങളെയും വ്യവസ്ഥകളെയും ബാധിക്കാതെ തന്നെ സംവിധാനം ഒരുക്കും. ഇതു നടപ്പിലാക്കുന്നതിലൂടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി പൊതുജനത്തിന് അന്ന് തന്നെ ആധാരം ലഭ്യമാകുന്നു.

## എനിവെയർ രജിസ്ട്രേഷൻ

നിലവിൽ ഒരു ജില്ലയിലെ വസ്തുക്കൾ ജില്ലയിലെ എത് ഓഫീസിലും രജിസ്റ്റർ ചെയ്യാവുന്നതാണ് ആയത് കേരളത്തിലുടനീളമുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ ചെയ്യുവാൻ കഴിയുന്ന വിധത്തിലുള്ള സംവിധാനം ഏർപ്പെടുത്തും. ഇതിലൂടെ കക്ഷികൾക്ക് അവരവരുടെ ഓഫീസ് പരിധിയിൽ തന്നെ കേരള ത്തിലെ ഏതൊരു വസ്തുവും കൈമാറ്റം ചെയ്യാൻ സാധിക്കുന്നതാണ്.

## ദുർബല വിഭാഗങ്ങളുടെ താല്പര്യ സംരക്ഷണം

മുതിർന്ന പൗരന്മാരും ഭിന്നശേഷിക്കാരും ഉൾപ്പടെ സമൂഹത്തിലെ ദുർബല വിഭാഗക്കാരുടെ താല്പര്യ സംരക്ഷണത്തിനായി യുക്തമായ നടപടികൾ സ്വീകരിക്കും. അവർക്കായി ആവശ്യമായ ഭൗതീക സാഹ ചര്യങ്ങൾ ഒരുക്കുകയും ഹെൽപ് ഡെസ്ക്, മുൻഗണനാ കൗണ്ടർ എന്നിവ നടപ്പാക്കുന്നത് പരിഗണിക്കുകയും ചെയ്യും. ക്ഷേമ വകുപ്പുകളുടെ ഡാറ്റബേസ് രജിസ്ട്രേഷൻ പോർട്ടലുമായി ബന്ധിപ്പിച്ച് തട്ടിപ്പ് ഇടപാടുകൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നത് പരിഗണിക്കും.





## ഇ-ഓഫീസ്:

വകുപ്പിലെ എല്ലാ ഓഫീസുകളിലും, സബ് രജിസ്ട്രാർ ഓഫീസുകൾ ഉൾപ്പെടെ, ഇ-ഓഫീസ് സംവിധാനം നടപ്പാക്കി ഫയൽ നീക്കങ്ങൾ വേഗത്തിലാക്കും. ഇതിലൂടെ എല്ലാ ഓഫീസുകളും പേപ്പർലെസ്സ് ഓഫീസുകൾ ആക്കുന്നത് ലക്ഷ്യമിടുന്നു.



## വെബ്സൈറ്റ്:

രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റ് പരിഷ്ക്കരിക്കുകയും മൊബൈൽ സൗഹൃദമാക്കി പൊതുജനങ്ങൾക്ക് എളുപ്പത്തിൽ ഉപയോഗിക്കാൻ കഴിയുന്നതാക്കുകയും ചെയ്യും.



## മൊബൈൽ ആപ്ലിക്കേഷൻ:

വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കാനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കും.

## ഓൺലൈൻ സേവനങ്ങൾ:

അന്വേഷണ ഏജൻസികൾക്കും പൊലീസിനും ആധാര വിവരങ്ങളും വ്യക്തികളുടെ വസ്തു ഇടപാടുകളും സ്വന്തമായി തിരയാനുള്ള സംവിധാനം ഒരുക്കും.



## ന്യായവില:

റവന്യൂ വകുപ്പുമായി യോജിച്ച് ന്യായവില ശാസ്ത്രീയമായി പുനർ നിർണ്ണയിക്കാനുള്ള സംവിധാനം ഒരുക്കുന്നതിന്റെ സാദ്ധ്യതകൾ ആരായും. ഇതോടൊപ്പം ആധാരങ്ങളിൽ കെട്ടിടങ്ങളുടെ വില നിർണ്ണയിക്കുന്നതിനുള്ള കുറ്റമറ്റതായ ഏകീകൃത ഓൺലൈൻ സംവിധാനം നടപ്പിലാക്കും.

## ബയോമെട്രിക് അധിഷ്ഠിത രജിസ്ട്രേഷൻ:

ആൾമാറാട്ടം തടയുന്നതിനായി ബയോമെട്രിക് തിരിച്ചറിയൽ സംവിധാനം ആധാര രജിസ്ട്രേഷന് നടപ്പാക്കും. ആധാർ വെരിഫിക്കേഷൻ, PAN വെരിഫിക്കേഷൻ എന്നിവയെല്ലാം ഓൺലൈനായി നടത്തി ആധാരങ്ങളുടെ ആധികാരികത ഉറപ്പാക്കും.

## ബാധ്യതാ സർട്ടിഫിക്കറ്റുകൾ:

ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഇഷ്യൂ ചെയ്യുന്നതിനൊപ്പം പൊതുജനങ്ങൾക്ക് വസ്തു വിവരങ്ങളും ഇടപാടുകളും ഓൺലൈനായി സ്വയം തിരഞ്ഞു കണ്ടെത്താൻ കഴിയുന്ന സംവിധാനം ഒരുക്കും.

## ചിട്ടി രജിസ്ട്രേഷൻ

- ചിട്ടി നടപടികൾക്ക് മാത്രമായി പുതിയ മാനുവൽ ഉണ്ടാക്കും.
- ചിട്ടി രജിസ്ട്രേഷനും റിട്ടേൺ ഫയലിംഗ് ഉൾപ്പടെയുള്ള തുടർ നടപടികളും ഡിജിറ്റലൈസ് ചെയ്യും. ഇതിനായി കോറൽ സോഫ്റ്റ്‌വെയർ പരിഷ്ക്കരിച്ച് ഓൺലൈൻ ചിട്ടി ഭരണ സംവിധാനം നടപ്പിലാക്കും.

## ഫേംസ്/ ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ

- ഫേംസ് രജിസ്ട്രേഷൻ, നോട്ടീസുകൾ ഫയൽ ചെയ്യൽ, രജിസ്റ്ററുകളുടെയും അക്നോളജ്മെന്റിന്റെയും പകർപ്പുകൾ അനുവദിക്കൽ, തിരിച്ചിൽ തുടങ്ങിയ എല്ലാ സേവനങ്ങളും ഓൺലൈനാക്കുവാൻ നടപടി സ്വീകരിക്കും. അതിലേക്കായി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരും.
- 2019-ന് മുൻപ് രജിസ്റ്റർ ചെയ്ത ഫേമുകളെ സംബന്ധിച്ച വിവരങ്ങൾ കൂടി ഉൾപ്പെടുത്തി സോഫ്റ്റ്‌വെയർ പരിഷ്ക്കരിക്കും.
- ഫോം എ രജിസ്റ്ററിന്റെ പകർപ്പ് അനുവദിക്കുന്നതിന് ഇ-സ്റ്റാമ്പിംഗ് സൗകര്യം പ്രയോജനപ്പെടുത്തും.
- പോലീസ്, ബാങ്കുകൾ, മറ്റ് അന്വേഷണ ഏജൻസികൾ എന്നിവയ്ക്ക് ഫേമുകളെ സംബന്ധിച്ച വിവരങ്ങൾ തിരയാൻ പോർട്ടലിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തും.
- ധർമ്മ സംഘങ്ങളുടെ രജിസ്ട്രേഷനായി ഏകീകരിച്ച **സംഘം രജിസ്ട്രേഷൻ നിയമം 2005** ഈ നിയമസഭാ സമ്മേളനത്തിൽ പാസ്സാക്കിയിട്ടുണ്ട്. അതിന് ചട്ടങ്ങൾ ഉടൻ രൂപീകരിക്കുകയും രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യും. നിലവിലെ സോഫ്റ്റു വെയറിനു പകരം സി-ഡിറ്റുമായി സഹകരിച്ച് പുതിയ സോഫ്റ്റുവെയർ നിർമ്മിക്കും.



## പൊതു വിഷയങ്ങൾ

- നിലവിൽ നാഷണൽ ഇ-ഗവേണൻസ് സർവീസസ് ലിമിറ്റഡ് (NeSL) സഹായത്തോടെ OPEN PEARL സിസ്റ്റവും, ഇ-ട്രഷറി പോർട്ടലും (GRAS) ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ പ്ലാറ്റ്ഫോം അഥവാ DDE യുമായി സംയോജിപ്പിച്ച് ഇ-സ്റ്റാമ്പുകൾ ജനറേറ്റ് ചെയ്ത് വരുന്നുണ്ട്. ഈ DDE പ്ലാറ്റ്ഫോം സൗകര്യം സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി), പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി (പിഎഫ്ആർഡിഎ), ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യ (ഐആർഡിഎഐ) എന്നിവ നിയന്ത്രിക്കുന്ന സ്ഥാപനങ്ങൾക്കായി കൂടി വികസിപ്പിക്കും ഇതു വഴി ഡിജിറ്റൽ ഇടപാടുകളുടെ വ്യാപ്തിയും കേരള സംസ്ഥാനത്തിന് ലഭിക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടിയുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

- കേരള സ്റ്റാർട്ടപ്പ് മിഷൻ സഹായം: 2031-ഓടുകൂടി വകുപ്പിലെ ഇന്റേണൽ ഓഡിറ്റ് ഓൺലൈനായി നടത്തുന്നതിനുള്ള സോഫ്റ്റ്‌വെയർ കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി സജ്ജീകരിക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്കും.

## ആധാരമെഴുത്തുകാരുടെ ലൈസൻസ്

- ലൈസൻസിംഗ് സേവനവും പേൾമുഖേന പൂർണ്ണമായും ഓൺലൈൻ ആക്കുന്നതിന് നടപടി സ്വീകരിക്കും. നിലവിലുള്ള 25,000-ത്തോളം ലൈസൻസുകളുടെ വിവരങ്ങളും ഡിജിറ്റൈസ് ചെയ്ത് അവയുടെ നിയന്ത്രണവും മേൽനോട്ടവും പേൾ മുഖേനയാക്കും. .

- ആധാരം എഴുത്ത് ഫീസ് രസീതും ലൈസൻസികളുടെ രജിസ്റ്ററിന്റെ പരിപാലനവും പൂർണ്ണമായും പേൾ സോഫ്റ്റ്‌വെയർ മുഖാന്തിരമാക്കും.



## ജീവനക്കാരുമായി ബന്ധപ്പെട്ട ശുപാർശകൾ

- ജീവനക്കാരുടെ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പുതിയ ജീവനക്കാർക്കും നിലവിലുള്ള ജീവനക്കാർക്കും സാങ്കേതിക പരിശീലനവും നിയമ പരിശീലനവും നൽകും.

- വകുപ്പിലെ എല്ലാ ജീവനക്കാർക്കും സബ് രജിസ്ട്രാർ ഓഫീസുകളിൽ കുറഞ്ഞത് അഞ്ചു വർഷമെങ്കിലും സേവനം നിർബന്ധമാക്കും.

- ഐടി വിദഗ്ധരുടെ തസ്തിക: കമ്പ്യൂട്ടർ, നെറ്റ്‌വർക്ക് തകരാറുകൾ വേഗത്തിൽ പരിഹരിക്കുന്നതിനായി കമ്പ്യൂട്ടർ വിദഗ്ധരുടെ സ്ഥിരം തസ്തിക വകുപ്പിൽ സൃഷ്ടിച്ച് നിയമനം നടത്തുന്നതിന്റെ സാദ്ധ്യത പരിശോധിക്കും.

## സ്പെഷ്യൽ മാര്യേജ്

- വീഡിയോ KYC, ബയോമെട്രിക് ലൈവ്നെസ് ഡിറ്റക്ഷൻ തുടങ്ങിയ സങ്കേതങ്ങളുടെ സഹായത്തോടെ ആവശ്യമായ പരിശോധനകൾ പൂർത്തിയാക്കി കക്ഷികളുടെ വെർച്വൽ സാന്നിദ്ധ്യത്തിൽ വിവാഹം ഓൺലൈനായി ആശീർവദിക്കുന്നതിനുള്ള സംവിധാനം ഒരുക്കും. വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പുകളിൽ കക്ഷികളുടെ ഫോട്ടോ കൂടി ഉൾപ്പെടുത്തി നൽകുന്നതിന് നടപടി സ്വീകരിക്കും.

## ഓഫീസ് കെട്ടിടങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ

- ഓഫീസുകൾ സ്ത്രീ സൗഹൃദമാക്കുന്നതിനായി എല്ലാ ഓഫീസുകളിലും പാഡ് വെൻഡിംഗ് മെഷീൻ, പ്രത്യേക റെസ്റ്റ് റൂം എന്നിവ ഏർപ്പെടുത്തും.

- ഓഫീസുകളിൽ പൊതുജനങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തും. രേഖകളും ഫയലുകളും അടുക്കോടെയും ചിട്ടയോടെയും സൂക്ഷിക്കുന്നതിനും ഓഫീസ് വൃത്തിയോടെയും ശുചിയായും പരിപാലിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും. രജിസ്ട്രേഷൻ ഓഫീസുകൾ പൊതുജനസൗഹൃദമാക്കുകയും ഐ.എസ്.ഓ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.



ഈ വികസന ദർശനങ്ങൾ രജിസ്ട്രേഷൻ വകുപ്പിന്റെ
കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കാനും
ആധുനികവും കാര്യക്ഷമവും പൗരകേന്ദ്രീകൃതവുമായ
സേവനം പൊതുജനങ്ങൾക്ക് നൽകുന്നതിനും
സഹായകരമാകും എന്ന് വിശ്വസിക്കുന്നു.




കേരള സർക്കാർ
രജിസ്ട്രേഷൻ വകുപ്പ്

നവംബർ 2025